# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2020 ഒക്ടോബർ 22 | ദീപം 53 | നാളം 24 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


WFP
World Food Programme

# വിശപ്പിനു സമാധാനം





സെർജി ആന്റണി

വിശപ്പാണ് ലോകം എന്നും നേരിടുന്ന അടിസ്ഥാനപരമായ പ്രശ്നം. ഒരു വശത്തു സമ്പത്തു കുന്നുകൂടുകയും മറുവശത്ത് ദാരിദ്ര്യം പെരുമ്പറ മുഴക്കുകയും ചെയ്യുന്ന സാഹചര്യത്തിലൂടെയാണ് ലോകം കടന്നുപോകുന്നത്. കോടിക്കണക്കിനു മനുഷ്യർ ഒരു നേരത്തെ ഭക്ഷണത്തിനായി യാചിക്കുന്ന സാഹചര്യവും ലോകത്തുണ്ട്. ഇതേക്കുറിച്ച് ആശങ്കപ്പെടുന്നവരുടെ പ്രവർത്തനങ്ങൾക്കു ലഭിച്ച അംഗീകാരമാണ് ഇത്തവണത്തെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം. വിശക്കുന്നവർക്കു ഭക്ഷണം നൽകുന്നതിലൂടെ ലോകത്തെ കോടിക്കണക്കിനു ജനങ്ങൾക്ക് ആശ്വാസമെത്തിച്ച ലോക ഭക്ഷ്യപരിപാടി-വേൾഡ് ഫുഡ് പ്രോഗ്രാം(ഡബ്ല്യുഎഫ്പി) ആണ് ഇത്തവണ ഈ പുരസ്കാരത്തിന് അർഹത നേടിയിരിക്കുന്നത്.

## എന്താണ് ഡബ്ലിയുഎഫ്പി?

1961 ലാണ് ഈ പദ്ധതിക്കു തുടക്കമിട്ടത്. അമേരിക്കൻ പ്രസിഡന്റായിരുന്ന ഐസനോവറായിരുന്നു ഇത്തരമൊരു പദ്ധതിക്കു ബീജാവാപം ചെയ്തത്. യുദ്ധംമൂലം കടുത്ത സാമ്പത്തികഞെരുക്കവും പട്ടിണിയും അനുഭവിക്കുന്ന രാജ്യങ്ങളിലെ ജനങ്ങളെ സംരക്ഷിക്കാനുള്ള ഈ പദ്ധതി ഐക്യരാഷ്ട്രസഭയിലൂടെ നടപ്പിലാക്കാനായിരുന്നു അമേരിക്കയുടെ നിർദേശം. ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിലുള്ള പല സഹായപദ്ധതികൾക്കും ഏറിയപങ്കും സാമ്പത്തിക പിന്തുണ ലഭിക്കുന്നത് അമേരിക്കൻ ഭരണകൂടത്തിൽനിന്നാണ്. അടുത്ത കാലത്ത് ഇത്തരം സഹായപദ്ധതികൾ വെട്ടിച്ചുരുക്കാൻ ട്രംപ് ഭരണകൂടം എടുത്ത ചില തീരുമാനങ്ങൾ ലോകസമൂഹത്തിൽനിന്നും അമേരിക്കൻജനതയിൽനിന്നും കടുത്ത പ്രതിഷേധം വിളിച്ചുവരുത്തിയിരുന്നു. പ്രധാനമായും അമേരിക്കയുടെ സാമ്പത്തികസഹായത്താൽ പ്രവർത്തിക്കുന്ന ലോകഭക്ഷ്യപരിപാടിയിൽ എൺപതിലേറെ രാജ്യങ്ങളിലെ പത്തുകോടി ജനങ്ങൾക്ക് അന്നമെത്തിക്കാൻ കഴിയുന്നു. ലോകത്തിലെ ഏറ്റവും ബൃഹത്തായ ജീവകാരുണ്യപ്രസ്ഥാനമായ ഡബ്ല്യു. എഫ്.പി. റോം ആസ്ഥാനമായാണു പ്രവർത്തിക്കുന്നത്.

## രണ്ടാം ലോകമഹായുദ്ധം

കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും ദാരുണമായ സംഭവമായിരുന്നു രണ്ടാം ലോകമഹായുദ്ധം. ലോകചരിത്രത്തിലെതന്നെ ഏറ്റവും കലുഷിതമായ കാലഘട്ടം. യുദ്ധാനന്തരകാലത്ത് ലോകത്തിലെ നിരവധി രാജ്യങ്ങളിൽ ഗുരുതരമായ പട്ടിണിയും പരിവട്ടവും പടർന്നുപിടിച്ചു. ഇന്ന് സമ്പന്നതയുടെ മടിത്തട്ടെന്നു കരുതുന്ന യൂറോപ്പിൽപ്പോലും ചപ്പുകൂനകൾക്കിടയിൽനിന്നു വിശപ്പടക്കാനുള്ള വക തേടുന്ന കുട്ടികളെ സൃഷ്ടിച്ച യുദ്ധത്തെക്കുറിച്ചു സഖ്യകക്ഷികളുടെ സുപ്രീം കമാൻഡറായിരുന്ന ജനറൽ ഡ്വൈറ്റ് ഡി. ഐസനോവർതന്നെ വികാരഭരിതനായി സംസാരിച്ചിട്ടുണ്ട്. മനുഷ്യർ മൃഗങ്ങളെക്കാൾ ഹീനരായി മാറിയ നാളുകൾ. യുദ്ധം തകർത്ത രാജ്യങ്ങളിലെ കുട്ടികളുടെ ദയനീയാവസ്ഥ ഐസനോവറെ ചിന്തിപ്പിച്ചു. ആയിരത്തിത്തൊള്ളായിരത്തി അറുപതിൽ ഐസനോവർ രണ്ടാമതും അമേരിക്കയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ വിശപ്പിനെതിരേയുള്ള പോരാട്ടത്തിനൊരു പദ്ധതി നടപ്പാക്കണമെന്ന് ഐക്യരാഷ്ട്രസഭയിൽ അദ്ദേഹം ശക്തമായി വാദിച്ചു.

## വിശപ്പിനെതിരേ ലോകസംഘടന

അമേരിക്കയുടെ മിച്ചഭക്ഷ്യധാന്യങ്ങൾ ലോകത്തിലെ പല ദരിദ്രരാജ്യങ്ങളിലേക്കും ഇതിനുമുമ്പുതന്നെ വിതരണം ചെയ്തുതുടങ്ങിയിരുന്നു. ഭക്ഷ്യകാർഷിക സംഘടനയുടെ (എഫ്എഒ) മാർഗനിർദേശത്തോടെ ഐക്യരാഷ്ട്രസഭയുടെ സംവിധാനങ്ങളുപയോഗിച്ച് ദാരിദ്ര്യം അനുഭവിക്കുന്ന അംഗരാജ്യങ്ങളിലെ ജനങ്ങൾക്കു ഭക്ഷണം ലഭ്യമാക്കാനുള്ള സംവിധാനം സജ്ജമാക്കാൻ ഐസനോവർ യുഎൻ പൊതുസഭയിൽ നടത്തിയ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. എന്നാൽ, ഈ ആഹ്വാനം പ്രാവർത്തികമാകുന്നത് ജോൺ എഫ്. കെന്നഡി അമേരിക്കൻ പ്രസിഡന്റായിരുന്ന സമയത്താണ്. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത ജോർജ് മക്ഗവേൺ ഇക്കാര്യത്തിൽ കെന്നഡിക്കു സഹായിയായി. അങ്ങനെ വേൾഡ് ഫുഡ് പ്രോഗ്രാം നിലവിൽവന്നു.

## ആദ്യവെല്ലുവിളി

ലോകഭക്ഷ്യപദ്ധതി നിലവിൽവന്ന് ഏതാനും മാസങ്ങൾക്കുള്ളിൽ സംഘടന ആദ്യ വെല്ലുവിളി ഏറ്റെടുത്തു. 1962 സെപ്റ്റംബറിൽ വടക്കൻ ഇറാനിൽ ഉണ്ടായ അതിശക്തമായ ഭൂകമ്പമായിരുന്നു ഈ വെല്ലുവിളിക്കു വഴിയൊരുക്കിയത്. പന്ത്രണ്ടായിരം പേർക്കാണ് ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടത്. പതിനായിരക്കണക്കിനാളുകൾ ഭവനരഹിതരായി. പട്ടിണി രാജ്യത്തെ ചൂഴ്ന്നു. ഭക്ഷ്യസംഘടനയുടെ കന്നി സഹായപാക്കേജായ 1,500 ടൺ ഗോതമ്പ്, 270 ടൺ പഞ്ചസാര, 27 ടൺ ചായപ്പൊടി എന്നിവയുമായി സന്നദ്ധപ്രവർത്തകർ അവിടേക്കു കുതിച്ചു. അതായിരുന്നു ഡബ്ല്യു എഫ് പിയുടെ ആദ്യസംരംഭം.

മൂന്നുവർഷത്തേക്കായിരുന്നു സംഘടനയുടെ ആദ്യ പ്രവർത്തനപദ്ധതി വിഭാവനം ചെയ്തിരുന്നത്. ഈ ചെറിയ കാലയളവിനുള്ളിൽത്തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധവും പ്രകൃതിദുരന്തങ്ങളും ചവിട്ടിമെതിച്ച നിരവധി രാജ്യങ്ങളിൽ സംഘടനയുടെ സഹായഹസ്തം ചെന്നെത്തി. തുടർന്ന് പ്രസ്ഥാനത്തെ സ്ഥിരം സംവിധാനമാക്കി മാറ്റി.

## വിശപ്പിനെതിരേ

തുടർന്നുള്ള ദശാബ്ദങ്ങൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ലോകവ്യാപകമായി ശക്തിപ്പെട്ടു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഹായംതേടി കരങ്ങൾ ഉയർന്നു. എല്ലായിടത്തും വേണ്ട വിധത്തിൽ എത്തിപ്പെടാൻ ഏറെ പണിപ്പെടേണ്ടിവന്നു.

2 >



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53 ാം വർഷം

# വിശപ്പിനു സമാധാനം

1–ാം പേജ് തുടർച്ച

ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ എത്യോപ്യയിൽ പടർന്നുപിടിച്ച പട്ടിണിമരണങ്ങൾ വലിയൊരു പരിധിവരെ പിടിച്ചുനിർത്താനും അടുത്ത ദശകത്തിൽ സുഡാനിലെ പട്ടിണിക്കോലങ്ങൾക്കു ഭക്ഷണമെത്തിക്കാനും ലോകഭക്ഷ്യപദ്ധതിയിലൂടെ നടത്തിയ ഇടപെടലുകൾ മാനവരാശിയുടെ മഹനീയദൗത്യമായി മാറി. കാർഗോ ഫ്ളൈറ്റുകളിലും ഒട്ടകങ്ങളുടെ പുറത്തുമൊക്കെ ഭക്ഷ്യവസ്തുക്കൾ വിതരണത്തിനെത്തി. ചില സ്ഥലങ്ങളിൽ യൂണിസെഫ്പോലുള്ള യുഎൻ ഏജൻസികളുടെ കൺസോർഷ്യവും പദ്ധതികളിൽ പങ്കാളികളായി.

**ആറു പതിറ്റാണ്ടുകൾ**

ഡബ്ല്യുഎഫ്പി ആറു പതിറ്റാണ്ടു പിന്നിടുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ ജീവകാരുണ്യപ്രസ്ഥാനമായി മാറിയിരിക്കുന്നു. അടിയന്തരമായി ഭക്ഷ്യവസ്തുക്കൾ ആവശ്യമുള്ളിടത്ത് എത്തിക്കുന്നതിനുപുറമേ ചില സമൂഹങ്ങളിൽ പോഷകാഹാരം എത്തിക്കുന്നതിനും ഇപ്പോൾ സാധിക്കുന്നു. ഇന്ത്യയുൾപ്പെടെ നിരവധി രാജ്യങ്ങളിൽ സ്കൂൾകുട്ടികൾക്കുള്ള ഉച്ചഭക്ഷണപരിപാടിക്കും ഡബ്ല്യുഎഫ്പിയുടെ സഹായം ലഭിക്കുന്നുണ്ട്.

യുദ്ധവും ആഭ്യന്തരകലഹവും രൂക്ഷമായ രാജ്യങ്ങളിലാണ് ദാരിദ്ര്യം കൂടുതലുള്ളത്. ഇത്തരം പ്രദേശങ്ങൾകൂടാതെ പ്രകൃതിദുരന്തങ്ങൾ നേരിട്ട നിരവധി അവസരങ്ങളിലും സംഘടനയുടെ സഹായമുണ്ടായി. 2004 ൽ ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ സുനാമി, 2010 ൽ ഹെയ്തിയിലുണ്ടായ ഭൂകമ്പം, പശ്ചിമാഫ്രിക്കയിലുണ്ടായ എബോള പകർച്ചവ്യാധി തുടങ്ങിയ അവസരങ്ങളിലെല്ലാം സംഘടനയുടെ സഹായമെത്തിച്ചു. പ്രതിസന്ധിമേഖലകളിൽ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുന്നതിനും ഇവർ ശ്രമിച്ചു.

**അർഹതയ്ക്ക് അംഗീകാരം**

സംഘടനയ്ക്കാണു സമ്മാനമെങ്കിലും ഇതിലൂടെ ആദരിക്കപ്പെടുന്ന അനേകം വ്യക്തികളുണ്ട്, ഡബ്ല്യുഎഫ്പിയുടെ സജീവസംഘാടകരും സന്നദ്ധപ്രവർത്തകരും. തികച്ചും ദുർഘടമായ സാഹചര്യങ്ങളിലൂടെയാണവർ ദുരിതബാധിതമേഖലകളിൽ സഹായമെത്തിക്കുന്നത്, ചിലപ്പോൾ ജീവൻപോലും പണയംവച്ചുകൊണ്ട്.

ലോകഭക്ഷ്യസംഘടനയുടെ പ്രഥമ തലവൻ ജോൺ ബോയ്ഡ് ഒർ പ്രഭുവിനും 1949 ൽ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ചിരുന്നു. ശൂന്യമായ ഉദരമുള്ളിടത്ത് സമാധാനം സംസ്ഥാപിതമാവില്ലെന്ന അദ്ദേഹത്തിന്റെ അന്നത്തെ പ്രതികരണത്തിന് ഇന്നും പ്രസക്തിയുണ്ട്. കലാപങ്ങളും കാർഷികരംഗത്തെ അസ്വസ്ഥതകളും പരിസ്ഥിതിത്തകർച്ചയ്ക്കു കാരണമാകുന്ന അശാസ്ത്രീയ വികസനപദ്ധതികളും ആഗോളവത്കരണത്തിന്റെ അമിതലാഭാസക്തിയുമൊക്കെ വിശപ്പിനു വഴിതെളിക്കുന്നതും ലോകത്തെ ദാരിദ്ര്യത്തിലേക്കു തള്ളിവിടുന്നതുമാണ്.

**അതിജീവനം അതികഠിനം**

വിശപ്പിൽനിന്നു മാനവരാശിയെ മോചിപ്പിക്കാൻ കഠിനശ്രമം നടത്തുന്ന ഡബ്ല്യു.എഫ്.പി.യും അതിജീവനത്തിനായി പൊരുതേണ്ട സാഹചര്യമാണുള്ളത്. സംഘടനയ്ക്കുള്ള സാമ്പത്തികസഹായത്തിൽ വലിയ ശോഷണമാണുണ്ടായിരിക്കുന്നത്. ലോകമെമ്പാടും ഇപ്പോൾ നടത്തുന്ന ദാരിദ്രോച്ചാടനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ നാനൂറു കോടി ഡോളറിന്റെ കുറവാണ് ഈ ഭക്ഷ്യസംഘടന ഇപ്പോൾ നേരിടുന്നത്. സംഘടനയ്ക്കു സ്ഥിരമായി സംഭാവന നൽകിയിരുന്ന ചിലർ അതു നിറുത്തിയതായി കഴിഞ്ഞ ഏപ്രിലിൽ ഭാരവാഹികൾ അറിയിച്ചിരുന്നു. നിലവിൽ 2021 മാർച്ച് വരെയുള്ള ഭക്ഷ്യസഹായം മാത്രം തടസംകൂടാതെ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ 50 കോടി ഡോളർ അടിയന്തരമായി ലഭ്യമാകണമെന്നാണ് സംഘടനയുടെ നടത്തിപ്പുകാർ പറയുന്നത്.

കൊവിഡ്വ്യാപനം ലോകത്തിലെ ദാരിദ്യസൂചികയിൽ അപായകരമായ കുതിപ്പു രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ സംഘടനയുടെ നിലനില്പ് അത്യന്താപേക്ഷിതമാണ്. കലാപകലുഷിതമായ സിറിയയിൽ മാത്രം 46 ലക്ഷം ജനങ്ങളാണ് ഇവരുടെ ഭക്ഷണസഹായത്തിൽ ജീവൻ നിലനിറുത്തുന്നത്. യെമനിൽ 130 ലക്ഷം ജനങ്ങളാണ് സംഘടനയുടെ ഭക്ഷണസഹായത്തിൽ ജീവിക്കുന്നത്. രാജ്യത്തെ ജനസംഖ്യയുടെ പകുതിവരും ഇത്. പല വികസ്വരരാജ്യങ്ങളുടെയും വികസനസ്വപ്നങ്ങളുടെമേൽ കൊവിഡ് കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. അതിൽ ഇന്ത്യയും ഉൾപ്പെടുന്നു.

**കൂട്ടായ്മ ശക്തിപ്പെടണം**

പല കാര്യങ്ങളിലും ഐക്യരാഷ്ട്രസംഘടനയുടെ പ്രസക്തി കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന വിമർശനമുയരുന്ന സാഹചര്യത്തിൽ ഈ ലോകസംഘടയുടെയും അതിന്റെ പോഷകപ്രസ്ഥാനങ്ങളുടെയും നിലനില്പും ശക്തീകരണവും ഏറെ പ്രസക്തമാണ്. യുദ്ധസന്നാഹങ്ങൾക്കായി വൻശക്തികളും യുദ്ധമോഹികളായ ഭരണാധികാരികളും ചെലവഴിക്കുന്ന പണത്തിന്റെ ചെറിയൊരു വിഹിതമെങ്കിലും മനുഷ്യരുടെ വിശപ്പടക്കാൻ മാറ്റിവയ്ക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ നേതൃത്വം വഹിക്കാൻ യുഎന്നിനു കഴിയണം. ലോകത്തിലെ പത്തു മനുഷ്യരിൽ ഒരാൾ എന്ന കണക്കിൽ മതിയായ ഭക്ഷണം കിട്ടാത്തവർ ഇപ്പോഴുമുണ്ടെന്ന ഡബ്ല്യുഎഫ്പിയുടെ കണക്ക് ആശങ്കാജനകമല്ലേ? ഇവിടെയാണ് ലോകസമൂഹത്തിന്റെ ഐകദാർഢ്യവും പൊതുസഹകരണവും പ്രസക്തമാകുന്നത്.




കൊവിഡ് വ്യാപനം ലോകത്തിൽ ദരിദ്രരുടെ എണ്ണം ഇരട്ടിയാക്കുമെന്നാണു ഡബ്ല്യുഎഫ്പി കണക്കാക്കുന്നത്. ഇവിടെയാണ് പ്രതിരോധമരുന്നിനെക്കാൾ ഭക്ഷണത്തിനു പ്രാധാന്യം ഉണ്ടാവുന്നത്. ഭക്ഷണമാണു മികച്ച പ്രതിരോധമെന്ന് നൊബേൽ സമാധാനഫലകത്തിൽ രേഖപ്പെടുത്തിയതും അതുകൊണ്ടാകാം. കൊവിഡ് കാലത്ത് 120 രാജ്യങ്ങളിലാണ് ഡബ്ല്യുഎഫ്പിയുടെ സേവനം ലഭ്യമായിരുന്നതെന്നോർക്കണം.

**നാളെയും പ്രസക്തം**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രസക്തി വർധിക്കുകയാണ്. യുദ്ധവും കലാപവും രാജ്യങ്ങളെയും ജനതകളെയും ദരിദ്രമാക്കുന്നു. അരക്ഷിതാവസ്ഥയിൽ കഴിയുന്ന ജനങ്ങൾ ഭീതിയിലാവുമ്പോൾ ദാരിദ്ര്യം അവരെ കൂടുതൽ ദുർബലരാക്കുന്നു. സിറിയയും യെമനും അഫ്ഗാനിസ്ഥാനുമൊക്കെ കടന്നുപോകുന്ന സമകാലികസാഹചര്യങ്ങളും ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രസക്തി കൂടുതൽ വർധിപ്പിക്കുന്നു. സുഡാനും നൈജീരിയയും കോംഗോയും ബുർക്കിനോഫാസയും തുടങ്ങി നിരവധി രാജ്യങ്ങൾ ഈ പട്ടികയിലുണ്ട്.

കാലാവസ്ഥാവ്യതിയാനവും കൊവിഡുമൊക്കെ സമ്പത്തികഞെരുക്കത്തിനും കാർഷികമേഖലയുടെ തകർച്ചയ്ക്കും ആക്കം കൂട്ടും. ഡബ്ലിയുഎഫ്പിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡേവിഡ് ബെസ്ലി ചൂണ്ടിക്കാട്ടുന്നതുപോലെ ലോകത്തെ എഴുന്നൂറു കോടിയിലേറെ വരുന്ന ജനങ്ങൾക്കും വിശപ്പില്ലാതെ സമാധാനപരമായി ജീവിക്കാനുള്ള അവകാശമുണ്ട്. സമാധാനമില്ലാതെ വിശപ്പുരഹിതലോകം കെട്ടിപ്പടുക്കാനാവില്ല. വിശപ്പുള്ളിടത്തോളംകാലം സമാധാനപരമായൊരു ലോകവുമുണ്ടാകില്ല. ■



കവിത

ളാക്കാട്ടൂർ പൊന്നപ്പൻ

## തനിക്കുതാൻ

എന്നെ ഞാൻതന്നെയുണർത്തണ, മെങ്കിലേ
ഞാനെന്ന വ്യക്തിയുണർന്നെണീക്കൂ
എന്നെ ഞാൻ താങ്ങിക്കൊടുക്കണെ,മെങ്കിലെ
ഞാനെന്ന താന്തൻ നടക്കയുള്ളൂ.
എന്നെ ഞാൻതന്നെ തുണയ്ക്കണെ,മെങ്കിലേ
മുന്നിലായ് വന്നു പ്രശോഭിച്ചിടൂ.
ഞാനെന്റെയുള്ളിലെ കവിയെയുണർത്തണ-
മെങ്കിലേ കാവ്യങ്ങൾ നാവിൽ വരൂ.
ഞാനെന്റെ കാവ്യങ്ങൾ വേദിയിൽ ചൊല്ലണ-
മെങ്കിലേ നാലാളു കേൾക്കയുള്ളൂ.
എൻ ബയോഡേറ്റയേ ഞാനെഴുതീടണ-
മെന്നിട്ടു ഞാൻതന്നെ വായിക്കണം.
അപ്പൊഴേ ഞാനെന്ന ജീവിയീ ഭൂമിയിൽ
ജീവിച്ചിരിക്കുന്നതായറിയൂ.
പിന്നീടു കാവ്യങ്ങളൊന്നുമേ പോകാതെ
നന്നായിപ്പുസ്തകമാക്കിക്കൊണ്ടേ
ചുമ്മാ കൊടുക്കണമെല്ലാർക്കുമെങ്കിലേ
സമ്മതനാം കവിയായി മാറൂ.
പിന്നീടു 'സീഡി'യിൽ സ്വന്തമായ്പ്പാടിയും
കർണ്ണങ്ങൾ തോറുമിടിച്ചുകേറ്റി
നാട്ടാർക്കു ശല്യം വിതച്ചാലേ ഗായക-
കവിയെന്ന പേരുമെനിക്കു കിട്ടൂ.
ഗാലറിയുണ്ടാക്കി ഞാനെന്റെ പുസ്തകം
മാലോകർ മുന്നിൽ നിരത്തിയാലും
ഫേസ്ബുക്കിൽ, വാട്സാപ്പിൽ കേറിമറിഞ്ഞാലേ
ലൈക്കും കമന്റും ലഭിക്കയുള്ളൂ.
പത്രങ്ങൾ, ടിവിയും, പാർട്ടിപ്രമുഖരു-
മെത്രയുമേറെപ്പുകഴ്ത്തിയാലേ
പാരിന്റെ മൂലയിലെങ്ങോ കഴിയുന്ന
പാവമീക്കവിയെയറികയുള്ളൂ.
ഞാനെന്റെ പേരിലവാർഡൊരുക്കീടണ-
മെന്നിട്ടതുപോയി വാങ്ങിയാലേ
ആഹാ! പുരസ്കാരജേതാവെന്നുള്ളപേർ
ആകാശത്തോളമുയർന്നുവരൂ.

# ഇരുൾവഴിയിലെ കനൽ

**2020 ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനത്തിനർഹയായ ലൂയിസ് ഗ്ലിക്കിന്റെ സാഹിത്യലോകത്തിലേക്ക് ഒരു എത്തിനോട്ടം**



ഡോ. സിബി ജയിംസ്

**കാ**മനകളുടെ കവനമാണ് കവിത. നിഷിദ്ധമോ നിഷേധിക്കപ്പെട്ടതോ ആയ അഭീപ്സകളെ ഉദാത്തീകരിക്കുന്ന മനോവൃത്തിയുടെ സൃഷ്ടിയാണത്. നിവർത്തിതമാകാതെ മൃതിയെ പുൽകുന്ന തൃഷ്ണകളുടെ പുനർജനി സംഭവിക്കുന്ന വാക്കിന്റെ മറുകരയിലാണതിന്റെ സ്ഥാനം. മനുഷ്യചോദനകൾക്കു നിതാന്തമായ നിലനില്പാണ് കവിത നല്കുന്നത്. ജീവിതം ഏല്പിക്കുന്ന ആഘാതങ്ങളും അവയുടെ സംഭീതസ്മരണകളും മർത്ത്യഗാത്രത്തിൽനിന്നു ഭാഷാന്തരീകൃതമായി അനശ്വരതയെ പ്രാപിക്കുന്ന അയുക്തികതയാണ് കവിതയുടെ യുക്തി. രതിയുടെ ഇരുട്ടിൽ, മൃതിയുടെ തണുപ്പിൽ, കനൽവെട്ടമായി മാറിയ മൊഴി ചിതറിയ പൊരികളാണ് 2020 ലെ സാഹിത്യനോബേൽ ജേത്രി ലൂയിസ് ഗ്ലിക്കിന്റെ പണിയാല തൂവിയത്.

1943 ൽ ന്യൂയോർക്കിലാണ് ഗ്ലിക്ക് ജനിച്ചത്. ബാല്യകൗമാരങ്ങൾ ചെലവഴിച്ചത് ലോങ് ഐലന്റിലും. വിദ്യാർത്ഥിയായിരിക്കേ അനോറെക്സിയ നെർവോസ എന്ന മനോനിലയ്ക്ക് അടിപ്പെട്ടു ഗ്ലിക്ക്. അമേദസ്ക ശരീരം കൈവരിക്കാനുള്ള അമിതാഗ്രഹംമൂലം ഭക്ഷണത്തോട് തീവ്രവിരക്തി പ്രകടിപ്പിക്കുന്ന അവസ്ഥയാണിത്. മൃതിഹേതുകംപോലുമായി ഇതു മാറാം. വിദഗ്ധചികിത്സ ഇതിൽനിന്ന് ഗ്ലിക്കിന് വിടുതൽ നേടിക്കൊടുത്തുവെങ്കിലും ബിരുദപഠനം പൂർത്തിയാക്കാതെ സർവ്വകലാശാല വിടേണ്ടിവന്നു. ഭക്ഷണം കഴിക്കാൻ നിർബന്ധിക്കുന്ന അമ്മയോടും സ്വന്തം ശരീരത്തോടുമുള്ള തീവ്രകലഹത്തിൽനിന്നാണ് ഗ്ലിക്കിലെ കവി പിറന്നത്. തികച്ചും പെണ്ണുടലുമായി ബന്ധപ്പെട്ട ഒരു രോഗമാണ് അനോറെക്സിയ. സ്ത്രീശരീരത്തിന്റെ ജൈവവാസനകളും അവയുടെ ഭ്രംശപഥങ്ങളുമാണ് പിന്നീട് ഗ്ലിക്കിന്റെ കവിതകളുടെ അടിസ്ഥാനപ്രമേയമായത്. 1901 ൽ തുടങ്ങിയ സാഹിത്യനൊബേൽ പുരസ്കാരം നേടിയവരിൽ ഇതുവരെ 16 സ്ത്രീകൾ മാത്രമാണുള്ളത്. അതിൽ നാലുപേർ ഇക്കഴിഞ്ഞ ഒരു ദശകത്തിനുള്ളിലായിരുന്നു എന്നതറിയുമ്പോഴാണ് നൊബേൽ നൽകുന്ന സ്വീഡിഷ് അക്കാദമിയുടെ വീക്ഷണം ഏതളവോളം ലിംഗനീതിക്കനുഗുണമായി മാറിക്കഴിഞ്ഞു എന്നു നാം അറിയുന്നത്. ആത്മഘനം നിറഞ്ഞ പെണ്ണറിവുകളും പെണ്ണനുഭവങ്ങളും കൊച്ചുകവിതകളിലൂടെ, പുരാണങ്ങളുടെ പുനരാഖ്യാനത്തിലൂടെ, ഭഗ്നബന്ധങ്ങൾ, മരണം തുടങ്ങിയ അടിസ്ഥാന അസ്തിത്വനോവുകളിലൂടെ പകർത്തിയ, അമേരിക്കയ്ക്കു പുറത്ത് പൊതുവെ അപരിചിതയായിരുന്ന, സ്വന്തം കവിതകൾ ഏറെ ഭാഷകളിലേക്കൊന്നും വിവർത്തനം ചെയ്യപ്പെട്ടിട്ടില്ലാത്ത, നൊബേൽ പ്രതീക്ഷിക്കപ്പെട്ട പേരുകളിലൊന്നും ഉൾപ്പെടാതിരുന്ന ലൂയിസ് ഗ്ലിക്കിന് അവാർഡു ലഭിച്ചപ്പോൾ ലോകം അമ്പരക്കാതിരുന്നതും ഈ രാഷ്ട്രീയ പരിസരം കാരണമാണ്.

ആത്മനിഷ്ഠവും ഭാവസാന്ദ്രവുമാണ് ഗ്ലിക്കിയൻ രചനകൾ. വിഷാദം, ഏകാന്തത തുടങ്ങിയ ചിരന്തനമാനവികവിഷയങ്ങളാണ് സ്ത്രൈണപ്രജ്ഞയുടെ മാസ്മരികതയോടെ ഗ്ലിക്ക് കവനവിഷയമാക്കുന്നത്. ഗ്രീക്ക്, ലാറ്റിൻ പുരാണങ്ങളെയും ബൈബിൾ പഴയനിയമത്തെയുമൊക്കെ കൂട്ടുപിടിച്ചാണ് തികച്ചും വ്യക്തിനിഷ്ഠമായ പ്രശ്നങ്ങളെ അങ്ങേയറ്റം അവൈയക്തികവും സാർവ്വത്രികവുമാക്കി കവി മാറ്റുന്നത്. റഷ്യയിൽനിന്നും ഹംഗറിയിൽനിന്നുമായി അമേരിക്കയിലേക്കു കുടിയേറിയ യഹൂദകുടുംബങ്ങളിൽ പിറന്നവരാണ് ഗ്ലിക്കിന്റെ മാതാപിതാക്കൾ. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയ ഗ്ലിക്ക് ഇന്ന് ലോകപ്രശസ്ത സർവ്വകലാശാലയായ യെയ്‌ലിൽ ഇംഗ്ലീഷ് കവിതയുടെ പ്രൊഫസറാണ് എന്നത് ചരിത്രത്തിന്റെ വിരോധാഭാസം. രണ്ടു വിവാഹമോചനങ്ങൾ അവരുടെ മനസ്സിലേല്പിച്ച മുറിപ്പാടുകൾ ഒട്ടനവധി കവിതകളിൽ നമുക്കു വായിച്ചെടുക്കാനാവും. തന്റെ പിതാവിന്റെ മരണം ഏല്പിച്ച ആഘാതം കവിതയായി തുളുമ്പിയപ്പോൾ ജനിച്ച കവിതാസമാഹാരമാണ് 'അറാറത്ത്'. ഉത്പത്തിപ്പുസ്തകത്തിൽ പ്രളയാഖ്യാനം ഉപജീവിച്ച് വിരചിതമായ ആ ഗ്രന്ഥം വിശേഷിപ്പിക്കപ്പെട്ടത് അമേരിക്കൻ കവിത കാൽനൂറ്റാണ്ടിനിടെ കണ്ട ഏറ്റവും വന്യവും വിഷാദഭരിതവുമായ കവിതകൾ എന്നാണ്. ഫസ്റ്റ് ബോൺ, ദ് വൈൽഡ് ഐറിസ്, ദ് ട്രയംഫ് ഓഫ് അക്കില്ലീസ്, അവേർണോ തുടങ്ങി പന്ത്രണ്ട് കാവ്യസമാഹാരങ്ങളും ഏതാനും ലേഖനസംഹിതകളും ഗ്ലിക്കിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. പുലിറ്റ്സർ സമ്മാനവും നാഷണൽ ബുക്ക് അവാർഡും മുതൽ ഇപ്പോൾ നൊബേൽ വരെ അനേകം പുരസ്കാരങ്ങളും അവർ കരസ്ഥമാക്കിയിട്ടുണ്ട്.

അലങ്കാരരഹിതമായൊരു കഠിനതയാണ് ഗ്ലിക്ക് കവിതകളുടെ മുഖമുദ്ര. ഭാവതീവ്രമായൊരു മുറുക്കം അവയ്ക്കുണ്ട്. ഇക്കാര്യത്തിൽ എമിലി ഡിക്കിൻസൻ, സിൽവിയ പ്ലാത്ത് തുടങ്ങിയ പെൺകവികളുടെ രചനാരീതി പിൻപറ്റുന്നുണ്ട് ഗ്ലിക്ക്. രതി, മൃതി തുടങ്ങിയവയെക്കുറിച്ചുള്ള തുറന്നെഴുത്തുകൾ പലപ്പോഴും 'കുമ്പസാരകവിത' എന്ന സംജ്ഞ ഗ്ലിക്കിന്റെ കവിതകൾക്കു നേടിക്കൊടുത്തു. പ്ലാത്ത്, ബെറിമാൻ, സെക്സ്റ്റൻ, ലവൽ തുടങ്ങിയ ഏറ്റുപറച്ചിൽ കവികളുടെ ചില സങ്കേതങ്ങൾ ഉപയോഗിക്കുകമൂലമാണിത്. പുറമെ നിഷ്കളങ്കവും പ്രസന്നവും എന്നു തോന്നുന്ന കവിതകളിൽപ്പോലും ഇരുട്ടുപരന്നൊരു മൃത്യുബോധം നിഗൂഹനം ചെയ്തിട്ടുണ്ട്. 'അക്കില്ലീസിന്റെ വിജയം' എന്ന കവിത ഗ്രീക്ക് വീരൻ അക്കില്ലീസിന്റെയും തോഴൻ പട്രോക്ലസിന്റെയും ഹൃദയബന്ധമാണ് വരച്ചുകാട്ടുന്നത്. ഒരേ പടച്ചട്ടയിട്ടാണ് രണ്ടുപേരും മൃതിയെ പുൽകുന്നത്. പക്ഷേ, ശീർഷകം പ്രതിനിധാനം ചെയ്യുന്ന വിജയം അക്കില്ലീസിന്റെ മരണമാണ്. അഭിഹനനത്തിനു വിധേയമാവുകവഴി ഒരു പൂർണ്ണമർത്ത്യനാകുന്നു എന്നതാണ് ഇവിടെ വിജയത്തിന്റെ രഹസ്യം. അജ്ഞയോഗ്യമെന്ന് കുമാരനാശാൻ വിളിച്ച ആത്മപരിപീഡനം ഗ്ലിക്കിന്റെ കവിതകളിൽ മൂർച്ചയേറിയ ഒരു ആയുധമായി പ്രയുക്തമാകുന്നത് നാം കാണുന്നു. ആത്മഖണ്ഡനത്തിനും ആത്മവ്യവച്ഛേദനത്തിന് ഉതകുന്നൊരു രൂക്ഷശാസ്ത്രമാണത്. ഐതിഹ്യങ്ങളിൽനിന്നു കടംകൊള്ളുന്ന കഥാപാത്രങ്ങളോരോന്നും തീവ്ര ആത്മനിഷ്ഠയുടെ മുഖംമൂടികളാണ്. പാതാളരാജാവായ പ്ലൂട്ടോ എന്ന മൃത്യുദേവൻ തട്ടിക്കൊണ്ടുപോകുന്ന പെഴ്സിഫോനി മനുഷ്യവംശത്തിന്റെ അബോധത്തിലുറയുന്ന കുറ്റബോധം ഉറഞ്ഞുകൂടി ഉണ്ടായതാണ് എന്നാണ് ധ്വനിഭംഗിയോടെ ഗ്ലിക്ക് പറയുന്നത്. അമ്മയായ പ്രകൃതീദേവിയിൽനിന്നാണവൾ ഒളിച്ചുകടത്തപ്പെടുന്നത്. 'അവേർണോ' എന്ന കവിതാസമാഹാരത്തിന്റെ തലക്കെട്ടിന്റെ അർത്ഥംതന്നെ നരകകവാടം എന്നാണ്. ദാന്തെയുടെ ഡിവൈൻ കോമഡിയിലെ ഇൻഫേർണോയെ ഓർമ്മിപ്പിക്കുന്നുണ്ട് ഇത്. കാല്പനികതയെ കൂട്ടുപിടിച്ച് അതേ കാല്പനികതയെ തലകീഴായി നിർത്തുന്നൊരു കൗശലത്തിനുടമയാണീ കവി. 'അറാറത്തി'ൽ പൂക്കളെക്കുറിച്ചു പറയുന്നത് 'അനുശോചനസൂചിയായൊരു ഭാഷയാകുന്നു പൂക്കൾ' എന്നാണ്.



ലൂയിസ് ഗ്ലിക്ക്

'പരിതോവസ്ഥകളോടുള്ള പ്രതികാരം' എന്നാണ് ഒരു നിരൂപകൻ ഗ്ലിക്കിന്റെ കവിതകളെ വിശേഷിപ്പിച്ചത്. തീക്ഷ്ണവും പരുഷവുമായ ഒരു ലാവണ്യമാണ് അവയുടേത്. 2003 ൽ അമേരിക്കയുടെ ആസ്ഥാനകവിപ്പട്ടം അവർ നേടിയതും ഈ തമോഭയ ഉന്മാദത്തിന്റെ സംരചനകളിലൂടെയാണ്. മനുഷ്യമനസ്സിന്റെ അധോതലങ്ങളിലേക്കു വർണ്ണരാജി വീശാനുള്ള പ്രിസമാണ് ഗ്ലിക്കിന് പുരാണകഥകൾ. ഡൈഡോ, യുറീഡിസി തുടങ്ങിയ ഇതിഹാസകഥാപാത്രങ്ങൾ പീഡിതവും പരിത്യക്തവുമായ പെൺമയുടെ നേർപ്രതീകങ്ങളായാണ് ഗ്ലിക്കിന്റെ തൂലികത്തുമ്പിൽനിന്ന് ഉയിർകൊള്ളുന്നത്. ദൃഢബന്ധങ്ങളുടെ ചൂടും ചൂരും നോവും ചവർപ്പും കയ്പുമൊക്കെ നിറയുന്നുണ്ട് ഈ കവിതകളിൽ. 'ഞാൻ ജീവൻ വയ്ക്കുന്നത് കവിതയിലാണ്' എന്ന് ഗ്ലിക്ക് പറയുന്നു. മനസ്സിനെ മൂടുന്ന കരിനിഴലിനെക്കുറിച്ച് അവർ എഴുതുന്നു: "പ്രതീക്ഷയേകുന്നതെന്തെന്നാൽ, ഇതിനെ നിങ്ങൾ മറികടന്നാൽ മറുപുറത്ത് കവിതയുണ്ട്. 'മഞ്ഞുതുള്ളികൾ' എന്ന കവിതയിലെ ഒരു ശകലം ഇങ്ങനെ: "എന്റെമേലമരുന്ന ഭൂമിയെ അതിജീവിക്കാമെന്ന മോഹമെനിക്കുണ്ടായിരുന്നില്ല... അതേ, ഞാൻ ഭയന്നിരുന്നു. പക്ഷേ, ഞാനിതാ വീണ്ടും നിങ്ങളോടൊപ്പം, കരഞ്ഞുകൊണ്ടാണെങ്കിൽക്കൂടിയും, ആനന്ദം അപകടപ്പെടുത്തിക്കൊണ്ടാണെന്നുവരുകിലും, ഞാനിതാ പുതുലോകത്തിന്റെ മെരുങ്ങാക്കാറ്റിനൊപ്പം." വിപ്ലവാത്മകമായ പരിണതിയുടെയും പുനർജനിയുടെയും കഥയാണിവിടെ പറയുന്നത്. ശൈത്യത്തിനു ശേഷം ജീവന്റെ മായികമായ മടങ്ങിവരവിനെയാണ് ഇവിടെ ബിംബവത്കരിക്കുന്നത്. മൂർച്ചയേറിയ നർമ്മം ഇവിടെ മേമ്പൊടിയായി ചാലിച്ചിട്ടുണ്ട്. സൂക്ഷ്മവായനയിലേ അത് നിർദ്ധാരിതമാകൂ എന്നുമാത്രം.

ലൂയിസ് ഗ്ലിക്കിന്റെ രചനകളുടെ സാമാന്യസ്വഭാവം നിരീക്ഷിക്കുവാൻ രണ്ടു കവിതകൾ ഒന്നെടുത്തു വായിക്കാം. 'മുങ്ങിമരിച്ച കുട്ടികൾ' എന്ന കവിതയിൽ, ഒരു ദ്രഷ്ടാവ് മഞ്ഞുപാളികൾ മൂടിയൊരു കുളത്തിൽ വീണു മരിച്ച കുട്ടികളെക്കുറിച്ച് തന്റെ അഭിപ്രായം പറയുകയാണ്. പൊടിഞ്ഞമരുന്ന മഞ്ഞുകട്ടയുടെ നിസ്സംഗതയോടെ, തണുത്ത നിർമ്മമതയോടെ, വായനക്കാരിയെ നേരിട്ട് അഭിസംബോധന ചെയ്തുകൊണ്ട് ഈ കാണി പറയുന്നു, "കാര്യങ്ങൾ വിലയിരുത്താനുള്ള ശേഷി അവർക്ക് അശേഷമില്ല. അതിനാൽ അവർ മുങ്ങിമരിക്കുക എന്നത് തികച്ചും സ്വാഭാവികം." കുളത്തിലെ ജലം അല്പനേരം തന്റെ കരങ്ങളിൽ അവരെ താങ്ങിനിർത്തിയെങ്കിലും വെള്ളത്താൽ വിഴുങ്ങപ്പെടാനായിരുന്നു അവരുടെ വിധി. 'തുടക്കത്തോടു തൊട്ടടുത്തായിരുന്നു അവർ എന്നതിനാൽ മരണം വ്യത്യസ്തമായാവും അവരുടെ പക്കലേക്കു വന്നത്'' എന്നു പറയുമ്പോൾ, ജനിച്ച് ഏറെക്കാലം കഴിയും മുമ്പേ വന്ന മരണത്തിന്റെ വ്യതിരിക്തഭാവമാണ് കവി ദ്യോതിപ്പിക്കുന്നത്. നീലവും നിത്യവുമായ ജലത്തിൽ ആണ്ടുപോയ ശിശുക്കളോട് 'വീട്ടിലേക്കു വരൂ' എന്നാണ് കവി പറഞ്ഞുനിർത്തുന്നത്.

'കള്ളമധുരനാരങ്ങകൾ' എന്ന കവിതയെ പെണ്ണെഴുത്തിന്റെ ആഗോളഗീതം എന്നാണു വിശേഷിപ്പിക്കുന്നത്. 'മോക്ക് ഓറഞ്ച്' എന്നത് ഓറഞ്ചുപുഷ്പങ്ങളെ ഓർമ്മിപ്പിക്കുന്ന, എന്നാൽ, ഓറഞ്ചുമായി ഒരു ബന്ധവും ഇല്ലാത്തൊരു ചെടിയാണ്. ഒരു പല്ലിറുമ്മും സ്വരമാണീ കവിതയ്ക്ക്. ആൺകോയ്മയുടെ വസ്തുവത്കരണത്തിനു വിധേയപ്പെടുന്ന സ്ത്രീലൈംഗികതയെ കള്ള ഓറഞ്ചായി കവി വിവക്ഷിക്കുന്നു. യഥാർത്ഥ അനുഭൂതി ഇവിടെ അന്യമാണ്. വക്താവ് തോഴിയോടു പറയുന്നു, നിലാവല്ല ഇന്നീ മുറ്റം വെളിച്ചംകൊണ്ടു നിറയ്ക്കുന്നത്, കള്ള മധുരനാരങ്ങപ്പൂക്കളാണ്. 'ഞാനവയെ വെറുക്കുന്നു' എന്ന അതിശക്തമായൊരു വിളംബരമാണ് പിന്നെ. പ്രണയനിലാവെന്ന വ്യാജേന പ്രസരിക്കുന്ന ആണധികാരമാണ് ഈ വെറുപ്പിന്റെ വിഷയം. പച്ചയായി കാര്യം പറയുകയാണിനി: "ലൈംഗികബന്ധത്തെ വെറുക്കുന്നതുപോലെ ഞാനവയെ വെറുക്കുന്നു." തന്റെ വദനം അടച്ചു മുദ്രവയ്ക്കുന്ന പുരുഷവദനത്തെ സ്ത്രീ എന്നും നേരിട്ടുപോരുന്ന നിശ്ശബ്ദയാക്കപ്പെടലായാണ് ശ്രോതാവ് ഗ്രഹിക്കുന്നത്. സ്വന്തം കവിതയാകുന്ന സ്വരഭേരിയിലൂടെ അതിനെ ഭേദിക്കലാകുന്നു പെൺകവികർമ്മം. ലിംഗദ്വന്ദ്വത്തിനുള്ളിൽ ബന്ധിതമായിപ്പോയ പെൺമൊഴിയുടെ വീണ്ടെടുപ്പാണിത്. പരിക്ഷീണ ദ്വന്ദ്വങ്ങളൊക്കെയും തകർന്നടിയുന്നു ഈ ശക്തിക്കു മുൻപിൽ. "ആ മണം ഈ ലോകത്തിൽ തങ്ങിനിൽക്കുവോളം ഞാനെങ്ങനെ വിശ്രമിക്കും? എന്നൊരു വല്ലാത്ത ചോദ്യത്തെ അന്തരീക്ഷത്തിൽ അലയാൻ വിട്ടുകൊണ്ടാണീ കവിത അവസാനിക്കുന്നത്.

ഇത്തരം കവിതകൾ എവ്വിധമാണ് പെണ്ണിന്റെ ഉൺമയെ അതിന്റെ സകലശക്തിയും സമസ്തഭാവവും ആവാഹിച്ച് അവതരിപ്പിക്കുന്നത് എന്നതാണ് ഗ്ലിക്കിന്റെ നൊബേൽ പുരസ്കാരലബ്ധിയുടെ പിന്നിലെ മായികരഹസ്യം. ചെറിയ ചില അഗ്നിശലാകകൾ സ്ഫുരിപ്പിച്ചൊരു അരണികൊണ്ട് നവചിന്തയുടെ കാട്ടുതീ പടർത്താൻ ഗ്ലിക്കിനായി എന്ന സത്യം സ്വീഡിഷ് അക്കാദമി കണ്ടറിഞ്ഞു എന്നത് നിസ്തർക്കമാണ്. ഒരു സ്ത്രീ കൂടി കാലം കല്പിച്ച മൗനം ഉടച്ചിരിക്കുന്നു. നല്ലത്. ■

# ആകാശത്തിലും ഭൂമിയിലും 'തമ്പുരാൻ'

## വിളക്കുമരം



ഡോ. സിറിയക് തോമസ്

**പൂ**ഞ്ഞാർ കോവിലകത്തെ പി. ആർ. ഗോദവർമ്മരാജായെ അറിയുന്നവരൊക്കെ വിളിച്ചത് 'കേണൽ തമ്പുരാൻ' എന്നാണ്. തിരുവിതാംകൂർ പട്ടാളത്തിലാണ് അദ്ദേഹം ഓണററി ലെഫ്റ്റനന്റ് കേണൽ പദവിയിൽ അവരോധിതനായത്. ശ്രീചിത്തിരതിരുനാൾ മഹാരാജാവ്, പദവി മാത്രമല്ല തന്റെ ഏകസഹോദരിയായിരുന്ന കാർത്തികത്തിരുനാൾ ലക്ഷ്മീഭായി തമ്പുരാട്ടിയെ പൂഞ്ഞാറ്റിൽതമ്പുരാന് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. തിരുവനന്തപുരത്ത് ഒരാഴ്ചത്തെ രാജകീയാഘോഷമായിരുന്നു ഗോദവർമ്മയുടെയും കാർത്തികത്തിരുനാളിന്റെയും വിവാഹം. മരുമക്കത്തായ നിയമപ്രകാരം അവരുടെ (രാജാവിന്റെ സഹോദരിയുടെ) മക്കൾക്കാണല്ലോ തിരുവിതാംകൂറിൽ കീഴ്‌വഴക്കപ്രകാരം രാജകീയപിന്തുടർച്ചാവകാശവും വന്നുചേരുക.

പൂഞ്ഞാർ കോവിലകത്ത് അംബാലികത്തമ്പുരാട്ടിയുടെയും പുതുശേരി ഇല്ലത്ത് നാരായണൻനമ്പൂതിരിയുടെയും മകനായി 1908 ലാണ് ഗോദവർമ്മ ജനിച്ചത്. ജനനത്തീയതി സംബന്ധിച്ച് സെപ്റ്റംബർ 17 എന്നും ഒക്ടോബർ 13 എന്നും വാദമുണ്ട്. രണ്ടാമത്തേതാണ് പൊതുവെ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ജന്മനാളുമായി ബന്ധപ്പെട്ടാവാം ജനനത്തീയതി സംബന്ധിച്ച ചിന്താക്കുഴപ്പത്തിന് ഒരുപക്ഷേ, വഴിവച്ചത്. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിലും സി.എം.എസ്. കോളജിലും പഠിച്ച ശേഷമാണ് മദ്രാസ് മെഡിക്കൽ കോളജിൽ ചേർന്നത്. പക്ഷേ, പഠനം പകുതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നത് കാർത്തികത്തിരുനാളുമായുള്ള വിവാഹനിശ്ചയശേഷമാണ്.

ദിലീപമഹാരാജാവിനെക്കുറിച്ച് കാളിദാസമഹാകവി പറഞ്ഞ വിശേഷണങ്ങളെല്ലാം തന്നെ ഗോദവർമ്മരാജായ്ക്കും ചേരുന്നതായിരുന്നുവെന്നു തോന്നുന്നു. ആകാരത്തിനൊത്ത ഉയരം, ഉയരത്തിനൊത്ത ബുദ്ധി, ബുദ്ധിക്കൊത്ത സാമർത്ഥ്യം, സാമർത്ഥ്യത്തിനൊത്ത സൗന്ദര്യം എല്ലാം കേണൽ തമ്പുരാനും സ്വന്തമായിരുന്നുവെന്നു സാരം!

കേരളത്തെ സംബന്ധിച്ച് ഗോദവർമ്മരാജായുടെ ഏറ്റവും വലിയ സംഭാവന കായികരംഗത്തായിരുന്നു. എല്ലാത്തരം സ്പോർട്സിലും ആധികാരികമായ അറിവു മാത്രമല്ല, കളിപരിചയവും തമ്പുരാനു സ്വന്തമായിരുന്നു. ടെന്നീസിലായിരുന്നു കമ്പം. ഗോൾഫിലും ക്രിക്കറ്റിലും തത്പരനായിരുന്നു. ട്രിവാൻഡ്രം സ്പോർട്സ് ക്ലബ്ബിന്റെ സ്ഥാപകനായിരുന്നു ഗോദവർമ്മരാജാ.



കേണൽ ഗോദവർമ്മരാജാ

കേരളസ്പോർട്സ് കൗൺസിലിന്റെ ആദ്യത്തെ പ്രസിഡന്റായിരുന്ന ഗോദവർമ്മ മരിക്കുംവരെ ആ പദവിയിലിരുന്നയാളാണ്. തിരുവനന്തപുരം ഫ്ളൈയിംഗ് ക്ലബ്ബിന്റെ സ്ഥാപകപ്രസിഡന്റും ഗോദവർമ്മ രാജാ ആയിരുന്നു. ക്രിക്കറ്റ് ബോർഡിന്റെ ദേശീയ വൈസ്പ്രസിഡന്റായിരുന്നു ജി.വി. രാജാ.

തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ആരംഭകാലത്തു യൂണിവേഴ്സിറ്റി കായികപരിശീലനവകുപ്പിന്റെ മേൽനോട്ടത്തിനു രൂപീകരിച്ച കൺട്രോൾ ബോർഡിന്റെ പ്രസിഡന്റായി നിശ്ചയിച്ചതും ഗോദവർമ്മയെത്തന്നെയായിരുന്നു. എന്നാൽ, ദിവാൻ സർ. സി. പി. യുമായി (വൈസ് ചാൻസലറും സി.പി.തന്നെയായിരുന്നു.) ഉണ്ടായ ഭിന്നതയെത്തുടർന്ന് ജി. വി. രാജാ പദവി ഒഴിയുകയാണുണ്ടായത്. വിദ്യാർത്ഥികളിൽ തൊഴിൽ ആഭിമുഖ്യം വളർത്താനുദ്ദേശിച്ചു രാജാ തുടങ്ങിയ സ്റ്റുഡന്റ് ലേബർ കോറിന്റെ കാര്യത്തിലും സി.പി. ഇടപെട്ടതോടെ ദിവാനുമായുള്ള ഭിന്നത മറനീക്കുകയും ചെയ്തു.

ചൈനയിലും റഷ്യയിലും ഇന്ത്യയുടെ അംബാസിഡറായിരുന്ന കെ.പി.എസ്. മേനോൻ (സീനിയർ) – ഗോദവർമ്മയുടെ ആത്മസ്നേഹിതരിലൊരാളായിരുന്നു. ഒരിക്കൽ കെ.പി.എസിനോട് ജി. വി. രാജാ പറഞ്ഞുവത്രേ, "മാന്യനെപ്പോലെ പെരുമാറുവാൻ താങ്കൾ ഇനിയും പഠിക്കുന്നില്ലെങ്കിൽ എന്റെ കാര്യങ്ങളിൽനിന്നു മാറിനില്ക്കുന്നതാണുചിതം എന്നു വർഷങ്ങൾക്കുമുമ്പേ ഞാൻ സി.പി. യോടു പറഞ്ഞിട്ടുള്ളതാണ്." "ഹി ഹാസ് യെറ്റ് റ്റു ലേൺ ദി വിസ്ഡം ഓഫ് ദാറ്റ് സജക്ഷൻ" എന്നുകൂടി ഗോദവർമ്മ കൂട്ടിച്ചേർത്തത്രേ.

സ്വാതന്ത്ര്യലബ്ധിക്കു തൊട്ടുമുമ്പു സർ സി.പി. സ്വതന്ത്ര തിരുവിതാംകൂർ എന്ന ആശയം മുന്നോട്ടുവച്ചപ്പോഴും തിരുവിതാംകൂറിനെക്കൂടി കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്കു ചേർക്കണമെന്ന് നെഹ്റുവിനോടു പറയണമെന്ന് ഗോദവർമ്മരാജാ കെ.പി.എസ്. മേനോനോടാവശ്യപ്പെട്ടിരുന്നതായി പില്ക്കാലത്തു വാർത്തകൾ വന്നിട്ടുണ്ട്. മഹാരാജാവിന്റെകൂടി മനസ്സറിയാതെ ഗോദവർമ്മരാജാ അങ്ങനെ ഇടപെട്ടിരിക്കാനുമിടയില്ല. സർ സി.പി. യുമായി ജി.വി. രാജാ മാനസികമായി അകൽച്ച പാലിച്ചിരുന്നുവെന്നത് തിരുവനന്തപുരത്തു പലർക്കും അറിയാമായിരുന്ന ഒരു 'അരമനരഹസ്യ'വുമായിരുന്നു.

ഇതെല്ലാം രാജയെപ്പറ്റിയുള്ള ഉപകഥകളാണ്. ആരോടും തനിക്കു പറയുവാനുള്ളതു നേരേ പറയുന്ന രീതിയായിരുന്നു തമ്പുരാന്റേത്. അഭിപ്രായങ്ങളിലും നിലപാടുകളിലും ഉറച്ചുനില്ക്കുന്നതായിരുന്നു സ്വഭാവം.

കായികമേഖല മാത്രമായിരുന്നില്ല ജി.വി. രാജായുടെ കർമ്മമണ്ഡലം. തിരുവിതാംകൂറിൽ വ്യോമയാനഗതാഗതം കൊണ്ടുവരുന്നതിൽ നിർണായകമായ പങ്കുവഹിച്ചവരിലൊരാൾ ഗോദവർമ്മയായിരുന്നു. തിരുവനന്തപുരം ഫ്ളൈയിംഗ് ക്ലബ്ബിന്റെ ജീവാത്മാവും പരമാത്മാവും ഗോദവർമ്മരാജാ ആയിരുന്നു. വിമാനം പറത്തുന്നതിൽ അക്കാലത്തെ അറിയപ്പെട്ട വിദഗ്ധരിലൊരാളായിരുന്നു തമ്പുരാൻ. കേരളത്തിന്റെ ടൂറിസ്റ്റ് വ്യവസായ സാധ്യതകളെ ഉൾക്കാഴ്ചയോടെ കണ്ടെത്തുന്നതിലും രാജാ മുൻപന്തിയിലായിരുന്നു. കോവളത്തെ ലോകടൂറിസ്റ്റു ഭൂപടത്തിലെത്തിച്ചതിന്റെ ക്രെഡിറ്റും ജി.വി. രാജായ്ക്കുള്ളതാണ്.

സ്പോർട്സ് തമ്പുരാന്റെ ആത്മാവിന്റെ ഭാഗമായിരുന്നു. തിരുവനന്തപുരത്തെ ജി.വി. രാജാ സ്കൂളും ജി.വി. രാജാ സ്പോർട്സ് പവലിയനും ജി.വി. രാജാ സ്റ്റേഡിയവുമൊക്കെ സാക്ഷ്യപ്പെടുത്തുന്നതും മറ്റൊന്നല്ല.

ഗോദവർമ്മയും കാർത്തികത്തിരുനാളും മെയ്ഡ് ഫോർ ഈച്ച് അദർ വിഭാഗത്തിൽപ്പെടുത്താവുന്ന രാജദമ്പതികളായാണ് അറിയപ്പെട്ടത്. അവരുടെ ആദ്യജാതനും കിരീടാവകാശിയുമായിരുന്ന അവിട്ടംതിരുനാൾ രാമവർമ്മ ബാല്യത്തിൽ നാടുനീങ്ങിയതു മാതാപിതാക്കൾക്കു മാത്രമല്ല, മാതുലനായിരുന്ന ശ്രീചിത്തിരത്തിരുനാളിനും വലിയ ആഘാതമായി. രാജകുമാരന്റെ ഓർമ്മയ്ക്കാണ് അവിട്ടംതിരുനാൾ ആശുപത്രി സ്ഥാപിച്ചത്. രണ്ടാൺമക്കളും രണ്ടു പെൺമക്കളുമായിരുന്നു. അവിട്ടംതിരുനാളിനു പുറമേ പൂയം തിരുനാൾ ഗൗരി പാർവ്വതീഭായിയും അശ്വതിത്തിരുനാൾ ഗൗരി ലക്ഷ്മീഭായിയും പിന്നെ ഇപ്പോൾ രാജപദവിയിലുള്ള മൂലം തിരുനാൾ രാമവർമ്മയും. ശ്രീചിത്തിരയുടെ സഹോദരൻ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ നാടുനീങ്ങിയശേഷമാണ് ബാംഗ്ലൂരിൽ ഒട്ടേറെ വ്യവസായസംരംഭങ്ങളുമായി കഴിഞ്ഞിരുന്ന മൂലം തിരുനാൾ രാമവർമ്മരാജാ രാജകുടുംബത്തിന്റെ തലവനായി കവടിയാറിലേക്കു തിരിച്ചെത്തിയത്.

പൂയം തിരുനാളും അനുജത്തി അശ്വതി തിരുനാളും ഇംഗ്ലീഷിലും മലയാളത്തിലും ഒന്നാന്തരം പ്രഭാഷകരാണ്. അശ്വതിത്തിരുനാൾ



കാർത്തികത്തിരുനാൾ ഗൗരിലക്ഷ്മീ ഭായി

അറിയപ്പെടുന്ന എഴുത്തുകാരിയും. തിരുവിതാംകൂറിലെ ക്ഷേത്രങ്ങളെക്കുറിച്ചുള്ള അവരുടെ പുസ്തകം വായനലോകത്തിന്റെ ശ്രദ്ധയാകർഷിച്ച വിശ്രുതഗ്രന്ഥമാണ്; ഗവേഷണാത്മകവും. ഇപ്പോൾ തിരുവിതാംകൂർ രാജകുടുംബത്തെയും അമ്മാവനായിരുന്ന ശ്രീചിത്തിരതിരുനാൾ മഹാരാജാവിനെയുംകുറിച്ചുള്ള ബൃഹദ്ഗ്രന്ഥത്തിന്റെ രചനയിലാണ് അശ്വതിത്തിരുനാൾ.

അടുത്തകാലത്ത് അശ്വതിതിരുനാൾ വാർത്തകളിൽ ഇടംനേടിയത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ ട്രസ്റ്റി ചുമതല സംബന്ധിച്ചു സർക്കാരുമായി ഉണ്ടായ വർഷങ്ങളോളം നീണ്ട കേസിൽ രാജകുടുംബത്തിനുവേണ്ടി വാദി എന്ന നിലയിൽ സുപ്രീംകോടതിയിൽ കേസ് നടത്തി രാജകുടുംബത്തിനും കൂടി അവകാശപ്പെട്ടതാണ് ക്ഷേത്രനടത്തിപ്പുചുമതല എന്ന് വിധി സമ്പാദിച്ചതിലൂടെയാണ്. ഗോദവർമ്മരാജായുടെ നിശ്ചയദാർഢ്യം മക്കൾക്കും കിട്ടിയിട്ടുണ്ടെന്നു സാരം.

കേണൽ തമ്പുരാന്റെ വിയോഗവും വിധിയോഗമെന്നതുപോലെ ആകാശത്തുവച്ചായിരുന്നു. മറ്റു രണ്ടു സുഹൃത്തുക്കളുമൊത്ത് ജയപ്പൂരിൽനിന്ന് സിംലയിലെ കുളു താഴ്‌വരയിലേക്ക് അവധി ആഘോഷിക്കുന്നതിനു പോകുമ്പോഴാണ് വിമാനം മലനിരകളിൽ തട്ടിയുണ്ടായ അപകടത്തിൽ കേണൽ ജി.വി. രാജാ കാലത്തെ കടന്നുപോയത്. ജനകീയമായ 'രാജകീയ'മായിരുന്നു ഗോദവർമ്മ തമ്പുരാന്റെ മുഖമുദ്ര. സഹോദരൻ പി. കേരളവർമ്മരാജായും 'ആലക്കോടു തമ്പുരാൻ' എന്നറിയപ്പെട്ട കേരളത്തിലെ ഏറ്റവും വലിയ ഭൂവുടമകളിൽ ഒന്നാംനിരയിൽ നിന്ന ജന്മിയായിരുന്നു. മലബാറിലേക്കു കുടിയേറിയ മീനച്ചിൽ പ്രദേശത്തുകാരായ തന്റെ 'പ്രജകൾക്കു' വളരെ നാമമാത്രമായ വിലയ്ക്കു കൃഷിഭൂമി നൽകിയാണ് 'ആലക്കോടു തമ്പുരാനും' ചരിത്രത്തിലേക്കു നടന്നുകയറിയത്. ഒരിക്കലദ്ദേഹം രണ്ടു മുന്നണികൾക്കുമെതിരേ തിരുവനന്തപുരത്തുനിന്ന് പാർലമെന്റിലേക്കു മത്സരിച്ച് ഒരു ലക്ഷത്തിലേറെ വോട്ടു നേടിയും ചരിത്രം സൃഷ്ടിച്ചു.

ലോകസ്പോർട്സ് ഭൂപടത്തിൽ കേരളത്തിന്റെ പതാക പാറിക്കുന്നതിനു കാരണഭൂതനായ ഗോദവർമ്മരാജായെന്ന കേണൽ തമ്പുരാന്റെ 112–ാമതു ജന്മദിനമാണ് ഒക്ടോബർ 13.

മീനച്ചിൽ താലൂക്കിന്റെ അഭിമാനചരിത്രത്തിലെ വിളക്കുമരമായ പൂഞ്ഞാർ ഗോദവർമ്മ രാജായുടെ ധന്യമായ ഓർമ്മകൾക്കു മുന്നിൽ പ്രണാമം. ജി.വി. രാജായുടെ ധർമ്മപത്നിയും ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ കവടിയാറിലെ 'അമ്മറാണി' യുമായിരുന്ന കാർത്തികത്തിരുനാൾ ഗൗരിലക്ഷ്മീഭായിക്കും സ്മരണാഞ്ജലി.

□

ദീപനാളം
ESTD-1968
ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**ദൈവഭക്തന്റെ സൗഹൃദം സുദൃഢമാണ്;**
**അവന്റെ സ്നേഹിതനും അവനെപ്പോലെതന്നെ.**

പ്രഭാഷകൻ 6:17

**എഡിറ്റോറിയൽ**

# നീതിയുടെ സ്വരത്തെ നിശ്ശബ്ദമാക്കാമെന്നോ?

മനുഷ്യാവകാശപ്രവർത്തകനും ജസ്യൂട്ട് വൈദികനുമായ ഫാ. സ്റ്റനിസ്ലാവോസ് ലൂർദ്ദ് സ്വാമിയെ അറസ്റ്റു ചെയ്തു ജയിലിലടച്ച ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ.) യുടെ നടപടിയിൽ രാജ്യമൊട്ടാകെ വൻപ്രതിഷേധം അലയടിക്കുകയാണ്. മൂന്നു പതിറ്റാണ്ടിലേറെയായി ജാർഖണ്ഡിലെ ആദിവാസികളുടെ അവകാശസമരങ്ങൾക്കു ധീരമായ നേതൃത്വം കൊടുത്ത 83 വയസ്സുള്ള ഫാ. സ്റ്റാൻ സ്വാമിയുടെമേൽ ചാർത്തപ്പെട്ട രാജ്യദ്രോഹക്കുറ്റവും അറസ്റ്റുനാടകവും തികച്ചും ദുരൂഹത നിറഞ്ഞതും ആസൂത്രിതവുമാണ്.

മഹാരാഷ്ട്രയിലെ എൽഗാർ പരിഷത് - ഭീമ കൊറേഗാവ് കേസിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിന്റെ മറപിടിച്ച് മാവോയിസ്റ്റ് ബന്ധമാരോപിച്ചാണ് വയോധികനായ ഫാ. സ്റ്റാൻ സ്വാമിയെയും മറ്റ് ഏഴു മനുഷ്യാവകാശപ്രവർത്തകരെയും എൻ.ഐ.എ. അറസ്റ്റു ചെയ്തിരിക്കുന്നത്. ഇതു ജനാധിപത്യമര്യാദകളുടെയും മനുഷ്യാവകാശങ്ങളുടെയും കടുത്ത ലംഘനമായി കണക്കാക്കപ്പെടുന്നു.

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച് ഏഴു പതിറ്റാണ്ടു പിന്നിട്ടിട്ടും, സാധാരണജനങ്ങളുടെ പൗരാവകാശങ്ങൾക്കു വലിയ വിലയൊന്നും കല്പിക്കാത്ത ഒരു ഭരണവ്യവസ്ഥിതിയാണ് ഇന്നും തുടരുന്നത്. ഇന്ത്യയുടെ ആത്മാവുറങ്ങുന്നത് ഗ്രാമങ്ങളിലാണെന്ന് അധികാരവൃന്ദം ആവർത്തിച്ചുപ്രഖ്യാപിക്കുമ്പോഴും, അന്നന്നു വേണ്ട ആഹാരത്തിനായി എല്ലുമുറിയെ പണിയെടുക്കുന്ന പട്ടിണിപ്പാവങ്ങളുടെ ദുരിതയാതനകൾക്കു ശമനമില്ല. ജാതിമത വർഗങ്ങളുടെ പേരിലുള്ള ഉച്ചനീചത്വങ്ങൾക്ക് അറുതിയില്ല. ഭരണഘടനാവിരുദ്ധമായ നിയമങ്ങളും നയങ്ങളും അടിച്ചേല്പിച്ച് ഭരണവർഗ്ഗം ഭരണീയരെ കടന്നാക്രമിച്ചതിന്റെയും വീർപ്പുമുട്ടിച്ചതിന്റെയും നേർക്കാഴ്ചകളാണ് ജാർഖണ്ഡിലെയും പരിസരപ്രദേശങ്ങളിലെയും ആദിവാസി-ഗോത്രവംശജരുടെ വർത്തമാനകാലദുരന്തകഥകൾ.

ഭീമ കൊറേഗാവ് കേസിനാസ്പദമായ സംഭവമുണ്ടാകുന്നത് 2018 ലാണ്. മഹാരാഷ്ട്രയിലെ ദളിത്സമൂഹം അഭിമാനപൂർവ്വം സ്മരിക്കുന്ന 1818 ലെ കൊറേഗാവ് യുദ്ധവിജയത്തിന്റെ ഇരുന്നൂറാം വാർഷികം കൊണ്ടാടിയത് 2018 ജനുവരി ഒന്നിനായിരുന്നു. ഒരു ലക്ഷത്തോളമുള്ള ദളിതരുടെ കൂടിവരവും ചരിത്രവിജയാഘോഷവും അനേകം ജന്മിമാരെയും അധികാരവർഗ്ഗങ്ങളെയും അന്നു ചൊടിപ്പിച്ചിരുന്നു. സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടങ്ങളും അക്രമങ്ങളും സമ്മേളനസ്ഥലത്തുണ്ടായി. ഇതേത്തുടർന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലും സാമുദായിക സംഘർഷമുണ്ടായി. ദളിതർ എൽഗാർ പരിഷത്ത് എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി പ്രതിഷേധിക്കുകയും യോഗം ചേരുകയുമുണ്ടായി. ഇതിൽ ഗൂഢാലോചനകളുണ്ടെന്നും മാവോയിസ്റ്റ് ബന്ധമുണ്ടെന്നും മറ്റുമാരോപിച്ച് മഹാരാഷ്ട്ര പോലീസ് ഏതാനും ആക്ടിവിസ്റ്റുകളെ അറസ്റ്റുചെയ്യുകയുമുണ്ടായി. സംഘർഷങ്ങളും സാമുദായികസ്പർദ്ധകളും പിന്നെയുമുണ്ടായി. ഇതൊക്കെ ചരിത്രത്താളുകളിലെ ഒളിഞ്ഞും തെളിഞ്ഞുമുള്ള കടന്നാക്രമണങ്ങളുടെ പിന്നാമ്പുറക്കഥകളാണ്. അശക്തരെന്നു മുദ്രകുത്തപ്പെട്ടവരുടെ മുന്നേറ്റത്തിനെതിരേയുള്ള ശക്തരുടെ കൈയേറ്റങ്ങൾ സ്വാഭാവികംമാത്രം.

ഭൂ-ഖനി-വനമാഫിയകളുടെ ചൂഷണഭരണത്തിന്റെ ഇരകളാകാൻ വിധിക്കപ്പെട്ട ആദിവാസി, ദളിത്സമൂഹങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ദശാബ്ദങ്ങളായി ഫാ. സ്റ്റാനിനെപ്പോലുള്ള മനുഷ്യാവകാശപ്രവർത്തകരും മിഷനറിമാരും ശബ്ദമുയർത്തിയിരുന്നു. കോർപറേറ്റു മാഫിയകൾ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നതിനെ ഫാ. സ്റ്റാൻ നഖശിഖാന്തം എതിർത്തിരുന്നു. ജാർഖണ്ഡിലെ ഭൂപരിഷ്കരണ നിയമവും ഭൂമി ഏറ്റെടുക്കൽ നിയമവും ഭേദഗതി ചെയ്യാനുള്ള ബിജെപി സർക്കാരിന്റെ ശ്രമങ്ങളെ പരസ്യമായി വിമർശിച്ചിരുന്നു. വനാവകാശനിയമത്തിനുവേണ്ടി ശക്തിയുക്തം വാദിക്കുന്നവരുടെ മുൻപന്തിയിലുണ്ടായിരുന്നു ഫാ. സ്റ്റാൻ സ്വാമി. ഇതൊക്കെത്തന്നെയാവണം ഭരണകൂട-മാഫിയാസംഘങ്ങളെ അസ്വസ്ഥരാക്കിയതും രാജ്യദ്രോഹക്കുറ്റമാരോപിച്ച് തടവിലിടാൻ പ്രേരിപ്പിച്ചതുമെന്നുവേണം കരുതാൻ.

തീവ്രഇടതുപക്ഷശക്തികളുമായോ മാവോയിസ്റ്റുകളുമായോ യാതൊരു ബന്ധവുമില്ലെന്ന് ഫാ. സ്റ്റാൻ പല തവണ വ്യക്തമാക്കിയിട്ടും അതൊന്നും അവർ പരിഗണിക്കുന്നില്ല. തന്റെ കമ്പ്യൂട്ടറിൽനിന്നു കണ്ടെത്തിയതായി എൻ.ഐ.എ. ആരോപിക്കുന്ന ചില സോഷ്യൽ എക്സ്ട്രാക്റ്റുകൾ കള്ളങ്ങളാണെന്നും വ്യാജതെളിവുകൾ ഉദ്യോഗസ്ഥർതന്നെ തന്റെ കമ്പ്യൂട്ടറിൽ കെട്ടിച്ചമച്ചതാണെന്നും അറസ്റ്റിനുമുമ്പായി ഫാ. സ്റ്റാൻ പറഞ്ഞിരുന്നു. അന്വേഷണോദ്യോഗസ്ഥർ കള്ളത്തെളിവുകൾ ചമയ്ക്കുന്നതും അറസ്റ്റുനാടകം സംഘടിപ്പിക്കുന്നതുമൊന്നും ഈ രാജ്യത്ത് അത്ര പുതുമയുള്ള കാര്യമൊന്നുമല്ലല്ലോ.

മനുഷ്യാവകാശപ്രവർത്തകരും ക്രിസ്ത്യൻമിഷനറിമാരുമൊക്കെ ശബ്ദിക്കുന്നതും പോരാടുന്നതും ഈ രാജ്യത്തെ പാവങ്ങളുടെ ഉയിർത്തെഴുന്നേല്പിനാണെന്ന് കേന്ദ്ര-സംസ്ഥാനസർക്കാരുകൾ മനസ്സിലാക്കണം. അവർ മരണംവരെ നീതിക്കുവേണ്ടി ശബ്ദിച്ചുകൊണ്ടിരിക്കും. സത്യത്തിനുവേണ്ടി സന്ധിയില്ലാത്ത സമരം ചെയ്തുകൊണ്ടിരിക്കും. അധികാരത്തിന്റെ ഗർവിൽ ആക്രമണമഴിച്ചുവിട്ട് ഇക്കൂട്ടരെ നിശ്ശബ്ദരാക്കാമെന്നോ വിരട്ടിയോടിക്കാമെന്നോ ആരെങ്കിലും ധരിക്കുന്നെങ്കിൽ അവർക്കു തെറ്റി. നിശ്ചയദാർഢ്യവും പ്രതിബദ്ധതയുമുള്ള മിഷണറി ധീരതയാണ് അവരുടെ സിരകളിലോടുന്നത് എന്നു തിരിച്ചറിയുന്നതും നന്ന്.

□

# മുല്ലപ്പെരിയാർ ഒരു ദുരന്തപർവ്വം



**പ്രതികരണം**

മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനസർക്കാരുകൾ സ്വീകരിച്ചിട്ടുള്ള മുൻകാലനടപടികളിലും ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന നിലപാടുകളിലും രോഷംപൂണ്ട് സെപ്റ്റംബർ 24-ാം ലക്കം ദീപനാളം വാരികയിൽ അഡ്വ. റസൽ ജോയി എഴുതിയ സുദീർഘമായ ലേഖനം വായിച്ചു. അണക്കെട്ടുകളുടെ ഈ മുത്തശ്ശിക്കു പകരം പുതിയൊരെണ്ണം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ലേഖനം വിരൽചൂണ്ടുന്നത്.

മുല്ലപ്പെരിയാർ അണക്കെട്ട് പൂർണമായും പ്രവർത്തനസജ്ജമായിട്ട് ഈ മാസം പത്താം തീയതി 125 വർഷം പൂർത്തിയാക്കി. 10-10-1895 ലായിരുന്നു അണക്കെട്ടിന്റെ കമ്മീഷനിംഗ്. അണക്കെട്ടിന്റെ നിർമ്മാണത്തിനായി തിരുവിതാംകൂർ നാട്ടുരാജ്യവും ബ്രിട്ടീഷ് സർക്കാരും ചേർന്ന് ഒപ്പിട്ട 'പെരിയാർ ലീസ് എഗ്രിമെന്റ്' ഈ മാസം 29-ാം തീയതി 134 വർഷം പൂർത്തിയാക്കും. 1200 അടി നീളവും 175 അടി ഉയരവും അടിത്തട്ടിൽ 142 അടിവീതിയുമുള്ള അണക്കെട്ടു തടഞ്ഞുനിർത്തി രൂപപ്പെട്ട തേക്കടിത്തടാകം തിരുവിതാംകൂറിന്റെ 8000 ഏക്കർ വനഭൂമിയാണ് മൂടിക്കളഞ്ഞത്. അണക്കെട്ടിന്റെ നിർമ്മാണത്തിന് 100 ഏക്കർ സ്ഥലവും വിട്ടുകൊടുത്തു. കാട്ടുകല്ലുകൾ സുർക്കിമിശ്രിതം കൊണ്ടു ചേർത്തുവച്ച് 9 വർഷംകൊണ്ടു പൂർത്തിയാക്കിയ ഒരു കൽക്കെട്ടു മാത്രമാണ് മുല്ലപ്പെരിയാർ ഡാം. അണക്കെട്ടിനു ചുറ്റിലുമുള്ള 22 ഭ്രംശമേഖലകളിലെവിടെയെങ്കിലും ശക്തമായ ഭൂചലനമുണ്ടായാൽ ഈ കൽക്കെട്ട് ചീട്ടുകൊട്ടാരംപോലെ നിലംപതിക്കും.

അണക്കെട്ടിനു ബലക്ഷയമുണ്ടെന്നു കണ്ടെത്തിയ കേന്ദ്രജലകമ്മീഷൻ 25-11-1979 ൽ രണ്ടു സംസ്ഥാനങ്ങളിലെയും വിദഗ്ധരുടെ സംയുക്തയോഗം വിളിച്ചുചേർക്കുകയും പുതിയൊരണക്കെട്ട് നിർമ്മിക്കുന്നതിനു ധാരണയാവുകയും ചെയ്തതാണ്. എന്നാൽ, 1980 മുതൽ നിലവിൽ വന്ന കർശനമായ വനനിയമങ്ങൾ പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിനു വിഘാതമായി.

2018 ഓഗസ്റ്റിലെ പ്രളയകാലത്ത് ജലനിരപ്പ് 152 അടിയിലേക്കുയർത്താൻ തമിഴ്നാടിന്റെ നീക്കമുണ്ടായപ്പോൾ 139 അടിയിലേക്ക് ജലനിരപ്പ് താഴ്ത്തണമെന്ന സുപ്രീംകോടതി വിധി സമ്പാദിച്ചത് അഡ്വ. റസൽ ജോയിയാണ്. മുല്ലപ്പെരിയാർപ്രശ്നവുമായി ബന്ധപ്പെട്ട് ജലനിരപ്പ് ഇനിയും താഴ്ത്തണമെന്ന പുതിയ ഹർജിയും അദ്ദേഹം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ അണക്കെട്ട് ഇനിയും 100 വർഷങ്ങൾകൂടി നിലനില്ക്കുമെന്ന റിട്ട. ജസ്റ്റീസ് കെ.ടി. തോമസിന്റെ വാദഗതി ബാലിശമാണെന്നാണ് അഡ്വ. റസൽ ജോയിയുടെ വാദം. അണക്കെട്ടു തകർന്നാലുണ്ടാകുന്ന നാശത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചിട്ടുണ്ടാവില്ലെന്നാണ് റസൽ ജോയി പറയുന്നത്. മുല്ലപ്പെരിയാർ അണക്കെട്ടിനു താഴെ പെരിയാർ നദിയിൽ 12 വലിയ ഡാമുകളും അനേകം ചെറിയ അണക്കെട്ടുകളും ഉണ്ടെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടുള്ള അഭിപ്രായമാണിത്. എല്ലാ അണക്കെട്ടുകളും തകർന്നാലുണ്ടാകാവുന്ന പ്രഹരശേഷി ഒരു മഹാദുരന്തത്തിലാകും അവസാനിക്കുക.

**തോമസ് കുഴിഞ്ഞാലിൽ**
**വെട്ടിമറ്റം**

# പെരുമാറ്റച്ചട്ടം അനുവർത്തിക്കണം

മുഖ്യമന്ത്രിമാർ, സ്പീക്കർമാർ, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, എംപി-എംഎൽഎമാർ, എല്ലാം ഉണ്ടാവുന്നതു രാഷ്ട്രീയപ്പാർട്ടികളിൽനിന്നാണ്. എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും രേഖാമൂലമുള്ള അംഗങ്ങളും ധാരാളമായിട്ടുണ്ട്.

മേൽപ്പറഞ്ഞവരെല്ലാം നാട്ടിലെ പൊതുജീവിതത്തിൽ ചെയ്തുകൂട്ടുന്ന നിരവധി സാമൂഹിക സാമ്പത്തിക-സാംസ്കാരികതിന്മകൾ പൗരന്മാരായ നമ്മൾ അനുദിനം കണ്ടുകൊണ്ടിരിക്കുന്നു, അനുഭവിച്ചുകൊണ്ടിരിക്കുന്നു.

കൊലപാതകം, കവർച്ച, അഴിമതി, വ്യക്തിഹത്യ, ആരോപണ-പ്രത്യാരോപണ പ്രസ്താവനകൾ, സ്ത്രീവിരുദ്ധപ്രസ്താവനകൾ ഇവയെല്ലാം ഇവരിൽ ചെറുതും വലുതുമായവർ ചെയ്തുകൂട്ടുന്നുണ്ട്. ഇതിനൊരു ശമനം വരുത്താൻ സമയമായി.

എല്ലാ രാഷ്ട്രീയപ്പാർട്ടികളും വിദഗ്ധരെ ഉൾക്കൊള്ളിച്ച് ഒരു 'ഉന്നതാധികാര അച്ചടക്കസ്ഥിരംസമിതി' ഉണ്ടാക്കി, അവരുടെ പേരുവിവരങ്ങൾ പ്രസിദ്ധപ്പെടുത്തണം.

പൊതുജനങ്ങളിൽനിന്നും പാർട്ടിക്കാരിൽനിന്നും വ്യക്തമായ മാർഗനിർദ്ദേശങ്ങളോടെ മേൽപ്പറഞ്ഞ എല്ലാവർക്കുമെതിരേ പരാതികൾ സ്വീകരിക്കാനുള്ള സംവിധാനം എല്ലാ പാർട്ടിക്കാരും ഉണ്ടാക്കണം.

മുഖ്യമന്ത്രിയോ സ്പീക്കറോ പ്രതിപക്ഷനേതാവോ എം.എൽ.എമാരോ സാധാരണ അംഗങ്ങളോ ആരോപണവിധേയരായാൽ ആദ്യംതന്നെ അവരവരുടെ പാർട്ടിയുടെ അച്ചടക്കസമതി പരാതി പരിശോധിക്കണം. നടപടികൾ സ്വീകരിക്കണം. ശിക്ഷിക്കേണ്ടവരെ, ശകാരിക്കേണ്ടവരെ, അങ്ങനെ ചെയ്യണം. ആ വിവരം വിളംബരപ്പെടുത്തണം.

നാടുമുഴുവൻ സമരമുണ്ടാക്കാനും ജനത്തെ തല്ലിച്ചതയ്ക്കാനും ഇടവരുത്തരുത്.

ആ ലെവലിൽ എത്തിക്കേണ്ട കാര്യങ്ങൾ മാത്രമേ മറ്റു തലത്തിലുള്ള അന്വേഷണങ്ങൾക്കു വിടേണ്ടതുള്ളൂ. ഇപ്പോഴത്തെ അരക്ഷിതാവസ്ഥ ഈ നാടിനെ ചെകുത്താന്റെ നാടാക്കി മാറ്റിയിരിക്കുന്നു.

സർവത്ര വെട്ടിപ്പും തട്ടിപ്പും ആർക്കും എന്തും ആകാവുന്ന പോലെ!

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# കുട്ടികളുടെ മാനസികാരോഗ്യം ഹോമിയോപ്പതിയിലൂടെ



ആരോഗ്യവീഥി



ഡോ. കെ.ആർ. ജനാർദ്ദനൻനായർ

**കു**ട്ടികൾ നേരിടുന്ന പല പ്രശ്നങ്ങളും, ശരിയായ മാർഗ്ഗനിർദ്ദേശം ലഭിക്കാത്തതിനാലോ മാനസികവും ശാരീരികവുമായ സംരക്ഷണം ലഭിക്കാത്തതിനാലോ ആണ്. അതുവഴി വികലമായ വ്യക്തിത്വം രൂപപ്പെടുവാനും അക്രമവാസന, പഠനവൈകല്യം, കുറ്റവാസന, വിഷാദം എന്നീ പ്രവണതകൾ ഉടലെടുക്കുവാനും പഠനം നഷ്ടപ്പെട്ട് ചികിത്സ നേരിടേണ്ട അവസ്ഥയിൽ എത്തിപ്പെടുവാനും ഇടയാകുന്നു.

ജനനശേഷം ആദ്യത്തെ മൂന്നു വർഷത്തിനുള്ളിൽ കുട്ടിയുടെ മനോവ്യാപാരങ്ങളെ ബാധിക്കുന്ന ഒരു അസുഖമാണ് ഓട്ടിസം. ഈ അസുഖത്തിന് വ്യക്തമായ കാരണങ്ങൾ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. എന്നാൽ, കുട്ടിയുടെ വളർച്ചയിൽ സംഭവിക്കാവുന്ന ചില ജനിതകമാറ്റങ്ങളെപ്പറ്റി പഠനങ്ങൾ നടന്നുവരുന്നു. ഒറ്റയ്ക്കിരിക്കുവാനുള്ള പ്രവണത, സംസാരം തീരെ കുറവ്, മറ്റു കുട്ടികളിൽനിന്ന് അകന്നിരിക്കുക, വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിവില്ലായ്മ, വിവിധതരം ചേഷ്ടകൾ കാണിക്കുക, നഖം കടിക്കുക, അകാരണമായ ഭീതി ഇവയെല്ലാം ഓട്ടിസത്തിന്റെ ലക്ഷണങ്ങളാണ്. ഈ വിഭാഗത്തിൽപെടുന്ന നല്ല ശതമാനം കുട്ടികളും ബുദ്ധിമാന്ദ്യമുള്ളവരാണ്. ഓരോ കുട്ടിയും പ്രകടിപ്പിക്കുന്ന വ്യക്തിഗതമായ ലക്ഷണങ്ങളും അസുഖത്തിന്റെ പ്രത്യേകതകളും സമഗ്രമായി പഠിച്ച് അതിനനുസൃതമായ ഹോമിയോപ്പതി ഔഷധങ്ങൾ ശരിയായ അളവിൽ തുടർച്ചയായി നൽകുന്നത് ഓട്ടിസം ബാധിച്ച കുട്ടികളിൽ സമഗ്രമായ മാറ്റംവരുത്തുന്നതായി അനുഭവപ്പെടുന്നുണ്ട്. അതിനാൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ ധാരാളമായി ഹോമിയോപ്പതി ചികിത്സയെ ആശ്രയിച്ചുവരുന്നു.

വളർന്നുവരുന്ന കുട്ടികളുടെ പ്രവർത്തനശേഷിയെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു പ്രധാന അസുഖമാണ് പഠനവൈകല്യം. സാഹചര്യങ്ങളോടൊപ്പം ജനിതകമായ പ്രത്യേകതകളും പഠനവൈകല്യത്തിനു കാരണമാണ്. ഇത് ബുദ്ധിമാന്ദ്യംമൂലമോ പഠിക്കുവാൻ താത്പര്യം ഇല്ലാത്തതുമൂലമോ ഉണ്ടാവുന്ന ഒരു അസുഖമല്ല. ഈ കുട്ടികൾ എങ്ങനെ പുതിയ അറിവുകളെ ഉൾക്കൊള്ളുന്നു, അവയെ എങ്ങനെ അപഗ്രഥിക്കുന്നു. എങ്ങനെ പ്രതികരിക്കുന്നുവെന്നതാണ് വിഷയം. ശ്രദ്ധിക്കുവാനും എഴുതുവാനും സംസാരിക്കുവാനും കണക്കുചെയ്യുവാനുമുള്ള കുട്ടിയുടെ എല്ലാ കഴിവുകളെയും ബാധിക്കാറുണ്ട്. ശരിയായ ഉച്ചാരണം ഇല്ലാതിരിക്കുക, വാക്കുകൾ ശരിയായ സ്ഥലത്ത് ഉപയോഗിക്കാതിരിക്കൽ, അക്ഷരങ്ങൾ, അക്കങ്ങൾ, നിറങ്ങൾ, ദിവസങ്ങൾ ഇവയെ തെറ്റായി ഉപയോഗിക്കുക, പ്രായത്തിനനുസരിച്ചുള്ള ജോലികൾ ചെയ്യുവാൻ സാധിക്കാതെ വരിക എന്നിവയെല്ലാം പഠനവൈകല്യത്തിന്റെ ലക്ഷണങ്ങളാണ്. കേൾക്കുമ്പോൾ സാരമില്ല എന്നുതോന്നിയാലും വളരെ സങ്കീർണ്ണമായ ഈ മാനസികാവസ്ഥ കുട്ടിയുടെ സർവ്വതോമുഖമായ വളർച്ചയെ സാരമായി ബാധിക്കുന്നു. ഈ കുട്ടികളുടെ വ്യക്തിഗതമായ പ്രത്യേകതകളെ അതിസൂക്ഷ്മമായി പഠിച്ച് അനുയുക്തമായ ഹോമിയോപ്പതിമരുന്നുകൾ നൽകിയാൽ പഠനവൈകല്യത്തെ പൂർണ്ണമായി മാറ്റുവാനും ആ കുട്ടിയുടെ ബുദ്ധിവികാസത്തിനനുസരിച്ചുള്ള ശരിയായ വിദ്യാഭ്യാസതലത്തിലേക്ക് എത്തിക്കുവാൻ സാധിക്കുന്നതുമാണ്.

കുട്ടികളുടെ മാനസികാരോഗ്യരംഗത്തെ ഒരു വെല്ലുവിളി എന്നു വിശേഷിപ്പിക്കാവുന്നതും ഹോമിയോപ്പതി ഔഷധങ്ങൾമൂലം സമ്പൂർണ്ണമായും ഭേദപ്പെടുത്താവുന്നതുമായ ഒരു അസുഖമാണ് ADHD എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന മനോനിയന്ത്രണം നഷ്ടപ്പെട്ടു ശ്രദ്ധിക്കുവാൻ സാധിക്കാത്ത അവസ്ഥ. ഈ കുട്ടികളുടെ സ്വഭാവത്തിൽ അനിയന്ത്രിതമായ അടക്കമില്ലായ്മ കാണാവുന്നതാണ്. എല്ലാ പ്രവൃത്തികളിലും തുടരെ പിഴവുകളുണ്ടാവുക, ഏകാഗ്രതയുടെ കുറവ്, മറ്റു കുട്ടികളെ ഉപദ്രവിക്കാനുള്ള പ്രവണത, നശീകരണസ്വഭാവം ഇവയെല്ലാം ഈ അസുഖത്തിന്റെ പ്രത്യേകതയാണ്.



വിവിധതരത്തിലുള്ള സ്വഭാവവൈകല്യങ്ങൾ, അക്രമവാസന എന്നിവയും കാണാവുന്നതാണ്. ഏകാഗ്രതയുടെ കുറവുമൂലം, ഏല്പിക്കുന്ന എല്ലാ ജോലികളിലും അപൂർണ്ണത പ്രകടമായിരിക്കും. ശാരീരികമോ മാനസികമോ ആയ എല്ലാ പ്രവൃത്തികളിൽനിന്നും ഒഴിവാകുവാനുള്ള പ്രവണത, സ്വന്തം വസ്തുക്കൾ സൂക്ഷിക്കാതിരിക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്യുക ഇവയെല്ലാം ADHD ബാധിച്ച കുട്ടികളുടെ തനതായ ലക്ഷണങ്ങളാണ്.

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മാനസികനിലയും ജീവിതപശ്ചാത്തലവും വിശദമായി പഠിക്കേണ്ടതായുണ്ട്. ഈ കുട്ടികൾ പ്രകടിപ്പിക്കുന്ന വിപുലമായ രോഗലക്ഷണങ്ങളും സ്വഭാവത്തിലെ വൈരുധ്യങ്ങളും പഠിച്ച് അനുയോജ്യമായ ഹോമിയോപ്പതി ഔഷധങ്ങൾ തുടരെയായി നൽകണം. ഇതോടൊപ്പം കൗൺസെലിങ്, രക്ഷിതാക്കൾക്കുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവയും നൽകണം.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഹോമിയോപ്പതി സീനിയർ കൺസൾട്ടന്റാണ്.*

---

**2020 ലെ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ ലൂയിസ് ഗ്ലിക്കിന്റെ ‘A Myth of Devotion’ എന്ന കവിതയുടെ സ്വതന്ത്ര വിവർത്തനം:**




■ പ്രഫ. അനു ജോസ്

തന്റെ പ്രണയമാക്കാനുറച്ചനാൾ
ഹെയ്ഡിസ് അവൾക്കായൊരു ഭൂമി ചമച്ചു...
വെളിച്ചത്തിൽനിന്നു കനത്ത ഇരുട്ടിലേക്ക്
ആകസ്മികമായി പറിച്ചെറിയപ്പെട്ടൊരു പെൺകൊടിക്ക്
സഹനീയമായൊരു ലോകമാകാൻ സകലതും-
പുൽമേടും സൂര്യതാപവും വീണ്ടെടുത്തു അയാൾ.
ഭൂമിയുടെ നേർപകർപ്പെങ്കിലും അവിടെ
പ്രണയമുണ്ടായിരുന്നു...
പിന്നെ... അവൾക്കായ് ഒരു ശയ്യയും.
“ആരാണ് പ്രണയം കൊതിക്കാത്തത്?”

പതിയെ, അവൻ ആ ലോകത്തെ അവൾക്കു പരിചയപ്പെടുത്തും...
മർമ്മരമുതിർക്കുന്ന ഇലകളായ് - ആദ്യം ഇരുട്ടിനെ...
പിന്നെ ചന്ദ്രനും നക്ഷത്രങ്ങളും...
പിന്നീടൊരിക്കൽ ചന്ദ്രനില്ലായ്മയും നക്ഷത്രശൂന്യതയും...
പതിയെ, പേർസിഫോണി, അവൾക്കിവിടം പരിചിതമാകും...
പതിയെ പതിയെ അവളുമീ ശൂന്യതയിൽ അഭിരമിക്കും.

താഴ്വാരത്തെ പെണ്ണിനെ കിനാവുകണ്ട്
അവൾക്കായ് സ്വപ്നഭൂമിക തീർത്ത്
കാലങ്ങളോളം കാത്തിരിക്കവേ അവൻ അറിഞ്ഞു:
പേർസിഫോണി! അവൾ ഗന്ധം ആസ്വദിക്കാറുണ്ടെന്ന്,
രുചികൾ ആഘോഷിക്കാറുണ്ടെന്ന്...

കൊതിക്കാറില്ലേ, ഇരുണ്ട രാത്രികളിൽ
ദിശ നിയന്ത്രിക്കുന്ന, ധ്രുവനക്ഷത്രമാകുന്നോരു ശരീരത്തെ...
ഞാൻ ജീവിക്കുന്നു, അതിനാൽ നീയും
എന്നോർമ്മിപ്പിക്കുന്നോ നിശ്വാസത്തെ...
എന്നോടു ചേർന്നിരുന്ന് ഇനിമേൽ നീ എന്നെ കേൾക്കും...
ഒരേ ദിശയിൽ ഇനിമേൽ നാം...

അവൾക്കായ് തീർത്തൊരാ സൗധത്തെ നോക്കി
സ്വപ്നാടങ്ങളിൽ അഭിരമിക്കുമ്പോഴും
ഒരു വേള ഓർത്തിരുന്നില്ല അയാൾ,
ഇരുട്ടിന്റെ തമ്പുരാൻ
ഇവിടെ... ഇനിമേൽ
അത്താഴമേശകൾ ഒരുക്കപ്പെടില്ലെന്ന്...
തെറ്റ്, ഭയം, പേടി...
ചിന്തിക്കാൻ ധൈര്യപ്പെടാഞ്ഞ്
ഏതൊരു പ്രണയിതാവിനെയും പോൽ
അയാളും അവഗണിച്ചിട്ടുണ്ടാവും...

അവൾക്കായ് തീർത്തൊരു ലോകത്തിനായ്
വിളിപ്പേരന്വേഷിക്കുകയാണ്...
നവ നരകമെന്നോ? അഭിനവ പറുദീസയെന്നോ?
പേർസിഫോണിയുടെ ബാല്യകൗമാരങ്ങളെന്ന് ഒടുക്കം നിശ്ചയം...

തരളിത വെളിച്ചമായ് അവളെ നെഞ്ചോടടുക്കുമ്പോൾ
അയാളുടെ ചുണ്ടുകൾ വിറകൊണ്ടു:
“പ്രിയേ, ഞാൻ നിന്നെ പ്രണയിക്കുന്നു,
ഇനിമേൽ ഒന്നിനും നിന്നെ മുറിപ്പെടുത്താനാവില്ല...”
കള്ളം... ജീവനുള്ളൊരു ശബ്ദം ഇനിമേൽ വീഴാനിടയില്ലാത്ത
ആ കാതുകളോട് അയാൾ മന്ത്രിച്ചു:
“പ്രിയേ, നീ മരണപ്പെട്ടു... ഇനിമേൽ നിനക്കു മുറിവേൽക്കില്ല.”
നേരിതാണ്, കാമ്യവും.






ഡോ. കുര്യാസ് കുമ്പളക്കുഴി

# സർവകലാശാല ഓപ്പൺ; വിവാദവും അങ്ങനെ

**കേ**രളത്തിലും ഒരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽ വന്നിരിക്കുന്നു. ഈ ഒക്ടോബർ രണ്ടിനു ഗാന്ധിജയന്തിദിനത്തിൽ പ്രവർത്തമാരംഭിച്ച ശ്രീനാരായണ ഗുരു സർവ്വകലാശാല. കൊല്ലമാണ് ആസ്ഥാനം.

എല്ലാ നല്ല കാര്യങ്ങളുടെയും തുടക്കത്തിൽ എന്തെങ്കിലുമൊരു അശുഭാനുഭവമുണ്ടാകുമെന്നു ചിലർ പറയാറുണ്ട്. പുതിയ സർവ്വകലാശാലയുടെ കാര്യത്തിലും അത് ഒഴിവായില്ല.

വിവാദത്തിനു വഴിവച്ചത് വൈസ് ചാൻസലർ നിയമനമാണ്. അതിനു തുടക്കംകുറിച്ചതാവട്ടെ എസ്.എൻ.ഡി.പി. യോഗം പ്രസിഡണ്ടും. മുസ്ലീം സമുദായാംഗമായ ഒരാളെ വൈസ് ചാൻസലറായി നിയമിച്ചതിലാണ് അദ്ദേഹം അപാകത കണ്ടത്. കൂടാതെ, വി.സി. മലബാറിൽ നിന്നു വന്നു എന്നതും. അദ്ദേഹം പ്രതിസ്ഥാനത്തു നിർത്തിയത് ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെയാണ്. അദ്ദേഹവും മുസ്ലീം സമുദായാംഗവും മലബാറുകാരനുമാണല്ലോ!

ഒരു തമാശയ്ക്കപ്പുറത്ത് ഈ ആരോപണത്തിൽ കഴമ്പില്ലെങ്കിലും നമുക്കു ചിരിക്കാനല്ല കരയാനാണു തോന്നുന്നത്. അത്രയ്ക്കു സഹതാപാർഹമായിപ്പോയി ആ അഭിപ്രായപ്രകടനം. പ്രസിഡന്റിന്റെ വീക്ഷണത്തിൽ, ശ്രീനാരായണഗുരുവിന്റെ പേരിലുള്ള സർവകലാശാലയിൽ ഒരു ഈഴവസമുദായാംഗമാണു വൈസ് ചാൻസലറായി വരേണ്ടിയിരുന്നത്. പിന്നെ, സർവകലാശാലയുടെ ആസ്ഥാനം കൊല്ലമായതുകൊണ്ട് വി.സി. കൊല്ലംകാരനുമായിരിക്കണം!

അങ്ങനെയുമാകാമായിരുന്നു. വി.സി. കൊല്ലംകാരനും ശ്രീനാരായണീയനുമാകുന്നതിലെന്താണ് അപാകത! പക്ഷേ, അങ്ങനെയായിരിക്കണം എന്നു ശാഠ്യം പിടിക്കുന്നതിലാണ് അപാകത.

മലബാർ കേരളത്തിന്റെ ഭാഗമല്ലെന്ന് യോഗം പ്രസിഡന്റ് വാദിക്കുകയില്ലല്ലോ; അവിടത്തെ മുസ്ലീംങ്ങൾ, കേരളീയരല്ലെന്നും! വൈസ് ചാൻസലർ നിയമനകാര്യത്തിൽ ഇത്തരം പരിമിതികളൊന്നുമില്ല. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നുള്ള ആളിനും കേരളത്തിലെ ഒരു സർവകലാശാലയുടെ വൈസ് ചാൻസലറാവാം. ഏതു മതവിഭാഗത്തിൽപ്പെട്ട ആളിനുമാകാം. അതിനുള്ള മെരിറ്റ് ഉണ്ടായിരിക്കണം എന്നേയുള്ളൂ.

കേരള സർവകലാശാല 1937ൽ (അന്നു തിരുവിതാംകൂർ സർവകലാശാല) സ്ഥാപിതമായപ്പോൾ, അന്നത്തെ തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ, വൈസ് ചാൻസലറായി വിശ്രുത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റയിനെ കിട്ടുമോ എന്നന്വേഷിക്കുകയുണ്ടായത്രേ. ഹിന്ദുവികാരം പ്രകടമായി പുലർത്തിയിരുന്ന സി.പി., ക്രൈസ്തവനായ ഒരു ശാസ്ത്രജ്ഞനെ കൊണ്ടുവരാൻ ശ്രമിച്ചത് അക്കാദമിക് താത്പര്യംകൊണ്ടു മാത്രമായിരുന്നു. വിദ്യാഭ്യാസവിചക്ഷണന്മാർക്ക് അങ്ങനെയേ ചിന്തിക്കാനാവൂ.




കോഴിക്കോട് സർവകലാശാല (1968) നിലവിൽ വന്നപ്പോൾ അതിനെ ചിലർ ആക്ഷേപിച്ചത് മുസ്ലീം സർവകലാശാലയെന്നാണ്. മഹാത്മാഗാന്ധി സർവകലാശാല (1983) കോട്ടയം കേന്ദ്രമായി വന്നപ്പോൾ അത്തരക്കാർ പരിഹസിച്ചത് അച്ചായൻ സർവകലാശാലയെന്നായിരുന്നു! അക്കൂട്ടർതന്നെ, കണ്ണൂർ സർവകലാശാല ആരംഭിച്ചപ്പോഴും പരിഹാസപ്പേരിടാൻ മറന്നില്ല, കമ്മ്യൂണിസ്റ്റു സർവ്വകലാശാലയെന്ന്!

ഇതൊക്കെ വെറും സങ്കുചിതതാത്പര്യക്കാരുടെ കൊഞ്ഞനംകുത്തലുകൾ മാത്രമാണ്. അവർക്ക് അക്കാദമികകാര്യങ്ങളെപ്പറ്റി പ്രാഥമികജ്ഞാനംപോലുമില്ല. ഒരു സർവകലാശാലയും കോളജും തമ്മിലുള്ള വ്യത്യാസംപോലും അവർക്കന്യമാണ്.

ശ്രീനാരായണഗുരു സർവകലാശാലയെന്നു കേട്ടാൽ അതു ഗുരുദർശനം പഠിക്കാനുള്ള സ്ഥാപനമാണെന്നും അത് ഈഴവസമുദായത്തിനുമാത്രം അവകാശപ്പെട്ടതാണെന്നും ആരെങ്കിലും ധരിച്ചുവച്ചിട്ടുണ്ടെങ്കിൽ അവരോടു സഹതപിക്കുകയേ നിർവാഹമുള്ളൂ! മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിദർശനം മാത്രം പഠിക്കാനുള്ള വിദ്യാകേന്ദ്രമല്ലല്ലോ.

ബനാറസ് ഹിന്ദു സർവകലാശാലയിൽ ഭാരതീയദർശനവും ഹിന്ദുയിസവുമാണു പ്രധാനവിഷയങ്ങൾ എന്നാരെങ്കിലും കരുതുന്നുണ്ടോ? അലിഗഡ് സർവകലാശാല മുസ്ലീംങ്ങൾക്കു മാത്രമുള്ളതല്ലല്ലോ ആസ്സാമിലെ ഡോൺ ബോസ്കോ സ്വകാര്യ സർവകലാശാല ക്രൈസ്തവനേതൃത്വത്തിലുള്ളതാണ്. പക്ഷേ, അവിടെയും സാധാരണ സർവകലാശാലയിലുള്ള പഠനവിഭാഗങ്ങൾതന്നെയാണുള്ളത്.

ഇപ്പറഞ്ഞ യൂണിവേഴ്സിറ്റികളിലൊക്കെ ശ്രീനാരായണദർശനവും ഗാന്ധിദർശനവും ഇന്ത്യൻ ഫിലോസഫിയും ഇസ്ലാമികവിജ്ഞാനവും ക്രൈസ്തവവേദശാസ്ത്രവുമൊക്കെ പ്രത്യേകവകുപ്പുകളായോ ചെയറുകളായോ പഠനഗവേഷണങ്ങൾക്കു വിഷയമാക്കുന്നതിൽ അപാകതയൊന്നുമില്ല. എന്നല്ല, അതൊക്കെ അഭിനന്ദനാർഹമാണുതാനും.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി(ഇഗ്നോ)യുടെ മാതൃകയിൽ സംസ്ഥാനത്തു നിലവിൽ വന്നിരിക്കുന്ന സ്ഥാപനമാണ് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല. അവിടെ വിദൂരവിദ്യാഭ്യാസകോഴ്സുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ. മറ്റൊരുതരത്തിൽ പറഞ്ഞാൽ, പ്രായഭേദമെന്യേ ആർക്കും പ്രൈവറ്റായി പഠിക്കാനുള്ള ഉന്നതവിദ്യാഭ്യാസകേന്ദ്രം. കോളജുകളിൽ ചേർന്നു പഠിക്കാൻ കഴിയാത്തവർക്കും, ജോലി കിട്ടിയതു മൂലമോ താമസസ്ഥലം മാറേണ്ടിവന്നതുമൂലമോ പഠനം മുടങ്ങിപ്പോയവർക്കും ഈ സർവകലാശാല പഠനസൗകര്യമൊരുക്കും. കൂടുതൽ വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദങ്ങളും നേടാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെയുമാകാം.

നമ്മുടെ അഫിലിയേറ്റിംഗ് സർവകലാശാലകളിലൊക്കെ വിദ്യാർത്ഥികൾക്കു പ്രൈവറ്റായി പഠിക്കാൻ സൗകര്യം നല്കുന്ന വിദൂരവിദ്യാഭ്യാസവകുപ്പുകളുണ്ട്. ലേണിംഗ് മെറ്റീരിയലുകൾ നല്കിയും കോൺടാക്ട് ക്ലാസുകൾ നടത്തിയുമാണ് അവ വിദ്യാർത്ഥികളെ സഹായിക്കുന്നത്. ആ ഡിപ്പാർട്ട്മെന്റുകളെല്ലാം പുതിയ സർവകലാശാലയിലേക്കു മാറും. പ്രവാസി കേരളീയർക്ക് ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും ഇനി സ്വന്തം നാട്ടിലെ സർവകലാശാലയിൽ പഠനം നടത്താം.

മറുവശം ആലോചിക്കുമ്പോൾ, എസ്.എൻ.ഡി.പി. യോഗം പ്രസിഡന്റിന്റെ പ്രതികരണത്തിനിടയാക്കിയ ഒരു രാഷ്ട്രീയ സാഹചര്യം കേരളത്തിൽ ഉണ്ടെന്നതും വിസ്മരിക്കുന്നില്ല. സർവകലാശാല മേധാവികളെ നിയമിക്കുമ്പോൾ സാമുദായികപരിഗണനയ്ക്കു പ്രാധാന്യം നല്കുക. യു.ഡി.എഫ്. ഭരിക്കുമ്പോളാണ് ഈ അക്കാദമിക് വിരുദ്ധപ്രവണത ശക്തിപ്പെടുന്നത്. കാലിക്കറ്റിൽ ഒരു മുസ്ലീം, കേരളായിൽ ഹിന്ദു, എം.ജി.യിൽ ക്രിസ്ത്യാനി എന്നിങ്ങനെയായിരിക്കും വി.സി., പ്രോ. വി.സി. നിയമനങ്ങളൊക്കെ. സമുദായനേതാക്കൾ അതിനുവേണ്ടി വാദിക്കുകയും ചെയ്യും. അക്കാദമിക് വിരുദ്ധമായ ഈ വിലപേശൽശീലം മനസ്സിലുറച്ചുപോയതുകൊണ്ടാണ് യോഗം പ്രസിഡന്റിൽനിന്ന് ഇത്തരത്തിലുള്ള ആക്ഷേപം ഉണ്ടായത്.

എൽ.ഡി.എഫ്. ഭരണകാലത്ത് വൈസ് ചാൻസലർ നിയമനങ്ങളിൽ സാമുദായികപരിഗണന കടന്നുവരാറില്ലെന്നതാണ് പൊതുവേയുള്ള അനുഭവം. അതുതന്നെയാണ് ഓപ്പൺ സർവകലാശാലാ വി.സി. നിയമനത്തിൽ പ്രകടമായതും.

എങ്കിലും യോഗം പ്രസിഡന്റിന്റെ ആരോപണത്തിനു മറുപടി പറയാൻ മുഖ്യമന്ത്രി തയ്യാറായി. കഴിഞ്ഞ വെള്ളിയാഴ്ച, പതിവുവാർത്താസമ്മേളനത്തിനിടയിൽ ഒരു മാധ്യമപ്രവർത്തകന്റെ ചോദ്യത്തിനു മറുപടി എന്ന നിലയിലാരുന്നു അത്. കേരളത്തിലെ 16 സർവ്വകലാശാലകളുടെയും വൈസ് ചാൻസലർമാരുടെ പേരുവിവരം അദ്ദേഹം വെളിപ്പെടുത്തി. അതിൽ മുസ്ലീം സമുദായത്തിൽപ്പെട്ട ഒരേയൊരു വ്യക്തിയേ ഉണ്ടായിരുന്നുള്ളൂ. അതും ഈയിടെ നിയമിച്ച ഓപ്പൺ സർവകലാശാലാ വൈസ് ചാൻസലർ.

യു.ഡി.എഫ്. കാലത്തായിരുന്നെങ്കിലോ? സംശയമില്ല, പകുതിയോളം പേരെങ്കിലും ഒരു സമുദായത്തിൽനിന്നാകുമായിരുന്നു. അതിനു കാരണമുണ്ട്. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴൊക്കെ വിദ്യാഭ്യാസവകുപ്പ് ഒരു സമുദായം അല്ലെങ്കിൽ രാഷ്ട്രീയകക്ഷി തുടരെ കൈവശം വച്ചുപോരുന്നതായിട്ടാണു കാണുന്നത്. ജനാധിപത്യസംവിധാനത്തിൽ ഒരിക്കലും അനുവദിക്കാൻ പാടില്ലാത്ത കാര്യം. അതുകൊണ്ട് ഒട്ടേറെ ദോഷങ്ങളും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പിലിനെ വി.സി. സ്ഥാനത്തേക്കു ശിപാർശ ചെയ്ത സംഭവംപോലുമുണ്ടായി!

വൈസ് ചാൻസലർ നിയമനത്തിൽ അക്കാദമിക് മികവിനായിരിക്കണം പ്രഥമ പരിഗണന. രാഷ്ട്രീയ, സാമുദായിക, പ്രാദേശിക പരിഗണനകളൊക്കെ അതിനു ശേഷമേ വരാൻ പാടുള്ളൂ.

■

---

**നുറുങ്ങുചിന്ത** — ഉണ്ണി വാരിയത്ത്

## വീമ്പിളക്കുന്നവർ


പ്രകൃതി അമ്മയാണ്. ആവശ്യപ്പെടാതെതന്നെ മനുഷ്യർക്ക് അറിഞ്ഞു സ്നേഹം പകരുന്ന അമ്മ.

അതു മറന്ന മനുഷ്യർ പകരം അമ്മയോടു ചെയ്യുന്നതു ദ്രോഹമാണ്.

കഷ്ടം! എന്തും കൃത്രിമമായി ഉണ്ടാക്കാമെന്നു വീമ്പിളക്കുന്ന മനുഷ്യർക്ക് സൃഷ്ടിക്കാനാവുമോ അമ്മയെ അഥവാ പ്രകൃതിയെ?

---

**ചിരിപൊരി** — താവളം



*കഴിഞ്ഞലക്കം തുടർച്ച*

# എല്ലാവരും സഹോദരർ

## ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രികലേഖനത്തെക്കുറിച്ച് ഒരു പഠനം - രണ്ടാംഭാഗം

■ ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**മെച്ചപ്പെട്ട ഒരു രാഷ്ട്രീയം (154–197)**

അഞ്ചാമത്തെ അധ്യായം ഒരു മെച്ചപ്പെട്ടതരം രാഷ്ട്രീയത്തെക്കുറിച്ചാണു പറയുന്നത്. പരസ്നേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രൂപമാണ് രാഷ്ട്രീയം. കാരണം, പൊതുനന്മയ്ക്കായുള്ള ശുശ്രൂഷയാണ് അത്. (180). അതുപോലെതന്നെ ജനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതും അവരുമായി ചർച്ചയ്ക്കും സംഭാഷണത്തിനുമെല്ലാം അവസരം കൊടുക്കുന്നതുമാണ്. രാഷ്ട്രീയം ഉന്നതമായ ഒരു ദൈവവിളിയാണ്. ആകർഷണീയമായ കാര്യങ്ങളിലൂടെ തങ്ങളുടെ സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി ജനത്തെ ചൂഷണം ചെയ്യരുത്. പരസ്നേഹത്തിലധിഷ്ഠിതമായ മെച്ചപ്പെട്ട ഒരു രാഷ്ട്രീയം, സാമൂഹികജീവിതത്തിന്റെ അടിസ്ഥാനഘടകമായ തൊഴിലിനെ സംരക്ഷിക്കുന്നതും ദാരിദ്ര്യത്തിനെതിരേയുള്ള പ്രധാനപ്പെട്ട പ്രതിരോധവുമാകാവുന്നതാണ്. അപരന്റെ മഹത്ത്വത്തെ അംഗീകരിക്കുന്നതും ഐകദാർഢ്യവും സഹവർത്തിത്വവും വളർത്തുന്നതുമാണ് ശരിയായ രാഷ്ട്രീയം. മനുഷ്യന്റെ അടിസ്ഥാനാവകാശങ്ങൾക്കു നേരേയുണ്ടാകുന്ന എല്ലാ ആക്രമണങ്ങൾക്കും അതായത്, സാമൂഹികാവഗണന, അവയവങ്ങൾ, ആയുധങ്ങൾ, മയക്കുമരുന്ന്, സെക്സ് എന്നിവയുടെ വ്യവസായം തുടങ്ങിയവയ്ക്ക് പരിഹാരം കണ്ടെത്തുക എന്നതായിരിക്കണം നാം ലക്ഷ്യം വയ്ക്കേണ്ടത്. മനുഷ്യരാശിക്കുതന്നെ മാനക്കേടായ മനുഷ്യക്കടത്തും, ഒരു ക്രിമിനൽക്കുറ്റമായ പട്ടിണിയും തുടച്ചുനീക്കണമെന്ന് പാപ്പാ ശക്തമായി ആവശ്യപ്പെടുന്നു(188–189). പണാധിപത്യത്തിനല്ല മനുഷ്യമഹത്ത്വത്തിനു വിലകല്പിക്കുന്ന ഒരു രാഷ്ട്രീയമാണ് നമുക്കാവശ്യമെന്ന് പാപ്പാ ഊന്നിപ്പറയുന്നു(169).

രാഷ്ട്രീയത്തെ സംബന്ധിച്ചു പറയുന്നതിനോടു ചേർത്ത് ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനശൈലിയെക്കുറിച്ചുതന്നെ പാപ്പാ സൂചിപ്പിക്കുന്നുണ്ട്. അതിന്റെ പ്രധാനലക്ഷ്യം പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രാജ്യങ്ങളുടെ ഒരു കുടുംബം എന്ന സങ്കല്പമായിരിക്കണം. പട്ടിണിയുടെ നിർമാർജ്ജനവും മനുഷ്യാവകാശത്തിന്റെ സംരക്ഷണവുമായിരിക്കണം പ്രധാന ദൗത്യം. ഐക്യരാഷ്ട്രസംഘടന, നിയമത്തിന്റെ ശക്തി കൊണ്ടുവരുന്നതിനേക്കാൾ (force of law) ശക്തിയുടെ നിയമം (law of force) നടപ്പിലാക്കാൻ ശ്രമിക്കണം.

**സമൂഹത്തിലെ സംഭാഷണവും സൗഹൃദവും (198–224)**

ഇവിടെ മാർപാപ്പാ പ്രധാനമായും മൂന്നു കാര്യങ്ങളാണ് എടുത്തുപറയുന്നത്: ദയ എന്ന അദ്ഭുതം, സത്യമായ സംഭാഷണം, കണ്ടുമുട്ടലിന്റെ കല. എല്ലാത്തലങ്ങളിലുമുള്ള വ്യക്തികളുമായി സമ്പർക്കം പുലർത്തുവാൻ സാധിക്കണം. ആരെയും ഉപയോഗമില്ലാത്തവരെന്നു കരുതി മാറ്റിനിർത്തുവാൻ സാധ്യമല്ല. എല്ലാവരിൽനിന്നും എന്തെങ്കിലും പഠിക്കുവാൻ നമുക്കുണ്ട് എന്ന് പാപ്പാ പറയുന്നു(215). ദയ എന്ന അദ്ഭുതം കണ്ടെത്തേണ്ട ഒരു യാഥാർഥ്യമാണ്. കാരണം, ഇത് അന്ധകാരത്തിനു മധ്യേ തിളങ്ങുന്ന നക്ഷത്രമാണ്; അത് എല്ലാ ക്രൂരതകളിൽനിന്നും ആകുലതകളിൽനിന്നും മോചനം നല്കുന്നു (224).

**നവീകൃതമായ കണ്ടുമുട്ടലിന്റെ പാതകൾ (225–270)**

സമാധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രോത്സാഹനത്തെക്കുറിച്ചും പറയുന്നതിനു നീക്കി വച്ചിരിക്കുകയാണ് നവീകൃതമായ കണ്ടുമുട്ടലിന്റെ വഴികൾ എന്ന ഏഴാം അധ്യായം. ഇവിടെ പാപ്പാ എടുത്തുപറയുന്നത്, സമാധാനം, സത്യവും നീതിയും കരുണയുമായി ബന്ധപ്പെട്ടിരിക്കുന്നു( 227–229) എന്നാണ്. ഇത് ലക്ഷ്യം വയ്ക്കുന്നത് മറ്റുള്ളവർക്കുള്ള സേവനത്തിൽ അടിസ്ഥാനപ്പെട്ടതും അനുരഞ്ജനത്തിന്റെയും വളർച്ചയുടെയും പാത പിന്തുടരുന്നതുമായ ഒരു സമൂഹമാണ്. സമാധാനം എന്നു പറയുന്നത് എല്ലാവരെയും ഉൾച്ചേർക്കുന്നതും പരിഗണിക്കുന്നതും ഓരോരുത്തരും തങ്ങളുടെ ഭാഗം മുടക്കംകൂടാതെ ചെയ്യുന്നതുമാണ്(227–232). സമാധാനത്തോടു ബന്ധപ്പെട്ട ഒന്നാണ് ക്ഷമ എന്ന് പാപ്പാ എടുത്തുപറയുന്നു. നാം എല്ലാവരെയും സ്നേഹിക്കണം. എന്നാൽ, ഒരു മർദ്ദകനെ സ്നേഹിക്കുക എന്നുപറയുമ്പോൾ ലക്ഷ്യംവയ്ക്കുന്നത് അവനെ മർദ്ദകന്റെ സ്ഥാനത്തുനിന്ന് മാറാൻ സഹായിക്കുക എന്നതാണ്. ക്ഷമ എന്നു പറഞ്ഞാൽ ശിക്ഷയുടെ ഇളവ് എന്നല്ല; മറിച്ച്, നീതിയും ഓർമയുമാണ്. ക്ഷമിക്കുക എന്നുപറഞ്ഞാൽ, മറക്കുക എന്നല്ല; മറിച്ച്, നശീകരണശക്തിയായ തിന്മയും പ്രതികാരവാഞ്ഛയും ഉപേക്ഷിക്കുക എന്നതാണ്. നാഗസാക്കി - ഹിരോഷിമ പോലെയുള്ള ദുരന്തങ്ങൾ ഒരിക്കലും മറക്കാനാവില്ല; അപ്രകാരമുള്ളവ ആവർത്തിക്കാതിരിക്കുവാൻ അവ എപ്പോഴും ഓർമയിലുണ്ടാവണം (246–252).



ഏഴാം അധ്യായത്തിന്റെ ഒരു ഭാഗം യുദ്ധത്തെക്കുറിച്ചു പറയുന്നു. എല്ലാ അവകാശങ്ങളെയും ഇല്ലെന്നാക്കുന്ന സ്ഥിരമായ ഒരു ഭീഷണിയും രാഷ്ട്രീയത്തിന്റെയും മനുഷ്യത്വത്തിന്റെയും തിന്മയുടെ ശക്തിയുടെ മുമ്പിലുള്ള പരാജയവുമാണ് യുദ്ധങ്ങൾ, അണു-രാസ-ജൈവ ആയുധങ്ങൾകൊണ്ടുള്ള യുദ്ധങ്ങൾ. ധാരാളം നിഷ്കളങ്കജീവിതങ്ങളെ നശിപ്പിക്കുന്നു. മുൻകാലത്തെപ്പോലെ ന്യായയുദ്ധം (just war) എന്ന ആശയം ഇനി ചിന്തിക്കാനാവില്ല; മറിച്ച്, ഇനി ഒരു യുദ്ധമില്ല എന്നു ദൃഢനിശ്ചയം ചെയ്യണം. അണ്വായുധങ്ങൾ പൂർണമായി ഇല്ലെന്നാക്കണം, യുദ്ധത്തിനുവേണ്ടി ഉപയോഗിക്കുന്ന പണം പട്ടിണി ഇല്ലാതാക്കുന്നതിനുള്ള ഒരു ആഗോളധനശേഖരണമായി മാറ്റണം(255–262). മരണശിക്ഷ അംഗീകരിക്കാനാവാത്തതും ഇല്ലാതാക്കേണ്ടതുമാണെന്ന ചിന്ത പാപ്പാ വ്യക്തമായി പങ്കുവയ്ക്കുന്നുണ്ട്(263–269). ജീവന്റെ വിശുദ്ധി ആദരിക്കേണ്ടത് ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്നു(283).

**നമ്മുടെ സമൂഹത്തിൽ മതങ്ങൾ**
**സാഹോദര്യത്തിന്റെ ശുശ്രൂഷയിൽ (271–284)**

എട്ടാം അധ്യായത്തിൽ, ലോകത്തിൽ സാഹോദര്യത്തിന്റെ ശുശ്രൂഷ ചെയ്യുന്ന മതങ്ങളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. മതാന്തരസംഭാഷണങ്ങൾ സൗഹൃദവും സമാധാനവും സാഹോദര്യവും വളർത്തുന്നതിന് ഉതകുന്നു. ഭീകരപ്രവർത്തനങ്ങൾ മതംമൂലമുണ്ടാകുന്നതല്ല, മറിച്ച്, മതഗ്രന്ഥങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നതുമൂലമുണ്ടാകുന്നതാണ്. അതോടൊപ്പം ദാരിദ്യവും വിശപ്പും അനീതിയും പീഡനങ്ങളും ഇതിനു കാരണമാകുന്നുണ്ട്(282–283). മതങ്ങൾക്കു സമാധാനപൂർവ്വകമായ സഹവർത്തിത്വം സാധ്യമാണ്. അതുകൊണ്ട് എല്ലാ വിശ്വാസികൾക്കും മതസ്വാതന്ത്ര്യം അടിസ്ഥാനമനുഷ്യാവകാശമായി ഉണ്ടായിരിക്കേണ്ടതാണ്(279). ഈ പശ്ചാത്തലത്തിൽ സഭയുടെ പ്രത്യേകമായ പങ്കും പാപ്പാ എടുത്തുപറയുന്നുണ്ട്. സഭ തന്റെ ദൗത്യം സ്വകാര്യതലങ്ങളിലേക്കു മാത്രമായി പരിമിതപ്പെടുത്തരുത്. രാഷ്ട്രീയത്തിൽ മുഴുകുന്നില്ല എന്നതുകൊണ്ട് ജീവിതത്തിന്റെ രാഷ്ട്രീയമാനം ഉപേക്ഷിക്കപ്പെടുന്നില്ല. പൊതുനന്മയും മനുഷ്യന്റെ സമഗ്രമായ വളർച്ചയും ലക്ഷ്യംവച്ച് സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് സഭ പ്രവർത്തിക്കണം(276–278). 2019 ഫെബ്രുവരിയിൽ അബുദാബിയിൽ ഒപ്പുവച്ച 'ഒന്നിച്ചുള്ള ജീവിതത്തിനും ലോകസമാധാനത്തിനുംവേണ്ടി മനുഷ്യസാഹോദര്യം' എന്ന രേഖയിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം ആവശ്യപ്പടുന്നു:

മനുഷ്യസാഹോദര്യത്തിനുവേണ്ടിയുള്ള സംഭാഷണങ്ങൾ മാർഗമായും പൊതുസഹകരണം പ്രവർത്തനശൈലിയായും, പരസ്പരമുള്ള അറിവ് അതിന്റെ രീതിയും മാനദണ്ഡവുമായും മാറണം(285).

**ഉപസംഹാരം**

ഉപസംഹാരം എന്ന് പ്രത്യേകിച്ച് ഒരു തലക്കെട്ട് ഇല്ലെങ്കിലും വിശുദ്ധ ഫ്രാൻസിസിനെക്കൂടാതെ മാർട്ടിൻ ലൂഥർ കിംഗ്, ആർച്ചുബിഷപ് ടെസ്മണ്ട് ടുട്ടു, മഹാത്മാ ഗാന്ധി എന്നിങ്ങനെ പലരാൽ പ്രചോദിതനായിട്ടുണ്ടെന്നു പറയുന്ന ഫ്രാൻസിസ് പാപ്പാ, ലേഖനം അവസാനിപ്പിക്കുമ്പോൾ എല്ലാവരുടെയും സഹോദരൻ ആയിരിക്കണമെന്ന് പ്രാർഥിച്ച വാഴ്ത്തപ്പെട്ടവനായ ചാൾസ് ദെ ഫുക്കോയെയും പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. പാപ്പാ പറയുന്നു: എറ്റവും ചെറിയവനുമായി അനുരൂപപ്പെട്ടതിലൂടെ അവൻ ചിലതു സ്വായത്തമാക്കി. സ്രഷ്ടാവിനോടുള്ള ഒരു പ്രാർഥനയോടും ഒരു ക്രൈസ്തവ എക്യുമെനിക്കൽ പ്രാർഥനയോടുംകൂടിയാണ് ചാക്രികലേഖനം അവസാനിപ്പിക്കുന്നത്.

മാത്സര്യവും വിഘടനവാദങ്ങളും ഉപഭോഗസംസ്കാരവും വിദ്വേഷങ്ങളും വംശീയാധിക്ഷേപങ്ങളും ശമനമില്ലാതെ തുടരുന്ന ആധുനികലോകത്തിലേക്കു പ്രത്യാശയുടെ പുലർക്കാലമായി ലോകത്തിനു ദിശാബോധം നല്കി ഏവരെയും സാഹോദര്യവലയത്തിലേക്കു ക്ഷണിക്കുന്നതാണ് 'എല്ലാവരും സഹോദർ'. 'It is not just to read but to pray and to live it. ഇത് കേവലം വായിച്ചുതീർക്കാനുള്ള ഒന്നല്ല; മറിച്ച്, പ്രാർത്ഥിക്കാനും ജീവിക്കാനുമുള്ളതാണ്.

■

**കവിത** **സ്റ്റെല്ല മാത്യു**

### അനന്തരം



കണ്ണകി
ഒരിക്കൽക്കൂടി
നീയാകുക
കണ്ണകി
രാത്രി
കണ്ണടച്ചിരുട്ടിൽ കുതിക്കുന്ന
വേട്ടപ്പട്ടി.
പകൽ
അതേ ജീർണ്ണതയിലേക്ക്
ആഴത്തിൽ വലിക്കുന്ന
ഒരൊറ്റ ചുഴലി.
ഞാനറിയാത്ത
പക്ഷികളുടെ ചിറകടിയിടത്തിൽ...
ഇണയിലൊന്നിനെ
എയ്തു വീഴ്ത്തും
ആദ്യകാവ്യത്തിന്റെ തുടർച്ച.
അതിസാധാരണമായതൊന്നും
അടയാളപ്പെടുത്തനാവാത്ത നിസ്സഹായത.
ശിഖരങ്ങൾ
ഒടിഞ്ഞു വീഴുന്നു.
പ്രണയമഹൽ
ബ്രഹ്മാണ്ഡത്തെ
മോഹിപ്പിച്ച
കൽക്കഥയാവുന്നു.
എന്നിട്ടും
വെളിച്ചത്തിന്റെ
ഒരു കല്ല്
ഹൃദയത്തിൽ.
എല്ലാ നീരൊഴുക്കും
അതിൽ തടഞ്ഞ് നിന്നുപോവുന്നു.
കണ്ണകി
മധുര ചുട്ട നർത്തകി
നിന്റെ കാൽച്ചുവട്ടിലെ
തീച്ചൂട് മതിയെനിക്ക്.

# നിങ്ങളെന്തിനു ഡോക്ടറാവണം?

## ഒക്ടോബർ 18 : നാഷണൽ ഡോക്ടേഴ്സ് ഡേ

■ ഡോ. ശ്യാം കൃഷ്ണൻ

**കോ**ട്ടയം മെഡിക്കൽ കോളജിൽ എം.ബി.ബി.എസ്. നു ചേരുന്നത് 1992 ൽ ആണ്, 28 വർഷം മുൻപ്. ഹിപ്പോക്രാറ്റിക് ഓത്ത് എടുത്ത് ഡോക്ടറായിട്ട് 22 വർഷം. ഔപചാരികവിദ്യാഭ്യാസം വീണ്ടും തുടർന്നു. മെഡിക്കൽ കോളജിൽ ജോയിൻ ചെയ്തതിനുശേഷം തുടർച്ചയായ 12 വർഷങ്ങൾ ഔപചാരിക മെഡിക്കൽ വിദ്യാഭ്യാസം. എം.ബി.ബി.എസിനും എം. ഡി.ക്കും ശേഷം 2005 ൽ ഡി.എം. പൂർത്തിയാക്കി ന്യൂറോളജിസ്റ്റായി. മറ്റെല്ലാ ഡോക്ടർമാരെയുംപോലെ ഇപ്പോഴും ഓരോ ദിവസവും പഠനം തുടരുന്നു....



ഞാൻ ഡോക്ടറാവാൻ മെഡിക്കൽ കോളജിൽ ചേരുമ്പോൾ ഞങ്ങളുടെ പഞ്ചായത്തിൽ എനിക്കറിയാവുന്ന വേറെ മൂന്ന് ഡോക്ടർമാരേ ഉള്ളൂ. ഇപ്പോൾ എന്റെ കുടുംബത്തിൽത്തന്നെ അടുത്ത തലമുറയിൽ ആറോ ഏഴോ ഡോക്ടർമാരോ മെഡിക്കൽവിദ്യാർത്ഥികളോ ഉണ്ട്. ഈ കുട്ടികളുമായി സംസാരിക്കുമ്പോൾ അവരുടെ പല ആകുലതകളും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവർക്കുവേണ്ടിയാണ് ഈ കുറിപ്പ്. ഒപ്പം, അവ മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന മറ്റുള്ളവർക്കും.

പൊതുസമൂഹത്തിന് ഡോക്ടർമാരോടും മെഡിക്കൽസമൂഹത്തോടുമുള്ള മാറുന്ന കാഴ്ചപ്പാട്, കുറഞ്ഞുവരുന്ന ജോലിസാധ്യതകളും സാമ്പത്തികലാഭവും, ആയുഷ്കാലത്തിന്റെ ഭൂരിഭാഗവും കയ്യടക്കുന്ന ഔപചാരിക വിദ്യാഭ്യാസം, പഠനകാലത്തു നേരിടേണ്ടിവരുന്ന പീഡനങ്ങൾ (വാക്കിന്റെ ഡിക്ഷ്ണറി മീനിങ്ങാണ് ഉദ്ദേശിച്ചത്!), മെഡിക്കൽ മേഖലയെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റ് കൾച്ചർ അങ്ങനെ പലതും..... ചുരുക്കിപ്പറഞ്ഞാൽ മെഡിക്കൽ പ്രഫഷന്റെ ഗ്ലാമറും ആകർഷണീയതയും അനുദിനം കുറഞ്ഞുവരുന്നു...

എനിക്ക് എന്റെ കുഞ്ഞനുജന്മാരോടും അനുജത്തിമാരോടും പറയാനുള്ളത്, ഇതിനെയൊക്കെപ്പറ്റിയാണ്. ഇത്തരം ചിന്തകൾ നിങ്ങളെ തളർത്തരുതെന്നാണ്, കർമ്മഭൂമിയിൽനിന്ന് പിൻതിരിപ്പിക്കരുതെന്നാണ്!

സമൂഹത്തിൽ ഡോക്ടർമാരോടും മെഡിക്കൽ സമൂഹത്തോടും വളർന്നുവരുന്ന അസഹിഷ്ണുതയ്ക്ക് എന്താണു കാരണം?

വലിയൊരളവുവരെ നമ്മളിൽ പലരുടെയും ചെയ്തികൾ ഇതിനു കാരണമാണെന്നു പറയാതെ വയ്യ. സാമ്പത്തികലാഭത്തിൽ കണ്ണുവച്ച് മറ്റെല്ലാം മറക്കുന്ന ഒരു ന്യൂനപക്ഷം നമുക്കിടയിലുണ്ട്. പക്ഷേ, നൂറുശതമാനം ബോധ്യത്തോടെ നെഞ്ചിൽ കൈവച്ച് എനിക്കു പറയാനാവും, ഇക്കൂട്ടർ ഒരു ന്യൂനപക്ഷം മാത്രമാണെന്ന്. ആരും ഡോക്ടറായി ജനിക്കുന്നില്ല. പൊതുസമൂഹത്തിൽനിന്ന്, സമൂഹത്തിലെ കുടുംബങ്ങളിൽ നിന്നാണ് ഡോക്ടർമാർ ഉണ്ടാകുന്നത്. സമൂഹത്തിലെ മൂല്യച്യുതിയുടെ ഒരു പരിച്ഛേദം ഡോക്ടർസമൂഹത്തിലും കാണും, സർക്കാർ ജോലിക്കാരിലും അദ്ധ്യാപകരിലും രാഷ്ട്രീയക്കാരിലുമെല്ലാമുള്ളതുപോലെ.

പൊതുസമൂഹത്തിന്റെ ശത്രുതയ്ക്ക് ഇതുമാത്രമല്ല കാരണം. എന്തിനെയും ഏതിനെയും സംശയത്തോടെ നോക്കുന്ന പൊതുസമൂഹമാണ് ഇന്നത്തേത്. ഒന്നിന്റെയും നിജസ്ഥിതിയോ ശാസ്ത്രീയവശമോ അറിയാനുള്ള ക്ഷമയോ ശ്രമമോ നടത്താത്ത ചില സമകാലികമാധ്യമങ്ങൾക്ക് (എല്ലാവരും അങ്ങനെയാണെന്നു പറയുന്നില്ല) ഇതിൽ നല്ല പങ്കുണ്ട്. ആശുപത്രിയിലെത്തിയാൽപ്പിന്നെ ആരും രോഗം കൊണ്ട് മരിക്കുന്നില്ല, ഡോക്ടറുടെയോ നേഴ്സിന്റെയോ അനാസ്ഥകൊണ്ടേ മരിക്കുന്നുള്ളൂ!

വൈദ്യശാസ്ത്രത്തിന്റെ പരിമിതികളെപ്പറ്റി പൊതുസമൂഹത്തിനുള്ള അജ്ഞതയാണ് മറ്റൊരു കാരണം. മനുഷ്യശരീരത്തിന്റെയും കോശങ്ങളുടെയും പ്രവർത്തനങ്ങളുടെ സിംഹഭാഗവും ഇന്നും ശാസ്ത്രത്തിന് അറിയില്ല. അപരിമിതമായ ബുദ്ധിയും കഴിവുകളുമുള്ള മറ്റൊരാൾ (ഞാൻ ദൈവവിശ്വാസിയാണ്. ഈ 'ആളെ' ഞാൻ ദൈവമെന്നു വിളിക്കും.) സൃഷ്ടിച്ച അതിസങ്കീർണ്ണമായ ഒരു 'ഉപകരണ'ത്തെ യൂസർ മാനുവൽപോലുമില്ലാതെ റിപ്പയർ ചെയ്യുക എന്ന ധർമ്മമാണ് ഡോക്ടർ ചെയ്യേണ്ടത്. ശാസ്ത്രം എത്ര പുരോഗമിച്ചാലും ഉത്തരമില്ലാത്ത ചോദ്യങ്ങളും പരിഹാരമില്ലാത്ത പ്രശ്നങ്ങളും അസംഖ്യമുണ്ടെന്നു നമുക്കറിയാം. പക്ഷേ, പൊതുസമൂഹം വൈദ്യശാസ്ത്രത്തിന്റെ ഇത്തരം പരിമിതികളെപ്പറ്റി വലിയൊരളവുവരെ അജ്ഞരാണ്.

**എന്താണ് പരിഹാരം?**

തൊണ്ണൂറുശതമാനം കേസുകളിലും പ്രശ്നമുണ്ടാകുന്നത് ശരിയായ ആശയവിനിമയം (രോഗിയുമായും ബന്ധുക്കളുമായും) ഉണ്ടാവാത്തതിനാലാണ്. ഞാൻ എന്റെവിദ്യാർത്ഥികളോട് എപ്പോഴും പറയാറുള്ള കാര്യമാണ്, ഒരു മരുന്നു കുറിപ്പടിക്കുവേണ്ടി മാത്രമല്ല രോഗി നിങ്ങളുടെ അടുത്തു വരുന്നത് എന്ന്. രോഗത്തെപ്പറ്റിയും ടെസ്റ്റുകളെപ്പറ്റിയും അവയുടെ ആവശ്യകതയെപ്പറ്റിയും ചികിത്സയെപ്പറ്റിയും ചികിത്സയുടെ പരിമിതികളെപ്പറ്റിയും രോഗിക്കും ബന്ധുക്കൾക്കും പറഞ്ഞുകൊടുക്കുക. പാത്രമറിഞ്ഞു വേണം വിളമ്പാൻ എന്നതും അറിയണം. രോഗിയുടെയും ബന്ധുവിന്റെയും വിദ്യാഭ്യാസനിലവാരം മനസ്സിലാക്കി അവർക്കു ഗ്രഹിക്കാവുന്ന ലളിതമായ ഭാഷയിൽ വേണം സംസാരിക്കാൻ.

നാം പ്രാക്ടീസ് ചെയ്യുന്നത് ഒരു ശാസ്ത്രമാണെന്നു മനസ്സിലാക്കണം. പ്രാക്ടീസ് ചെയ്യുന്ന മേഖലയിൽ പരമാവധി അറിവു സമ്പാദിക്കുകയും ശാസ്ത്രീയമായി ശരിയായ കാര്യങ്ങൾ ചെയ്യുന്നതു ശീലമാക്കുകയും ചെയ്താൽ പ്രശ്നങ്ങൾ കുറയും. ധാർമ്മികതയ്ക്കും ആത്മാർത്ഥതയ്ക്കും മനസ്സാക്ഷിക്കും തുല്യപ്രാധാന്യം കൊടുക്കണം. കാണുന്ന ഓരോ രോഗിയെയും നിങ്ങളുടെ അച്ഛനോ അമ്മയോ ആയിക്കണ്ട് ചികിത്സിക്കണം എന്നു സ്റ്റൈലിൽ പറയുന്ന ഒരു പ്രഫസർ എനിക്കുണ്ടായിരുന്നു. എനിക്കിതിനോടു യോജിപ്പില്ല. ആത്മാർത്ഥത കാണിക്കാൻ രോഗിയെ അച്ഛനായി കാണേണ്ട കാര്യമില്ല, നമ്മുടെ അച്ഛന്റെയും അമ്മയുടെയും സ്ഥാനത്ത് മറ്റൊരാളെ കാണാൻ പറ്റുമെന്നു തോന്നുന്നില്ല! എന്നിൽ വിശ്വാസമർപ്പിച്ചുവന്ന ഒരു വ്യക്തിയാണിത്, ഇദ്ദേഹത്തിനു ശാസ്ത്രീയമായി എന്നാലാവുന്നത് ഞാൻ ചെയ്യും എന്ന ഉറച്ച ആത്മബോധമാണു വേണ്ടത്.

ഇന്നത്തെക്കാലത്ത് ശരി ചെയ്യുന്നതിന്റെ അത്രതന്നെ പ്രാധാന്യമുണ്ട് ശരിയാണു ചെയ്തതെന്നു രേഖപ്പെടുത്തുന്നത്. കേസ് ഫയലിലും രോഗിക്കു നൽകുന്ന കുറിപ്പടിയിലും രോഗവിവരങ്ങളും പരിശോധനഫലങ്ങളും നിങ്ങളുടെ തീരുമാനങ്ങളുടെ ശാസ്ത്രീയാടിസ്ഥാനവും കൃത്യമായി രേഖപ്പെടുത്തുക. ആവശ്യമുള്ളയിടങ്ങളിലെല്ലാം രോഗിയുടെ കൺസെന്റ് എടുക്കുക. മെഡിക്കൽ റെക്കോർഡിങ്ങിനും ഡോക്യുമെന്റേഷനും പ്രാധാന്യം കൊടുക്കുക.

മെഡിക്കൽ പ്രഫഷനിൽ വളരെ പ്രധാനമായതും എന്നാൽ, പലരും മറക്കുന്നതുമായ ഒന്നാണ് ടീം വർക്ക്. കുഴഞ്ഞുമറിഞ്ഞ മെഡിക്കൽ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ ഒരു തലച്ചോർ തനിച്ചു ചിന്തിക്കുന്നതിന്റെ അഞ്ചിരട്ടി പ്രയോജനമുണ്ടാകും അഞ്ചു തലച്ചോറുകൾ ഒന്നിച്ചു ചിന്തിച്ചാൽ. മറ്റുള്ളവരുടെ അഭിപ്രായങ്ങളും സഹിഷ്ണുതയോടെ കേൾക്കാൻ തയ്യാറാവണം. പ്രഫസറുടെ മനസ്സിലുദിക്കാത്ത ബുദ്ധി പി.ജി. ഡോക്ടറുടെ മനസ്സിൽ വന്ന് രോഗി രക്ഷപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാവാറുണ്ട്. ടീമിലെ നഴ്സിംഗ് അസിസ്റ്റന്റ് തൊട്ട് എല്ലാവർക്കും പരസ്പര ബഹുമാനം കൊടുക്കാൻ ശീലിക്കണം. ആവശ്യമുള്ളപ്പോൾ മറ്റു സ്പെഷ്യലിസ്റ്റുകൾക്കോ സെക്കന്റ് ഒപ്പീനിയനായി സ്വന്തം മേഖലയിലെ മറ്റൊരാൾക്കോ റഫർ ചെയ്യുന്നതിൽ ഒരു മടിയും വിചാരിക്കേണ്ടതില്ല. ആരും സർവ്വജ്ഞരല്ല. അതുപോലെ രോഗിക്ക് മറ്റൊരു ഡോക്ടറുടെ അഭിപ്രായം അറിയണമെന്ന് ആഗ്രഹമുണ്ടെങ്കിൽ റഫറൻസ് കൊടുക്കാൻ മടിക്കേണ്ടതില്ല.

മറ്റേതു മേഖലയിലുമെന്നപോലെ വൈദ്യശാസ്ത്രത്തിലും വിജയരഹസ്യം ഒരു ശതമാനം കഴിവും തൊണ്ണൂറ്റൊമ്പതു ശതമാനം പരിശ്രമവും ആത്മാർത്ഥതയുമാണ്. ഇതു രണ്ടുമുണ്ടെങ്കിൽ സന്തോഷമായി ജീവിക്കാനുള്ള സാഹചര്യങ്ങൾ സ്വയം ഉണ്ടായിക്കൊള്ളും. സാമ്പത്തികലാഭത്തെപ്പറ്റി ആകുലപ്പെടേണ്ടതില്ല. മാനവരാശി ഉള്ളിടത്തോളം കാലം നല്ല ഡോക്ടർമാരുടെ ആവശ്യമുണ്ടാവും...! അതുകൊണ്ട് ഡോക്ടർമാരുടെ എണ്ണം എത്ര കൂടിയാലും നിങ്ങളൊരു നല്ല ഡോക്ടറായാൽ മതി, സമൂഹത്തിനു നിങ്ങളെ ആവശ്യമുണ്ടാവും.

അനുദിനം ആഴവും പരപ്പും വർദ്ധിക്കുന്ന ഒരു മഹാസമുദ്രമാണ് വൈദ്യശാസ്ത്രം. അതുകൊണ്ട് ഇത് ഒഴിവാക്കാനാവില്ല. ഔപചാരിക മെഡിക്കൽ വിദ്യാഭ്യാസം പലപ്പോഴും കാഠിന്യങ്ങൾ നിറഞ്ഞതാണ്, പ്രത്യേകിച്ച് പി.ജി. കാലഘട്ടത്തിൽ (പി.ജി. ചെയ്യുമ്പോൾ മുപ്പത്താറു മണിക്കൂർ, ഒരു മിനിട്ടിരിക്കാതെ ഓടിനടന്ന് ഡ്യൂട്ടി എടുത്തിട്ട് അതിന്റെകൂടെ ഒരു മണിക്കൂർ നീണ്ട അക്കാദമിക് പ്രസന്റേഷൻ ചെയ്യേണ്ടി വരുന്നത് സാധാരണ കാര്യം മാത്രം). ഇത് വെയിലത്തു വാടാതിരിക്കാൻ നിങ്ങളെ തീയിൽ മുളപ്പിക്കുന്നതായി കരുതിയാൽ മതി. പഠിത്തമെല്ലാം കഴിഞ്ഞ് ജീവിച്ചുതുടങ്ങുക എന്ന തത്ത്വം നമുക്കു ബാധകമല്ല. പഠിച്ചുകൊണ്ട് ജീവിക്കാൻ നാം പഠിക്കണം. കാര്യങ്ങൾ ബാലൻസിൽ കൊണ്ടുപോകാൻ ശീലിക്കണം. ഞാനും എന്റെ സഹധർമ്മിണിയും കല്യാണം കഴിച്ചതും കുട്ടികളുണ്ടായതുമെല്ലാം പഠനത്തോടൊപ്പമാണ്...

മേൽപ്പറഞ്ഞതുപോലെ അനുദിനം ആഴവും പരപ്പും വർദ്ധിക്കുന്ന ഈ മഹാസമുദ്രത്തിൽ ആർക്കും 'ജാക്ക് ഓഫ് ഓൾ' ആവാൻ പറ്റില്ല. സ്പെഷ്യലൈസ്ഡ് ചികിത്സകൾക്കു തീർച്ചയായും സ്പെഷ്യലിസ്റ്റുകൾ ആവശ്യമാണ്. പക്ഷേ, എല്ലാ രോഗികൾക്കും രോഗങ്ങൾക്കും സ്പെഷ്യലൈസ്ഡ് ചികിത്സയും സ്പെഷ്യലിസ്റ്റുകളും ആവശ്യമില്ല എന്ന വസ്തുത നാം മനസ്സിലാക്കുകയും പൊതുസമൂഹത്തിനു മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയും വേണം. വിദേശരാജ്യങ്ങളിലുള്ള കുടുംബ ഡോക്ടർ/ പ്രൈമറി കെയർ ഫിസിഷ്യൻ കോൺസെപ്റ്റ് തീർച്ചയായും നല്ലതാണ്. ഒരു ജനറൽ പ്രാക്ടീഷണറുടെ സേവനത്തെ ഒരിക്കലും കുറച്ചുകാണരുത്.

അവസാനമായി ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യം ഡോക്ടറെ 'ദൈവത്തെപ്പോലെ' കാണുന്ന ഒരു പൊതുസമൂഹം ഇന്നില്ലെന്നും ഒരു കാലത്തും ഉണ്ടായിരുന്നില്ലെന്നും ഉള്ള യാഥാർത്ഥ്യം മനസ്സിലാക്കുക. അത് ഒരു മിത്ത് മാത്രമാണ്, സമൂഹം അങ്ങനെ കരുതുന്നത് ഡോക്ടർമാർക്കു നല്ലതല്ലതാനും. ഇതിനെ മനുഷ്യർക്ക് നേരിട്ടുപകാരമുള്ള ഒരു പ്രൊഫഷൻ ആയി മാത്രം കാണുക. അങ്ങനെയുള്ള മറ്റ് ഏതു പ്രഫഷനിലും (അധ്യാപകർ, പോലീസുകാർ) അത്യാവശ്യമുള്ള ഒന്നാണ് ആത്മാർത്ഥത. അതു പുലർത്തുക. സമൂഹത്തിൽനിന്ന് എക്സ്ട്രാ റിട്ടേൺസ് ഒന്നും പ്രതീക്ഷിക്കരുത്. ഭഗവദ് ഗീതയിലെപ്പോലെ, 'നിഷ്കാമകർമ്മത്തിൽ' വിശ്വസിക്കുക, ഫലം താനേ വന്നുകൊള്ളും. എന്നാൽ, അത്മാർത്ഥത അഡിക്ഷനായി ജീവിക്കാൻ മറക്കരുത്. കുടുംബത്തെ നോക്കാനും ഉല്ലാസത്തിനും സമയം കണ്ടെത്തണം. അറിവും കോമൺ സെൻസും മനസ്സാന്നിധ്യവും എമ്പതിയുമെല്ലാം ആവശ്യമുള്ള ഒന്നാണ് മെഡിക്കൽ പ്രാക്ടീസ്. അതിനു സന്തോഷമുള്ള ഒരു മനസ്സ് വേണം! സഹജീവികളെ നേരിട്ടു സഹായിക്കാൻ ഇത്രമാത്രം കഴിയുന്ന മറ്റൊരു പ്രഫഷനില്ല. ഒരു ഡോക്ടറായതിൽ അഭിമാനിക്കുക!

അവസാനവർഷ ന്യൂറോളജി ഡി.എം. പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ യാത്രയയപ്പു ചടങ്ങിന് ഞാൻ സ്ഥിരമായി പറയാറുള്ള ഒരു വാചകം പറഞ്ഞ് നിർത്തട്ടെ.... "ഒരു നല്ല ഡോക്ടർക്കേ ഒരു നല്ല ന്യൂറോളജിസ്റ്റാകാനാവൂ .... ഒരു നല്ല മനുഷ്യനേ നല്ല ഡോക്ടറാവാനാകൂ!"

*ലേഖകൻ തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിലെ ന്യൂറോളജി പ്രഫസറാണ്.*

■

# ഈഗോതന്നെ ഒന്നാമത്തെ വില്ലൻ



**കാരിത്തടം വർക്കി**

എന്തോ ഇടിഞ്ഞുവീഴുന്ന ശബ്ദം കേട്ടാണ് രാവിലെ ഞെട്ടിയുണർന്നത്. പൈപ്പ് വല്ലതും പൊട്ടിയതാണോ? അതാണല്ലോ ഇപ്പോൾ എല്ലാ ദിവസവും സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസം.

ചെന്നുനോക്കിയപ്പോഴാണ് അടുത്ത വീട്ടിലെ രാജൻചേട്ടന്റെ മതിൽ പൊളിഞ്ഞുകിടക്കുന്നു. രാജൻചേട്ടൻ വിഷണ്ണനായി നിൽക്കുകയാണ്. ചേട്ടാ, എന്തു പറ്റി? മതിൽ ഇന്നലെ കെട്ടിത്തീർന്നതല്ലേയുള്ളൂ. പിന്നെയെങ്ങനെയാ ഇടിഞ്ഞുവീണത്? ഒന്നും പറയണ്ട. രണ്ട് അന്യസംസ്ഥാനക്കാരെയാണ് ജോലിക്കു നിർത്തിയത്. കൂലി കുറച്ചുകൊടുത്താൽ മതിയല്ലോ എന്നു കരുതി. അവർ കൂലിയും കണക്കു പറഞ്ഞു വാങ്ങിച്ചു. മതിൽ ഇടിഞ്ഞുവീഴുകയും ചെയ്തു. ഇനിയിപ്പോ ഞാനെന്തു ചെയ്യും? രാജൻ ചേട്ടൻ കരച്ചിലിന്റെ വക്കിലാണ്.

ചേട്ടൻ വിഷമിക്കണ്ട. അവർ ഇപ്പോൾ എവിടെക്കാണും? ആ വളവു തിരിഞ്ഞ് രണ്ടാമത്തെ വീട്ടിൽ മതിൽ കെട്ടാൻ പോകുമെന്നാ പറഞ്ഞത്. ചേട്ടന്റെ മറുപടി. "ഏതായാലും നമുക്ക് അവിടെവരെ ഒന്നുപോയി നോക്കാം." ഞാൻ രാജൻചേട്ടനെയും കൂട്ടി ആ വീട്ടിലേക്കു നടന്നു.

അവിടെ ചെന്നപ്പോൾ രണ്ടു ജോലിക്കാരും പണി തുടങ്ങിക്കഴിഞ്ഞിരുന്നു. വലിയ ഒരു കുഴി എടുത്തിട്ടുണ്ട്. എന്നിട്ട് തണ്ണിമത്തനിൽ കുരു ഉള്ളതുപോലെ അവിടെയും ഇവിടെയും സിമന്റ് പൂശി കല്ലുകൾ ഇറക്കുന്നു. കോർത്തു കെട്ടാൻ ഒന്നുമില്ല. ഇപ്പോൾ ഈ വൈഭവത്തിന്റെ പ്രത്യാഘാതമായിട്ടാവണം മതിൽ ഇടിഞ്ഞു വീണത്! അടിസ്ഥാനം ശരിയായില്ലെങ്കിൽ...

രാധാമണിച്ചേച്ചി പറഞ്ഞ കഥ ഇതിലും കഷ്ടമാണ്. ചുമരു കെട്ടാൻ രണ്ടുമൂന്നു തൊഴിലാളികളെ ഏർപ്പാടാക്കി. ഒടുവിൽ മേശ ചുമരിന്റെ കോണോടു ചേർത്ത് ഇടാൻ നോക്കിയപ്പോൾ ഒരു ഭാഗം ഉന്തിയിരിക്കുന്നു. മേശ ചുമരോടു ചേർന്നിരിക്കുന്നില്ല. ശരിയായ അളവെടുത്ത് ചെയ്യാത്തതിന്റെ കുഴപ്പം.

ശാന്തച്ചേച്ചിയുടെ വീട്ടിൽ പുസ്തകങ്ങൾ വയ്ക്കുന്ന ഷെൽഫുണ്ടാക്കാൻ രണ്ടു മൂന്നു പേർ വന്നു. പണം ലാഭിക്കാമല്ലോ എന്നു കരുതി. പണിയായുധങ്ങളുമായി കസർത്തും തുടങ്ങി. ഒടുവിൽ മാസങ്ങളെടുത്ത് പണി തീർന്നെങ്കിലും ആ കഷ്ടപ്പാടിന്റെ ഫലമെന്നോണം വളരെപ്പെട്ടെന്നുതന്നെ അത് ഒടിഞ്ഞുവീണു. അതു കാരണം വേറേ ഷെൽഫ് വാങ്ങേണ്ടിവന്നു. ഫലമോ നഷ്ടം, വിലയോ കഷ്ടം.

അന്യസംസ്ഥാനത്തൊഴിലാളികളെല്ലാം മോശമാണെന്നല്ല. കേരളത്തിന്റെ ഇന്നത്തെ അവസ്ഥ ഇതാണ്. പക്ഷേ, ഇതേ അന്യസംസ്ഥാനക്കാരെ നാംതന്നെ പാലം കെട്ടാനും റോഡ് നന്നാക്കാനും ഹോട്ടൽപ്പണി ചെയ്യാനും ആശ്രയിക്കുന്നു. ഇടതടവില്ലാതെ പണിയെടുത്ത് ഉണ്ടാക്കുന്ന സമ്പാദ്യം ഒരു ചില്ലി പൈസപോലും കുറവു വരുത്താതെ അവർ നാട്ടിലേക്ക് അയയ്ക്കുന്നു. പിന്നെ ഓവർ ടൈം വർക്കു ചെയ്തുള്ള വരുമാനംകൊണ്ട് സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നു. ഒരു നിമിഷംപോലും വിശ്രമിക്കാതെ മടി കൂടാതെ ജോലി ചെയ്യുന്ന അവർ മലയാളികൾക്ക് സഹായികൾതന്നെയാണ്. അവരുടെ ഗൾഫ്നാടായി കേരളം മാറിയിരിക്കുന്നു.



ഇക്കൂട്ടത്തിൽ ബംഗാളികളും ഒഡിയക്കാരും ബംഗ്ലാദേശികളും എല്ലാരുമുണ്ട്. അതുകാരണം കേരളത്തിലെ ചില സ്ഥലങ്ങൾ പോലും 'Exclusively reserved for Bengalis' എന്നായിരിക്കുന്നു. അവിടെ ഹോട്ടലുകൾ തുറന്നു പ്രവർത്തിക്കുന്നത് അവർക്കു വേണ്ടിയാണ്. ലുക്കിലല്ല വർക്കിലാണ് കാര്യമെങ്കിലും കാഴ്ചയിൽ നല്ല മലയാളി ലുക്ക് ഉള്ള 'ഹെ, ഹോ, ഹൈ, ഹം' എന്ന മുറിഹിന്ദി സംസാരിക്കുന്ന ഉടമയെ മലയാളികൾ പെട്ടെന്ന് മനസ്സിലാക്കും. വിശപ്പിന്റെ വിളി കാരണവും സ്വന്തം നാട്ടിലെ ഭക്ഷണം (കണ്ണു കാണാത്തതുകൊണ്ട്) വിളമ്പുന്നതുകൊണ്ടും അവർ ഒരുപക്ഷേ തിരിച്ചറിയില്ലായിരിക്കും.

അവിടെ സിഡി വിൽക്കുന്ന കടയുണ്ട്. ശനിയാഴ്ചവരെ മലയാളം സിഡികൾ വില്ക്കുന്ന കടയിൽ ഞായറാഴ്ച ആകുമ്പോൾ സിഡികൾ മാറിമറിയും. മോഹൻലാലിന്റെയും മമ്മൂട്ടിയുടെയും കട്ടൗട്ടുകൾ മാറ്റി പകരം അമിതാഭ് ബച്ചന്റെയും ഷാറൂഖ്ഖാന്റെയും മറ്റും കട്ടൗട്ടുകൾ പ്രദർശിപ്പിക്കും. ഭരണം മാറുമ്പോൾ ചെമപ്പിൽനിന്നു ഖദറിലേക്കും ഖദറിൽനിന്നു ചെമപ്പിലേക്കും മാറുന്ന രാഷ്ട്രീയക്കാരെപ്പോലെയാണ് അവർ.

ഇതൊക്കെയാണ് കേരളത്തിലെ അന്യസംസ്ഥാനക്കാരുടെ വിശേഷണങ്ങൾ. പക്ഷേ, ഇത്രയധികം തൊഴിൽ നല്കുന്ന, അന്യസംസ്ഥാനക്കാരുടെ ഗൾഫ് എന്നു വിളിക്കുന്ന കേരളത്തെപ്പറ്റി ഈയിടെ ഞെട്ടിക്കുന്ന ഒരു വാർത്ത വരികയുണ്ടായി. 'തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ കേരളത്തിൽ' എല്ലാവർക്കും തൊഴിൽ നല്കുന്നവരായ മലയാളികൾക്ക് ഇവിടെ തൊഴിൽ ഇല്ല.

നമ്മുടെ ഈഗോതന്നെ ഒന്നാമത്തെ വില്ലൻ. ഇപ്പോൾ വിദ്യാഭ്യാസമേഖലയിൽ ഡസൻ കണക്കിന് കോളജുകളാണ്. മകൻ എൻജിനീയറിംഗ് കോളജിൽ അഡ്മിഷൻ നേടിയാൽ തെങ്ങുകയറ്റക്കാരനായ പിതാവ് ആ തൊഴിൽ ഉപേക്ഷിക്കുന്നു.

രണ്ടാമത്തെ പ്രശ്നം മടിയാണ്. സർക്കാർ ഉദ്യോഗസ്ഥർക്കും അല്ലാത്തവർക്കും ഒരുപോലെ ബാധിക്കുന്ന രോഗം. 10 മണിക്ക് പണി തുടങ്ങി. 11 മണിക്ക് കുടി (ചായകുടിയാണേ), കടി. 12 മണിക്ക് ഊണ്. മൂന്നു മണിവരെ ഊണുകഴിച്ചതിന്റെ വിശ്രമം. നാലുമണിക്ക് ചായ. അഞ്ചുമണിക്ക് പണിതീരും. അന്യസംസ്ഥാനത്തൊഴിലാളികൾ 10 ഉം 12 ഉം മണിക്കൂർ ഇടതടവില്ലാതെ ജോലി ചെയ്യുമ്പോൾ മലയാളി ജോലി ചെയ്യുന്നത് വെറും അഞ്ചോ ആറോ മണിക്കൂർ. ഈ ചുരുങ്ങിയ സമയംകൊണ്ടുതന്നെ വളരെ ഭംഗിയായി അവരെക്കാൾ നന്നായി, ജോലി തീർക്കാൻ മലയാളിക്കു കഴിയുന്നു.

ഇതൊക്കെയാണെങ്കിലും വിദേശരാജ്യങ്ങളിൽ മലയാളികൾ നല്ലവണ്ണം പണിയെടുക്കുന്നു എന്ന വസ്തുത മറച്ചുവയ്ക്കാനാവില്ല. പൊരിയുന്ന വെയിലായാലും മരംകോച്ചുന്ന തണുപ്പായാലും മലയാളികൾ വളരെ ആത്മാർത്ഥതയോടെ വിശ്രമമില്ലാതെ പണിയെടുക്കുന്നു. അവർക്കതിന് അംഗീകാരം ലഭിക്കുകയും ചെയ്യുന്നു.

മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളികളെയല്ല നാം മാറ്റേണ്ടത്; മറിച്ച്, നമ്മുടെ മനോഭാവത്തെയാണ്. മിഥ്യാഭിമാനം വെടിഞ്ഞ് മടികൂടാതെ എന്തു ജോലിയും ചെയ്യാൻ നാം തയ്യാറാകണം. തൊഴിൽരഹിതർ എന്നു പറയാൻ ഇടയാകരുത്. സാക്ഷരതാനിരക്കിലും മാനവവിഭവശേഷി ഇൻഡക്സിലും ജനങ്ങളുടെ ജീവിതനിലവാരത്തിലും മറ്റു സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ് നാം. ഭാവിയിലെങ്കിലും തൊഴിലില്ലായ്മനിരക്ക് ഏറ്റവും കൂടുതൽ എന്നതിനുപകരം തൊഴിൽ ചെയ്യുന്നവരുടെ നിരക്ക് കൂടുതൽ ഉള്ള സംസ്ഥാനം എന്നറിയപ്പെടാൻ കേരളത്തിനു കഴിയട്ടെ എന്നു പ്രത്യാശിക്കാം. ■

# കാർലോ അക്വിത്തിസ് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്



അസീസി (ഇറ്റലി) : ദിവ്യകാരുണ്യഭക്തിക്കായി തന്റെ ഹ്രസ്വജീവിതം ഉഴിഞ്ഞുവച്ച കാർലോ അക്വിത്തിസിനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. അസീസിയിലുള്ള സെന്റ് ഫ്രാൻസീസ് ബസിലിക്കയിലായിരുന്നു ചടങ്ങുകൾ.

രക്താർബുദം ബാധിച്ച് 2006 ൽ പതിനഞ്ചാം വയസിലാണു കാർലോ മരിച്ചത്. കുഞ്ഞുന്നാളിലേ മരിയൻ ഭക്തനായിരുന്നു. പതിനൊന്നാംവയസ്സുമുതൽ ദിവ്യകാരുണ്യാദ്ഭുതങ്ങളെക്കുറിച്ച് അന്വേഷണമാരംഭിച്ചു. ലോകമെമ്പാടുമുള്ള ഇത്തരം അദ്ഭുതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്ന ഒരു വെബ്സൈറ്റ് (www.miracolieucharistici.org) തയ്യാറാക്കിയത് മരണത്തിനു മുമ്പാണ്.

ആന്ദ്രിയ-അന്റോണിയോ അക്വിത്തിസ് ദമ്പതികളുടെ മകനായി 1991 ൽ ലണ്ടനിലാണ് ജനിച്ചത്. മാതാപിതാക്കൾ വൈകാതെ ഇറ്റലിയിലേക്കു താമസം മാറ്റി. ഫുട്ബോളും, വീഡിയോ ഗെയിമും ഇഷ്ടപ്പെടുകയും ക്ലാസ്മുറിയിൽ തമാശകൾ പൊട്ടിക്കുകയും ചെയ്തിരുന്ന കൊച്ചുമിടുക്കനായിരുന്നു കാർലോ. ഭക്തിയും അനുകമ്പയും സ്വഭാവത്തിന്റെ പ്രത്യേകതയായിരുന്നു. ആദ്യമായി കൂട്ടിവച്ചുണ്ടാക്കിയ പണം, ദിവസവും കുർബാനയ്ക്കായി പള്ളിയിൽ പോകവേ കാണാറുണ്ടായിരുന്ന ഭവനരഹിതന് സ്ലീപ്പിംഗ് ബാഗ് വാങ്ങാനാണ് ഉപയോഗിച്ചത്.

ഫ്രാൻസീസ് മാർപാപ്പാ 2018 ജൂലൈയിൽ കാർലോയെ ധന്യനായി പ്രഖ്യാപിച്ചിരുന്നു.

അത്യപൂർവ്വമായ പാൻക്രിയാറ്റിക് രോഗം ബാധിച്ച ബ്രസീലുകാരനായ ബാലൻ, കാർലോയുടെ മധ്യസ്ഥതയാൽ 2013 ൽ സുഖം പ്രാപിച്ചു. ഇത് അദ്ഭുതമായി അംഗീകരിച്ച് ഈ വർഷം ഫെബ്രുവരിയിൽ ഫ്രാൻസീസ് മാർപാപ്പാ ഡിക്രി ഇറക്കിയതോടെയാണ് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്താൻ തീരുമാനിച്ചത്.

അസീസിയിലെ ബസിലിക്കയിൽ കർദ്ദിനാൾ അഗസ്റ്റീനോ വെല്ലീനിയാണ് ചടങ്ങുകൾക്കു നേതൃത്വം നൽകിയത്.



വിജയവാഡ എൻ.ടി.ആർ. യൂണിവേഴ്സിറ്റിയിൽനിന്ന് സൈക്യാട്രിയിൽ എം.ഡി. കരസ്ഥമാക്കിയ ഡോ. സിസ്റ്റർ ജയ്സ് വാഴചാരിക്കൽ എസ്.എച്ച്. തിരുഹൃദയസന്ന്യാസിനീ സമൂഹം പാലാ എസ്.എച്ച്. പ്രൊവിൻസ് അംഗവും പ്രവിത്താനം വാഴചാരിക്കൽ (വള്ളിയിൽ) കുര്യാക്കോസ് - മേരിക്കുട്ടി ദമ്പതികളുടെ മകളുമാണ്.




*പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പാലാ രൂപതാംഗങ്ങളായ ദളിത് കത്തോലിക്കാ കുട്ടികൾക്കുള്ള സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയുടെ സ്കോളർഷിപ്പ് വിതരണം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. ഡിസിഎംഎസ് രൂപത ഡയറക്ടർ ഫാദർ ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ജസ്റ്റിൻ മാത്യു, സെക്രട്ടറി ജോണി പരമല, ഓർഗനൈസർ പി.ഒ. പീറ്റർ, ജോയിന്റ് സെക്രട്ടറി ബിജി സാലസ്, മീനു തോമസ്, അഞ്ജലി ബേബി എന്നിവർ സമീപം.*

നോവൽ

ജോർജ് പുളിങ്കാട്



## അധ്യായം 8

വീടിനടുത്തുള്ള എട്ടു വീടുകളിൽ രാവിലെ എരുമപ്പാലും പച്ചക്കറികളും എത്തിച്ചതിനു ശേഷം ജിനേഷ് വീട്ടിൽ മടങ്ങിയെത്തി. സെക്കന്റ് ഹാൻഡ് വാങ്ങിയ ഹീറോ ഹോണ്ടാ ബൈക്ക് വീടിന്റെ ഇറയത്തു വച്ചു. അവന്റെയൊപ്പം കോൺസ്റ്റബിൾ സാബുവും ഉണ്ടായിരുന്നു.

“സാബുസാറിന് ഞാൻ ശരിക്കുമൊരു കട്ടപ്പാരയാണല്ലേ?” ജിനേഷ് തന്റെ സെക്യൂരിറ്റിയോടു പറഞ്ഞു.

“ഓ... സാരമില്ല. ഇതൊക്കെ നമ്മടെ ജോലീടെ ഭാഗമല്ലേ? ചീഞ്ഞഴുകിയ ശവത്തിനു കാവൽ നിന്നിട്ടുണ്ട്. ആഴ്ച രണ്ടായ ഒരു പെണ്ണിന്റെ ശവം മാന്തിയെടുക്കാനും പോയിട്ടുണ്ട്. അതൊക്കെ വച്ചുനോക്കുമ്പം ഇതു വെറും നിസ്സാരം.”

കോൺസ്റ്റബിൾ സാബു പ്രതികരിച്ചു.

ജിനേഷ് വിരസമായി പുഞ്ചിരിച്ചു.

“സാബു സാറ് ഇന്നലെ നൈറ്റ് ഡ്യൂട്ടിയിലായിരുന്നെന്നു പറഞ്ഞല്ലോ. കുറെനേരംകൂടെ കിടന്നുറങ്ങിക്കോ. ഇനിയിപ്പഴ് ആരും എന്നെ പിടിക്കാൻ വരില്ല.”

“സന്തോഷം. കണ്ണുപുളിക്കുന്നുണ്ട്. എന്തെങ്കിലും വിഷയമുണ്ടായാൽ വിളിച്ചേക്കണേ.”

കോൺസ്റ്റബിൾ ഇറയത്തെ ഷെഡ്ഡിലേക്കു പോയി.

ജിനേഷിന് പിന്നെയും ധാരാളം ജോലികൾ ചെയ്തുതീർക്കാനുണ്ടായിരുന്നു. അവൻ ബക്കറ്റുമെടുത്ത് കിണറിനടുത്തേക്കു നടന്നു. രാവിലെ പതിവില്ലാതെ ഒരു മഴയുടെ ഭാവമുണ്ട്. ബക്കറ്റിൽ നിറയെ വെള്ളവുമായി എരുമക്കൂട്ടിലേക്കു പോയി. തൊഴുത്തു വൃത്തിയാക്കിയശേഷം അവൻ എരുമയെ കുളിപ്പിച്ചു. ആ ചുറ്റുവട്ടത്ത് എരുമയെ വളർത്തുന്നത് ജിനേഷ് മാത്രമാണ്. എരുമപ്പാലിനും തൈരിനുമൊക്കെ നല്ല ഡിമാന്റുണ്ട്. തുള്ളിവെള്ളപോലും ചേർക്കാതെ പാല് വീടുകളിൽ രാവിലെ എത്തിച്ചുകൊടുക്കും. വീടിനോടു ചേർന്ന് എട്ടു സെന്റ് സ്ഥലമേയുള്ളൂ. അവിടെ മുഴുവൻ കൃഷിയാണ്. രാസവളം ചേർക്കാത്ത, കീടനാശിനി തളിക്കാത്ത ജൈവകൃഷി. പാവലും പയറും വെണ്ടയും തക്കാളിയും കാബേജും വഴുതനയുമൊക്കെ സമൃദ്ധമായി വളരുന്നു. എരുമച്ചാണകവും മൂത്രവും ചാരവും മാത്രമാണ് വളം. പാൽ കൊടുക്കുന്ന വീടുകളിലെല്ലാം പച്ചക്കറിയും ജിനേഷ്തന്നെ കൊടുക്കും. ചിലരൊക്കെ മാർക്കറ്റിലുള്ളതിനെക്കാൾ അല്പം വില കൂടുതൽ നൽകി അവനെ പ്രോത്സാഹിപ്പിക്കാറുണ്ട്. തൊഴുത്തിൽ നിന്നിറങ്ങി കിണറ്റിൽ കരയിൽ ചെന്ന് അവൻ കുളിയാരംഭിച്ചു. ചന്ദ്രിക സോപ്പു തേച്ചു കുളിച്ചെങ്കിലേ ദേഹത്തെ എരുമമണം പോകുകയുള്ളൂ. കുളികഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ സന്ധ്യച്ചേച്ചി തിരക്കിട്ട് തയ്യൽ ജോലി തുടങ്ങിക്കഴിഞ്ഞു. പ്രദേശത്തെ മികച്ച തയ്യൽക്കാരിയാണ് മുപ്പത്തിയഞ്ചിലും കല്യാണഭാഗ്യമുണ്ടാകാത്ത സന്ധ്യ. ആത്സ്മാ അസുഖമുള്ള അമ്മ സരോജം അപ്പോഴും കിടക്കുകയാണ്.

ജിനേഷ് ലുങ്കിയും ടീഷർട്ടുമിട്ട് റൗണ്ടുചീപ്പുകൊണ്ട് മുടി ചീകുമ്പോൾ മുറ്റത്ത് ആരുടെയോ കാൽപ്പെരുമാറ്റമുണ്ടായി.

അവൻ ഉമ്മറത്തേക്കുചെന്ന് വാതിൽ തുറന്നു.

ജിനേഷ് അതിശയിച്ചുപോയി. അവിടെ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരതിഥി! നിറദീപംപോലെ അഴകുള്ള അഡ്വ. സുമിത്രാ മോഹൻ.



“അയ്യോ! സുമിത്ര സാർ! ഇതെങ്ങനെയിവിടെയെത്തി? ഇത്ര രാവിലെ? കാറെവിടെയിട്ടു?

“ഞാനൊരിക്കൽ പറഞ്ഞില്ലേ വരുമെന്ന്. വന്നു.”

“ഒത്തിരിപ്പേരോടു ചോദിച്ചു ബുദ്ധിമുട്ടിക്കാണും.”

“ഒന്നുമില്ല. നീ നാട്ടിലെ ഒരു ചെറിയ പാരയല്ലേ? എല്ലാവർക്കുമറിയാം.” സുമിത്ര ചിരിച്ചു.

“വാ... ഇങ്ങോട്ടു കയറി വാ അവിടെ നിൽക്കാതെ.” ജിനേഷ് വെപ്രാളപ്പെട്ടു.

“വരാം. ആദ്യം തന്റെ കൊട്ടാരമൊന്നു കാണട്ടെ. ചെറുത്. സിംപിൾ. ഹൈജെനിക്. എനിക്കിഷ്ടായി.”

സംസാരംകേട്ട് അമ്മ സരോജവും സന്ധ്യയും അങ്ങോട്ടു വന്നു.

‘അമ്മേ. സന്ധ്യച്ചേച്ചീ, ഇതാ ഞാൻ പറയാറുള്ള സുമിത്ര വക്കീൽ.”

“വാ മക്കളേ, അകത്തേക്കിരിക്കാം. ഇവിടെ സൗകര്യമൊക്കെക്കുറവാ.” സരോജം ചിരിച്ചുകൊണ്ടു പറഞ്ഞു.

സുമിത്ര വീട്ടിലേക്കു കയറി. സന്ധ്യ തിടുക്കത്തിൽ പ്ലാസ്റ്റിക് കസേര പൊടി തുടച്ച് നീക്കിയിട്ടു. സുമിത്ര കസേരയിലിരുന്നു.

“എന്താ കുടിക്കാൻ ഇഷ്ടം? ചായയോ കാപ്പിയോ?” സന്ധ്യ ചോദിച്ചു.

“ചായയാണു പതിവ്.”

“എന്നാ നിങ്ങള് മിണ്ടിപ്പറയ്.” അങ്ങനെ പറഞ്ഞ് സരോജം അടുത്ത മുറിയിലേക്കു പോയി. സന്ധ്യ അടുക്കളയിലേക്കും.

“സുമിത്ര സാറ് ഒന്നു പറഞ്ഞിട്ടു വന്നില്ലല്ലോ? ഞങ്ങൾക്കാകെ ചമ്മലായി.” ജിനേഷ് പറഞ്ഞു.

“പറഞ്ഞിട്ടു വന്നിരുന്നെങ്കിലോ?”

“ഇഷ്ടമുള്ള സാധനം കപ്പബിരിയാണിയല്ലേ? അതുണ്ടാക്കി വയ്ക്കുമായിരുന്നു.”

“അതു കഴിക്കാനൊരു ദിവസം വരാം. നമ്മുടെ കേസൊക്കെ തീർന്ന് പുഴക്കരബംഗ്ലാവ് പൊടിപൊടിയാക്കിക്കഴിഞ്ഞ് സന്തോഷത്തോടെ കഴിക്കണം.”

“ക്ഷണിച്ചിരിക്കുന്നു.”

“ജിനേഷിനു ഭീഷണിയുണ്ടായെന്നും പോലീസ് പ്രൊട്ടക്ഷൻ കിട്ടിയെന്നുമൊക്കെ കേട്ടിട്ട്?”

“പോലീസുകാരൻ ഇവിടെയുണ്ട്. സ്റ്റേഷനീന്ന് മാറിമാറി കോൺസ്റ്റബിൾമാരെ വിടുകയാ. ഇപ്പം പ്രശ്നമില്ലാത്തതുകൊണ്ട് ആള് കിടന്നുറങ്ങുകാ.”

“പെട്ടെന്ന് പ്രൊട്ടക്ഷൻ കിട്ടിയത് നന്നായി. കേസുവാദിക്കുമ്പോൾ നമുക്കതുമൊരു ബലമാ. എതിർകക്ഷി ഇമ്മോറലാണെന്നു തെളിയിക്കാൻ പറ്റും.”

“കളക്ടർ വളരെ നല്ലയാള്. ഭീഷണി വന്നത് രാത്രി പതിനൊന്നുമണിക്കാ. ശരിക്കും ഞാൻ വിരണ്ടുപോയി. അപ്പഴേ കളക്ടറെ വിളിച്ചു. മൂന്നാമത് റിങ് ചെയ്തപ്പോളവരെടുത്തു. വെളുപ്പിന് രണ്ടുമണി കഴിഞ്ഞപ്പോൾ പോലീസ് സംഘം ഇവിടെത്തി. തോക്കുള്ള ഒരാളെ കാവലാക്കീട്ടു പോയി.”

“കാലൻമാത്തന്റെ മകൾ സലോമിയല്ലേ ഇവിടുത്തെ കളക്ടർ. സബ്കളക്ടറായിരുന്നപ്പം തന്നെ പേരെടുത്തയാളാ.”

“സുമിത്രസാററിയുമോ?”

“ഇല്ല. എനിക്കു പരിചയമില്ല.”

“സലോമി ഇവിടെ കളക്ടറായി വന്നത് നമ്മുടെ ഭാഗ്യം. വഴങ്ങുന്നയാളല്ല. പുഴക്കര വക്കച്ചനെ പേടിച്ച് വോളണ്ടറി റിട്ടയർമെന്റ് വാങ്ങി പോയതാ മുൻ കളക്ടർ. മിക്കവാറും ഉദ്യോഗസ്ഥന്മാര് പേടിത്തൊണ്ടന്മാരാ. മാത്തന്റെ മകൾ ശരിക്കും സിംഹക്കുട്ടിയാ.”

“എനിക്കതു തോന്നി. വക്കച്ചന്റെ വീട്ടിൽ നേരിട്ടുചെന്ന് ഇറങ്ങിമാറണോന്ന് പറഞ്ഞുകഴിഞ്ഞു.”

“വക്കച്ചനിപ്പോൾ കളിക്കുന്ന് വൈകല്യം ബാധിച്ച മകളെ വച്ച് സിംബതി കോർണറിലാ. സുപ്രീം കോടതിയിൽ കേസുപിടിച്ചിരിക്കുന്ന ത വമ്പൻ വക്കീലുമാണ്. എന്തു വന്നാലും, ആരു വാദിച്ചാലും നമ്മളു തന്നെ കേസ് ജയിക്കും.”

“പുറമ്പോക്ക് അളന്നു തിരിച്ചതിൽ തെറ്റുണ്ടെന്നു പറഞ്ഞ് വീണ്ടും അളപ്പിക്കാനും നീക്കം നടത്തുന്നുണ്ടെന്നു കേട്ടു.”

“അതൊന്നുമിനി നടപ്പില്ല. സുപ്രീംകോടതിയിൽനിന്ന് അടുത്തയാഴ്ചയിൽ ഒരു തീർപ്പുണ്ടാകും. നൂറു ശതമാനവും അതു നമുക്കനുകൂലമായിരിക്കും. പിടിവിട്ടുപോകുമ്പോൾ വക്കച്ചനെപ്പോലൊരാൾ എങ്ങനെ റിയാക്ട് ചെയ്യുമെന്നു പറയാൻ പറ്റില്ല. അതുകൊണ്ട് നീ വളരെയധികം സൂക്ഷിക്കണം. നമ്മള് പ്രതീക്ഷിക്കാത്ത ഇടങ്ങളിൽനിന്ന് ഒറ്റും ചതിയുമുണ്ടാകാം.”

“പോലീസിനെ അവിശ്വസിക്കണോ?”

“ആര്, എങ്ങനെ എന്നൊന്നും നമുക്കു പറയാൻ കഴിയില്ല. പതിനഞ്ചുവർഷംമുമ്പാണ് കാലൻമാത്തൻ ദാരുണമായി കൊല്ലപ്പെട്ടത്. ഗുണ്ടകൾതമ്മിലുള്ള പകപോക്കലാണെന്നാണ് പോലീസ് പ്രാഥമികമായി വിലയിരുത്തുന്നത്. നാലു പ്രതികളെ അറസ്റ്റു ചെയ്തു. വ്യക്തമായി കുറ്റകൃത്യം പ്രതികളുടെമേൽ തെളിയിക്കുവാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ല. നാലു പേരും രക്ഷപ്പെട്ടു.”

“അപ്പീലൊന്നുമുണ്ടായില്ല.

“മാത്തന് ആരുമുണ്ടായിരുന്നില്ല. പാവം പിടിച്ച കെട്ടിയവൾ മകൾ സലോമിയോടൊപ്പം ഒരു കോൺവെന്റിൽ അഭയം തേടി. അവിടുത്തെ കുശിനിക്കാരിയായി ജീവിച്ചു. ഇന്നും ജീവിക്കുന്നു. മകള് പഠിച്ചുയർന്ന് കളക്ടറുമായി.”

“മാത്തനെ വക്കച്ചൻ കൊല്ലിച്ചതാണെന്നൊരു പറച്ചിലുണ്ട്.” മരണത്തിനു പിന്നിൽ പുഴക്കര വക്കച്ചൻതന്നെയാണ്. മാത്തന്റെ മരണത്തിൽ ശരിക്കൊരന്വേഷണം ഇന്നു നടന്നാലും അതു തെളിയും.”

“വിശ്വസ്തനായ ഗുണ്ടയെ എന്തിനായിരിക്കും അയാൾ നീചമായി കൊലപ്പെടുത്തിയത്?”

“മാത്തന്റെ മരണത്തോടെ അവന്റെ സുന്ദരിയായ ഭാര്യ സെലീന തന്നെ അഭയം പ്രാപിക്കുമെന്ന് വക്കച്ചൻ കരുതി. മാത്തനുള്ളപ്പോൾ തന്റെയാഗ്രഹം നടക്കില്ലെന്ന വിചാരവും വക്കച്ചനുണ്ടായിരുന്നു. ആഗ്രഹമൊന്നും നടന്നില്ല. പിറ്റേവർഷം വക്കച്ചന്റെ ഏക മകൻ അജ്ഞാത രോഗം ബാധിച്ചു മരിച്ചു. നാലു വർഷം കഴിഞ്ഞപ്പോൾ മകൾ സ്ട്രോക്കു വന്ന് കിടപ്പിലുമായി. ഈശ്വരന്റെ കോടതിയിൽ വക്കച്ചൻ ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.”

ജിനേഷ് മിഴിച്ചിരുന്നു.

അപ്പോൾ സന്ധ്യ മനോഹരമായ ട്രേയിൽ ചായയും കായവറുത്തതുമായി കടന്നുവന്നു. മുറിയിലുണ്ടായിരുന്ന ചെറിയ ടീപ്പോയിൽ ട്രേ വച്ചിട്ട് അവൾ ചായക്കപ്പ് കൈയിലെടുത്ത് സുമിത്രയ്ക്കു നല്കി. പുഞ്ചിരിയോടെ അവൾ കപ്പുവാങ്ങി. ജിനേഷ് ട്രേയിൽനിന്ന് അവനുള്ള ചായയും കൈയിലെടുത്തു. അവർ കുടിക്കുന്നതു നോക്കി സന്ധ്യ അരികെ നിന്നു.

“നന്നായോ എന്നറിയില്ല.” സന്ധ്യപതിയെപ്പറഞ്ഞു.

“ചായ സൂപ്പർ.” സുമിത്ര പ്രതികരിച്ചു.

അരമണിക്കൂറോളം ജിനേഷും സുമിത്രയും സംസാരിച്ചുകൊണ്ടിരുന്നു. പിന്നെ സുമിത്ര പോകാനെഴുന്നേറ്റു.

അതുകണ്ട്, ജിനേഷ് ചെറിയ തുണിസഞ്ചിയുമായി തൊടിയിലേക്കോടി. പയറും വെണ്ടയ്ക്കയും തക്കാളിയും ചീരയിലയുമൊക്കെ ശേഖരിച്ച് സഞ്ചിയിലാക്കി. സരോജത്തോടും സന്ധ്യയോടും യാത്രപറഞ്ഞ് മുറ്റത്തേക്കിറങ്ങി സുമിത്രയുടെയടുത്തേക്ക് ജിനേഷെത്തി.

“ഇതെന്താ സഞ്ചിയിൽ?” സുമിത്ര കൗതുകത്തോടെ നോക്കി.

“കാശുവാങ്ങാതെ സുപ്രീം കോടതിയിൽ കേസുവാദിക്കുന്ന വക്കീൽ സാറിന് ഒരു ചെറിയ സമ്മാനം.”

“നല്ല കാര്യം. ഒന്നുരണ്ടു നേരം വിഷമില്ലാത്തു കഴിക്കാമല്ലോ! അവൾ പറഞ്ഞു.

“ഞാനിത് കാറിനടുത്തുവരെ കൊണ്ടുവന്നുതരാം.” ജിനേഷ് സന്നദ്ധത അറിയിച്ചു.

“ഒന്നും വേണ്ട. ഇങ്ങു തന്നേക്ക്.” ജിനേഷ് ഇവിടുത്തെ കാര്യങ്ങൾ ചെയ്തോളൂ.” പച്ചക്കറിസഞ്ചിയും വാങ്ങി അഡ്വക്കേറ്റ് സുമിത്ര കാറിനടുത്തേക്കു നടന്നു.

(തുടരും)

# പി.പി.ഇ. കിറ്റിനുള്ളിൽ വീർപ്പുമുട്ടി ദൈവത്തിന്റെ സ്വന്തം മാലാഖമാർ



കെ.ജി. രഞ്ജിത്ത്

**കൊ**വിഡ് മഹാമാരി ലോകമെമ്പാടും സംഹാരതാണ്ഡവമാടുമ്പോൾ മാനവരാശിക്കുചുറ്റും പ്രതിരോധത്തിന്റെ കൂറ്റൻ മതിലുകൾ തീർത്ത് പോരാടുന്നവരാണ് ആരോഗ്യപ്രവർത്തകർ. ദിനംപ്രതി പുറത്തുവരുന്ന കൊവിഡ് ബാധിതരുടെ കണക്കുകൾ കേട്ട് നെടുവീർപ്പിടുന്ന നമ്മളാരെങ്കിലും എപ്പോഴെങ്കിലും ഈ ആരോഗ്യപ്രവർത്തകരുടെ പ്രയാസങ്ങളെയും ആശങ്കകളെയും കുറിച്ച് ഓർക്കാറുണ്ടോ? ഇല്ല.

നമുക്കും ഈ നാടിനും സുരക്ഷയൊരുക്കാൻ നാടും വീടും ഉപേക്ഷിച്ച് അഹോരാത്രം പണിയെടുക്കുന്നവരാണ് അവർ. ജീവൻപോലും പണയപ്പെടുത്തി മഹാമാരിക്കെതിരേ പോരാടുന്നവരിൽ മുൻപന്തിയിലാണ് ലോകം മാലാഖമാരെന്ന ഓമനപ്പേരിട്ടു വിളിക്കുന്ന നഴ്സുമാർ.

വൈറസ്ബാധയേൽക്കാതിരിക്കാൻ മുൻകരുതലുകളൊരുക്കി നമ്മൾ വീടുകളിലൊതുങ്ങിക്കൂടുമ്പോൾ അപരരുടെ ആരോഗ്യസംരക്ഷണത്തിനും പരിപാലനങ്ങൾക്കും വേണ്ടിയാണ് നഴ്സുമാർ വീടുവിട്ടിറങ്ങിയത്. കൊവിഡ് പ്രതിരോധപ്രവത്തനങ്ങളിൽ വ്യാപൃതരായ നഴ്സുമാരുടെ നിസ്തുലസേവനങ്ങൾ നമ്മൾ വാഴ്ത്തിപ്പാടാറുണ്ടെന്നത് സത്യംതന്നെ. എന്നാൽ, അവരിപ്പോൾ അനുഭവിക്കുന്ന വിഷമതകളും ആശങ്കകളും നാം അറിയാതെ പോകരുത്.

കേരളത്തിലെ പ്രമുഖ ആശുപത്രികളിലൂടെ ഞങ്ങൾ സഞ്ചരിച്ചപ്പോഴാണ് പി.പി.ഇ. കിറ്റിനുള്ളിലെ നരകജീവിതത്തെക്കുറിച്ച് നഴ്സുമാർ മനസുതുറന്നത്.

പേഴ്സണൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റ് (പി.പി.ഇ.) കിറ്റ് അണിഞ്ഞുള്ള നഴ്സുമാരുടെ ആരോഗ്യപ്രവർത്തനം ഇന്ന് സാധാരണകാഴ്ചയായി മാറിയിരിക്കുകയാണ്. എന്നാൽ, അതണിഞ്ഞുള്ള ജോലിയുടെ ബുദ്ധിമുട്ടിനെക്കുറിച്ചോ അപകടത്തെക്കുറിച്ചോ ആരും ചിന്തിക്കാറുമില്ല, ചർച്ച ചെയ്യാറുമില്ല.

ഗ്ലൗസ്, ഗൗൺ, തലയുൾപ്പെടെ മുഴുവൻ ശരീരവും മൂടുന്ന വസ്ത്രം, കാലുറ, മാസ്ക്, ഗോഗിൾസ് (കണ്ണട), ശ്വസനോപകരണം എന്നിവ അടങ്ങുന്നതാണ് പി.പി.ഇ. കിറ്റ്. ഇവയെല്ലാം ധരിച്ചുവേണം കൊറോണ വാർഡിലെ നഴ്സുമാർ ജോലിയിൽ പ്രവേശിക്കാൻ.

പി.പി.ഇ. കിറ്റ് ധരിക്കുക എന്നത് വളരെയധികം ശാരീരിക അസ്വസ്ഥതയുണ്ടാക്കുന്നതാണെന്ന് നഴ്സുമാർ ഒന്നടങ്കം പറയുന്നു. പ്രതിരോധമെന്ന നിലയിൽ കിറ്റ് ഉപേക്ഷിക്കാനും വയ്യ. പരസ്പരം തിരിച്ചറിയാത്തവിധം ശരീരം മറയ്ക്കുന്ന ഈ കിറ്റ് ധരിച്ച് പത്തു മുതൽ പന്ത്രണ്ട് മണിക്കൂർവരെ ജോലി ചെയ്യുക എന്നത് മരണപരീക്ഷണമാണ്. പി.പി.ഇ. കിറ്റ് അഴിച്ചുമാറ്റാതെ



ഭക്ഷണം കഴിക്കാനോ വെള്ളം കുടിക്കാനോ മലമൂത്രവിസർജ്ജനം ചെയ്യാനോ കഴിയില്ല. പത്തു മണിക്കൂർവരെ ബാത്റൂമിൽ പോകാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന നഴ്സുമാർ ക്ഷമയുടെ പര്യായമാണെന്നു വേണം പറയാൻ.

സർക്കാർ നിർദ്ദേശമനുസരിച്ച് നാലു മണിക്കൂറാണ് പി.പി.ഇ. കിറ്റിനുള്ളിലെ ജോലി. എന്നാൽ, പല ആശുപത്രികളിലും ഡ്യൂട്ടി സമയം എട്ടും പത്തും മണിക്കൂറാണെന്ന് നഴ്സുമാർ സാക്ഷ്യപ്പെടുത്തുന്നു. ചില സാഹചര്യങ്ങളിൽ ഓവർ ഡ്യൂട്ടികൂടി ചെയ്യേണ്ടിവരുന്നുണ്ടെന്ന് തിരുവനന്തപുരത്തെ ഒരു പ്രമുഖ ആശുപത്രിയിലെ നഴ്സ് വെളിപ്പെടുത്തുന്നു. കൊറോണ ഡ്യൂട്ടിക്ക് ആളില്ലാത്തതാണ് അധികഡ്യൂട്ടിക്കു കാരണം. ചിലർ ശാരീരികാസ്വസ്ഥതകൾ പറഞ്ഞ് മാറും, മറ്റുചിലർ സ്വാധീനം ചെലുത്തി രക്ഷപ്പെടും. ജോലിയിൽ പ്രവേശിക്കുന്നവർ പിന്നീട് അവിടെ സ്ഥിരമായി മാറുകയാണ്. പല ഹോസ്പിറ്റലുകളിലും ഷിഫ്റ്റ് ചെയിഞ്ച് ചെയ്യാൻപോലും ആളില്ല.

ഇത്തരത്തിൽ എട്ടും പത്തും മണിക്കൂർ ഒരിറ്റു വെള്ളംപോലും കുടിക്കാതെ ജോലിചെയ്ത് യൂറിനൽ ഇൻഫക്ഷനും മറ്റ് അസുഖങ്ങളും വന്ന നഴ്സുമാരുടെ എണ്ണം കൂടിവരികയാണ്. സമയത്ത് ആഹാരം കഴിക്കാത്തതിന്റെ പേരിൽ തലചുറ്റി വീണവരും പി.പി.ഇ. കിറ്റിന്റെ നിരന്തര ഉപയോഗംമൂലം തൊലിപ്പുറത്ത് അലർജി സംഭവിച്ചവരും ഉണ്ട്. പി.പി.ഇ. കിറ്റ് ധരിച്ചാൽ അസഹ്യമായ ചൂടാണ്. മിനിറ്റുകൾക്കകം ശരീരം വിയർത്തൊഴുകും. പിന്നെ വല്ലാത്തൊരു അസ്വസ്ഥതയാണ്. വിയർപ്പും പുകച്ചിലുംമൂലം ശരീരം തളരുമ്പോൾപോലും തുള്ളി വെള്ളം കുടിക്കാൻ കഴിയില്ലെന്ന് നഴ്സുമാർ പറയുന്നു.

സുരക്ഷയ്ക്കായി രണ്ടു മാസ്കുകളാണ് വയ്ക്കുന്നത്. ഇവയുടെ വള്ളി ചെവികൾക്കിടയിൽ ഉരഞ്ഞു മുറിവുണ്ടാകുന്നുണ്ട്. കക്ഷം, കഴുത്ത്, വയറ്, തുട, മുട്ട് തുടങ്ങിയ ഭാഗത്ത് ചെറിച്ചിലും മുറിവും ഉണ്ടാകാറുണ്ടെന്നും നഴ്സുമാർ പറയുന്നു. വീട്ടിൽ പോയിട്ടു മാസങ്ങളായവരാണ് ഒട്ടുമിക്ക നഴ്സുമാരും. കൈക്കുഞ്ഞുങ്ങളും പ്രായമായ മാതാപിതാക്കളുമുള്ളവരാണ് അധികവും. മക്കളെയോ രോഗികളായ മാതാപിതാക്കളെയോ കാണാൻ കഴിയാതെ തടങ്കലിലകപ്പെട്ട അവസ്ഥയിലാണ് പലരും.

ആശുപത്രിയധികൃതരുടെ ഭാഗത്തുനിന്ന് ഒരു കനിവും ഉണ്ടായിട്ടില്ലെന്നും ഒട്ടുമിക്ക ഹോസ്പിറ്റലുകളിലും റിസ്ക് ഫണ്ടുപോലും ലഭിക്കുന്നില്ലെന്നും നഴ്സുമാർ പറയുന്നു. കൊറോണ വാർഡിൽ ചികിത്സയിലിരിക്കേ നഴ്സുമാർക്ക് ശാരീരിക അസ്വസ്ഥതകളുണ്ടായാൽ സ്വന്തം ചെലവിൽ പരിശോധന നടത്തേണ്ട അവസ്ഥയാണെന്നാണ് എറണാകുളത്തെ ഒരു പ്രമുഖ ഹോസ്പിറ്റലിലെ നഴ്സ് പറയുന്നത്. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങളാണ് നഴ്സുമാർ അഭിമുഖീകരിക്കുന്നത്.

ആരോഗ്യമേഖലയിലെ എല്ലാ ജീവനക്കാരും ഇത്തരത്തിൽ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ടെങ്കിലും, നഴ്സുമാരാണ് ഇതിൽ കൂടുതൽ ദുരിതമനുഭവിക്കുന്നത്. രോഗികളുമായി കൂടുതൽ സമയം ചെലവിടേണ്ടി വരുന്നതാണ് ഇതിനു കാരണം. ഡോക്ടർമാരും മറ്റു ജീവനക്കാരും നാലു മണിക്കൂർ മാത്രമാണ് പി.പി.ഇ. കിറ്റ് ധരിക്കുന്നത് എന്നാൽ, ഞങ്ങൾ പത്തു മണിക്കൂറോളം പി.പി.ഇ. കിറ്റിനുള്ളിലാണെന്ന് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിലെ ഒരു നഴ്സ് പറയുന്നു.

പി.പി.ഇ. കിറ്റിന് ആയിരം രൂപയോളം വില വരും, അതുകൊണ്ടുതന്നെ ഇവ ഊരിമാറ്റി ഭക്ഷണം കഴിക്കാൻ ആരും തയ്യാറാകില്ല.

പുകച്ചിലും ദാഹവുംമൂലം തളരുമ്പോൾ മുഖാവരണവും മറ്റും ഊരിമാറ്റി വെള്ളം കുടിക്കുന്നവരുണ്ട്. അപകടമാണെന്നറിഞ്ഞും ഇങ്ങനെ ചെയ്യേണ്ടിവരുന്നത് നിവൃത്തികേടുകൊണ്ടാണെന്ന് കണ്ണൂരിലെ ഒരു നഴ്സ് പറയുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമ്പോഴാണ് നഴ്സുമാരിലേക്കും വൈറസ് ബാധ പടരുന്നതെന്നും ഇവർ പറയുന്നു.

പി.പി.ഇ. കിറ്റ് ധരിക്കുന്നതിനെക്കാൾ കരുതൽ വേണം ഇവ ശരീരത്തിൽനിന്നു നീക്കം ചെയ്യാൻ. കൈയുറ ഊരുമ്പോൾപോലും അല്പം പാളിയാൽ കിറ്റ് ഉപയോഗിച്ചതിന്റെ ഗുണം ഇല്ലാതാകും. പി.പി.ഇ. കിറ്റ് ഊരിക്കഴിഞ്ഞാൽ അത് അണിഞ്ഞ ആൾ ആദ്യം കൈകൾ നന്നായി കഴുകി വൃത്തിയാക്കിയിരിക്കണം. ഒരു കിറ്റ് ഒരിക്കൽ മാത്രമാണ് ഉപയോഗിക്കുന്നത്. ശരീരത്തിൽനിന്ന് നീക്കിക്കഴിഞ്ഞാൽ അത് കത്തിച്ചുകളയുകയാണ്. ഓരോ പ്രവൃത്തിക്കും അതീവശ്രദ്ധ ആവശ്യമാണെന്നും ദൈവകൃപയാലാണ് അനിഷ്ടങ്ങൾ സംഭവിക്കാത്തതെന്നും നഴ്സുമാർ പറയുന്നു.

ഇത്തരത്തിൽ സാഹസികമായ ഒരു ജീവിതമാണ് കൊറോണ പ്രതിരോധവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ഓരോ നഴ്സുമാരും നമുക്കുവേണ്ടി അനുഭവിക്കുന്നത്. കൊവിഡ് ഡ്യൂട്ടിയെടുക്കുന്ന നഴ്സുമാർ ദുരിതത്തിലാണെന്നും അടിയന്തരമായി ഇതിനു പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് നഴ്സസ് യൂണിയൻ രംഗത്തു വന്നിരുന്നു. എന്നാൽ, സർക്കാർതലങ്ങളിൽനിന്ന് ഇതുവരെ നടപടി ഉണ്ടായിട്ടില്ലെന്നതാണ് ഖേദകരം. മാനവരാശിയെ രക്ഷിക്കാൻ കണ്ണും കാതും കൂർപ്പിച്ച് അഹോരാത്രം പണിയെടുക്കുന്ന നമ്മുടെ മാലാഖമാരുടെ ദുരിതം അവസാനിപ്പിക്കാൻ സർക്കാർ തലത്തിൽ തന്നെ നടപടി വേണം. കൂടുതൽ ജീവനക്കാരെ നിയമിച്ച് തങ്ങളുടെ ജോലിഭാരം കുറയ്ക്കുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണമെന്നതാണ് നഴ്സുമാരുടെ ആവശ്യം. ■

---

പുഴയൊഴുകുംവഴി — മാത്യൂസ് ആർപ്പൂക്കര



## ചൈനയിലെ യാങ്സി നദി

**ഏ**ഷ്യയിലെ ഏറ്റവും നീളമേറിയ നദിയാണ് ചൈനയിലെ യാങ്സി. നീളത്തിന്റെ കാര്യത്തിൽ ലോകത്തിൽ മൂന്നാംസ്ഥാനവും. ഒരു രാജ്യത്തിലൂടെ മാത്രം ഒഴുകുന്ന നദികളിൽ ഏറ്റവും നീളമുള്ള നദിയെന്ന സ്ഥാനപ്പേരും യാങ്സിക്കു തന്നെ. ഏകദേശം 6300 കി.മീ. നീളം.

ചൈനയിൽ ചാങ്ജിയാങ് എന്നും യാങ്സിക്കു വിളിപ്പേരുണ്ട്. നീളമുള്ള നദി എന്നാണ് ആ ചൈനീസ്വാക്കിനർത്ഥം. യാങ്സിനദീതടത്തിനു പതിനെട്ടു ലക്ഷത്തിലേറെ ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണമുണ്ട്. അതായത്, ചൈനയുടെ അഞ്ചിലൊന്നു പ്രദേശമെന്നു ചുരുക്കം. ചൈനയിലെ ഏതാണ്ട് മൂന്നിലൊന്നു ജനങ്ങൾ താമസിക്കുന്നതും യാങ്സിയുടെ തീരപ്രദേശങ്ങളിലാണ്.

ചൈനയുടെ ചരിത്രം, സംസ്കാരം, സാമ്പത്തികരംഗം എന്നിവയുമായി അഭേദ്യബന്ധമുള്ള യാങ്സിനദി ടിബറ്റൻ പീഠഭൂമിയുടെ കിഴക്കൻപ്രദേശത്തുനിന്നാണുദ്ഭവിക്കുന്നത്. അഗാധമായ മലയിടുക്കുകളിലൂടെ ഒഴുകുന്ന യാങ്സിനദിക്കു ചിലയിടങ്ങളിൽ 150 മുതൽ 180 മീറ്റർ വരെ ആഴം കാണാം. ലോകത്തിലെതന്നെ ആഴം കൂടിയ നദികളിലൊന്നായ യാങ്സി, ഷാങ്ഹായ് എന്ന സ്ഥലത്തുവച്ച് ഈസ്റ്റ് ചൈന കടലിൽ ചേരുന്നു. എട്ട് പ്രധാന പോഷകനദികളും മറ്റനേകം ചെറുപുഴകളും ഈ നദിക്കുണ്ട്. യാലോങ്, മിൻ, ജിയാലിങ്, ഹാൻ തുടങ്ങിയവയാണ് പ്രധാനപോഷകനദികൾ.

ചൈനയുടെ ചരിത്രത്തിൽ ഉടനീളം യാങ്സി കരകവിഞ്ഞൊഴുകി ഒട്ടേറെ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പിൽക്കാലത്ത് യാങ്സിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ഒട്ടനവധി ഡാമുകൾ നിർമ്മിക്കപ്പെട്ടു. 2006 ൽ പൂർത്തിയായ ത്രീ ഗോർജസ് ഡാം അതിൽ വളരെ പ്രധാനം. ലോകത്തെ ഏറ്റവും വലിയ ജലസേചനപദ്ധതികൂടിയാണത്.

# ക്ലിയോപാട്രയുടെ മരണം വരെ






പ്രഫ. ചാണ്ടി സഖറിയാസ്

**മെ**നെസ് അഥവാ നാർമർ ആയിരുന്നു 3100 ബി.സി. യിൽ ഈജിപ്റ്റിൽ ഫറവോമാരുടെ ഭരണം സ്ഥാപിച്ചത്. അത് ബി.സി. 30 ൽ ക്ലിയോപാട്രയുടെ മരണംവരെ തുടർന്നു.

ആഫ്രിക്കൻഭൂഖണ്ഡത്തിന്റെ വടക്കേയറ്റത്തു കിടക്കുന്നതും മാനവസംസ്കാരത്തിന്റെ പിള്ളത്തൊട്ടിലുമായ ഈജിപ്റ്റിന് 1001450 ച.കി.മീ. വിസ്തൃതിയും 10 കോടിയോളം വരുന്ന ജനസംഖ്യയുമുണ്ട്. ഈജിപ്റ്റിന്റെ അതിർത്തി കാത്തുകൊണ്ട് വടക്ക് മെഡിറ്ററേനിയൻ കടലും വടക്കുകിഴക്ക് ഇസ്രായേലും തെക്കു സുഡാനും കിഴക്ക് ചെങ്കടലും അകാബാ ഉൾക്കടലും കിടക്കുന്നു. രാജ്യത്തിന്റെ പ്രധാന മതം ഇസ്ലാം ആണ്. പ്രധാന ഭാഷ ഈജിപ്ഷ്യൻഅറബിക്കും. രാജ്യത്തെ ഒരു വൻ ഭൂപ്രദേശം സഹാറാ മരുഭൂമി കവർന്നെടുത്തിരിക്കുന്നു. ബാക്കിവരുന്ന ഭാഗം നൈലിന്റെ വരദാനമാണ്. കെയ്റോമുതൽ മെഡിറ്ററേനിയൻതീരംവരെയുള്ള നൈൽ നദീതീരങ്ങളും ഈർപ്പമണിഞ്ഞ ഡൽറ്റാ പ്രദേശവുമാണ് ഈജിപ്റ്റിന്റെ കൃഷിയെയും ജനവാസത്തെയും വാണിജ്യമേഖലയെയും താങ്ങിനിർത്തുന്നത്. ആദ്യതലസ്ഥാനമായ മെംഫിസും പിന്നീടുയർന്നുവന്ന ചരിത്രനഗരവും സാംസ്കാരികകേന്ദ്രവുമായ അലക്സാണ്ട്രിയായും ഈ ഡൽറ്റയിലാണ്. നൈൽനദിയിലെ വെള്ളപ്പൊക്കവും അതിൽനിന്നുള്ള ജലസേചനവും അതിലെ സഞ്ചാരപാതകളും വാണിജ്യവുമാണ് ഈജിപ്റ്റിനെ സമ്പൽസമൃദ്ധിയിലേക്കും ചരിത്രനേട്ടങ്ങളിലേക്കും നയിച്ചത്.


**കെയ്റോ**

ഒരു യാത്രയുടെ അന്ത്യത്തിൽ ഇസ്രായേലിൽനിന്ന് സീനായ്മരുഭൂമി പിന്നിട്ട് സൂയസ് കനാലിന് അടിയിലൂടെയുള്ള ഭൂഗർഭടണലിലൂടെയാണ് ഞങ്ങൾ കെയ്റോയിലെത്തിയത്. സമയം വൈകുന്നേരം നാലുമണി. സഹാറായിൽനിന്നു വരുന്ന മണൽക്കാറ്റ് നഗരത്തിലേക്ക് അടിക്കുന്നുണ്ട്. ഇന്ത്യയിലെ വൻനഗരങ്ങൾപോലെയുണ്ട് കെയ്റോ. തിരക്കേറിയ ഇന്ത്യൻ നഗരങ്ങൾപോലെ തോന്നുന്നു. ടാക്സികളും മറ്റു കാറുകളും ഓട്ടോറിക്ഷാപോലുള്ള വാഹനങ്ങളും സൈക്കിളുകളും തിങ്ങിനിറഞ്ഞ നിരത്തുകളിലൂടെ ഓടുന്നു.

കെയ്റോ എന്ന പദത്തിന്റെ അർത്ഥം 'വിജയി' എന്നാണ്. എ.ഡി. 969 ൽ അറബികൾ സ്ഥാപിച്ചതും ആഫ്രിക്കയിലെ ഏറ്റവും വലുതുമായ നഗരമാണ്. 3085 ച.കി.മീ. വിസ്തൃതിയുള്ള നഗരത്തിൽ രണ്ടുകോടിയോളം ജനങ്ങൾ വസിക്കുന്നു. മെഡിറ്ററേനിയൻകടലിൽനിന്ന് 165 കി.മീ. അകലത്തിൽകിടക്കുന്ന ഇവിടെനിന്ന് സൂയസ് കനാലിലേക്ക് 120 കി.മീ. ദൂരമേയുള്ളൂ.

കെയ്റോ ഈജിപ്ഷ്യൻ ടൂറിസത്തിന്റെ സിരാകേന്ദ്രമാണ്. പ്രാചീനലോകത്തിലെ അഞ്ച് അദ്ഭുതങ്ങളിൽ ഒന്നും ഇന്നും നിലനില്ക്കുന്നതും മേഘങ്ങളെ തൊട്ടുരുമ്മി ആകാശത്തിലേക്കു തലയുയർത്തിനില്ക്കുന്നതും 5000 വർഷം പഴക്കമുള്ളതുമായ സർവ്വകാലവിസ്മയമായ ഗിസയിലെ പിരമിഡ് കെയ്റോയ്ക്കു തൊട്ടടുത്താണ്. മറ്റൊരു ലോകാദ്ഭുതമെന്നു പറയാവുന്നതും 240 അടി നീളവും 60 അടി പൊക്കവും മനുഷ്യന്റെ മുഖവും സിംഹത്തിന്റെ ശരീരഘടനയുമുള്ള ഭീമൻ കരിങ്കൽവിഗ്രഹം (സ്ഫിങ്ക്സ്) പിരമിഡിന് കാവൽ നില്ക്കുന്നു. ഇത് ഒറ്റക്കല്ലിൽ തീർത്തിട്ടുള്ളതാണ്. കാഫ്റേ (2575–2465 ബിസി) എന്ന ഫറവോയുടെ കാലത്തു നിർമ്മിക്കപ്പെട്ടതാണിതെന്നു വിശ്വസിക്കപ്പെടുന്നു. കെയ്റോയുടെ ഏറ്റവും വലിയ സമ്പത്ത് എന്നു പറയാവുന്നതാണ് കെയ്റോ മ്യൂസിയം. ബ്രിട്ടീഷ് മ്യൂസിയത്തെ വെല്ലുന്ന പ്രാചീനചരിത്രവസ്തുക്കളും മമ്മികളും പിരമിഡുകളിൽനിന്നുള്ള അമൂല്യശേഖരങ്ങളും കെയ്റോ മ്യൂസിയത്തെ അതുല്യമാക്കുന്നു. രാജ്യത്തിന്റെ പ്രധാന വരുമാനമാർഗ്ഗം ടൂറിസമാണ്. എല്ലാ വർഷവും ലക്ഷോപലക്ഷം സഞ്ചാരികളും ചരിത്രാന്വേഷികളും കെയ്റോയിലെത്തുന്നു.

നൈൽ നദീതീരത്തു കിടക്കുന്നതുമൂലവും മെഡിറ്ററേനിയൻ കടലിന്റെ സാമീപ്യമുള്ളതുകൊണ്ടും നൈൽ ഡെൽറ്റായുടെ സംരക്ഷണവലയത്തിലായതുകൊണ്ടും കെയ്റോയിൽ ഈർപ്പമുള്ള കാലാവസ്ഥയാണ്. കെയ്റോ രാജ്യത്തിന്റെ സാമ്പത്തിക രാഷ്ട്രീയ തലസ്ഥാനവും വിദ്യാഭ്യാസവ്യാപാരകേന്ദ്രവുമാണ്. പ്രസിദ്ധങ്ങളായ പല യൂണിവേഴ്സിറ്റികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.



കെയ്റോയിൽക്കൂടി ഒഴുകുന്ന നൈൽനദി (രാത്രി കാഴ്ച)


**ഫറവോമാർ നടന്ന വഴികൾ**

മെനസ് എന്ന ആദ്യ ഫറവോ ഈജിപ്റ്റിനെ യോജിപ്പിച്ചുകൊണ്ട് അതിനു നല്ല ഒരു അടിത്തറയിട്ടു. പിരമിഡുകളുൾപ്പെടെയുള്ള ലോകാദ്ഭുതങ്ങൾ ലോകത്തിനു കാഴ്ചവച്ചുകൊണ്ട് സഹസ്രാബ്ദങ്ങളെ അമ്പരപ്പിച്ച ഈ കാലഘട്ടം നീതിയുടെയും സമാധാനത്തിന്റെയും സുവർണകാലം കൂടിയായിരുന്നു. രണ്ടാമത്തെ ഘട്ടത്തിൽ സമ്പത്തും സ്വർണ്ണനിക്ഷേപങ്ങളും രാജ്യത്തിന്റെ യശസ്സിന് മകുടം ചാർത്തി. ഇക്കാലത്ത് ഫറവോമാർ മറ്റു രാജ്യങ്ങളുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്നു.

ഏറ്റവും പ്രഗല്ഭരായ ഫറവോമാരെ ലോകത്തിനു സമ്മാനിച്ചത് പുതിയ കാലഘട്ടത്തിലായിരുന്നു. കാർനാക്കും ലക്സറുംപോലുള്ള, ഇന്നും ആകാശത്തിലേക്കു തലയുയർത്തിനില്ക്കുന്ന ക്ഷേത്രസമുച്ചയങ്ങൾ പണിതുയർത്തിയ റംസെസ് രണ്ടാമനും തൂത്തൻകമോനും ഇക്കാലത്താണ് ജീവിച്ചിരുന്നത്.

റാംസെസ് രണ്ടാമന്റെ മമ്മി ഈജിപ്ഷ്യൻ മ്യൂസിയത്തിൽ ഞാൻ കാണുകയുണ്ടായി. പിന്നീട് ബി.സി. 332 ലെ അലക്സാണ്ടറുടെ ആക്രമണം കഴിഞ്ഞ് ഗ്രീസിലെ മാസിഡോണിയയിൽനിന്നുള്ള ടോളമിമാർ ഈജിപ്റ്റിൽ ഫറവോമാരായി. ഇതിൽ ഒരു ടോളമിയുടെ നിർദ്ദേശപ്രകാരം ബൈബിളിലെ പഴയ നിയമം ഹീബ്രുഭാഷയിൽ നിന്ന് ആദ്യമായി ഗ്രീക്കുഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. ഈ കാലഘട്ടത്തിന്റെ അന്ത്യത്തിലാണ് ക്ലിയോപാട്ര അവസാനത്തെ ഫറവോ ആയി ബിസി 30 വരെ ഭരണം നടത്തിയത്. ഈജിപ്ഷ്യൻ ഫറവോമാരിൽ സ്ത്രീകളായിരുന്ന രണ്ടുപേരിൽ ഒരാളാണ് ക്ലിയോപാട്ര. ബുദ്ധിമതിയും നയതന്ത്രജ്ഞയും ധീരയും സമാകർഷണീയമായ വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു ക്ലിയോപാട്ര. അന്ന് ഈജിപ്റ്റിന്റെ തലസ്ഥാനം അലക്സാണ്ടർ സ്ഥാപിച്ച അലക്സാണ്ട്രിയായിലേക്കു മാറ്റിയിരുന്നു. അവരും റോമൻ ജനറലായിരുന്ന മാർക്ക് ആന്റണിയും ചേർന്നുണ്ടാക്കിയ സഖ്യം റോമിനു ഭീഷണിയാണ് എന്നു തോന്നിയ റോമിലെ ഒക്ടോവിയൻ (അഗസ്റ്റസ് സീസർ) ഈജിപ്റ്റിനെ ആക്രമിച്ചു കീഴടക്കുകയും തുടർന്ന് റോമാക്കാർ എ.ഡി. 395 വരെ ഈജിപ്റ്റിനെ ഭരിക്കുകയും ചെയ്തു. പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമായി (ഇപ്പോഴത്തെ ഈസ്റ്റാംബുൾ) നിലനിന്നിരുന്ന ബൈസന്റയിൻ സാമ്രാജ്യത്തിന്റെ കീഴിലായി ഈജിപ്റ്റ്. റോമൻ ചക്രവർത്തി ഡയോക്ലീഷൻ റോമൻ യഹൂദക്രൈസ്തവമതങ്ങളുടേതല്ലാത്ത ദൈവങ്ങളെ ആരാധിക്കുന്നത് നിരോധിച്ചു. അതോടെ ഈജിപ്ഷ്യൻദൈവങ്ങളും, സംസ്കാരവും ഭാഷയും പൂർണമായി വിസ്മൃതിയിലാണ്ടു.

(തുടരും)



അബ്ദുൾ ഗമാൽ നാസർ

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# തന്മയും തനിമയും

നാമങ്ങളിൽനിന്നോ ഭേദക(വിശേഷണം)ങ്ങളിൽനിന്നോ വ്യുത്പന്നമാകുന്ന ശബ്ദങ്ങൾക്ക് തദ്ധിതം എന്നു പറയുന്നു. തദ്+ഹിതം (നാമത്തിനു ഹിതമായിട്ടുള്ളത്) എന്നു തദ്ധിത ശബ്ദത്തിന് അർത്ഥം. തദ്+ഹിതം = തദ്ധിതം. ഭാഷയിലെ തന്മാത്രതദ്ധിത(തത്+മാത്രം–അതുമാത്രം)ത്തിന്റെ മുഖ്യപ്രത്യയം 'മ' ആണ്. ഒരു വസ്തുവിന്റെ ഒരു ഗുണം മാത്രം എടുത്തുകാണിക്കലാണ് 'മ' യുടെ ധർമ്മം. ഒരാൾ സുന്ദരനാകുന്നതിൽ പല ധർമ്മങ്ങളും (പൊക്കം, നിറം, വണ്ണം, അവയവപ്പൊരുത്തം) ഉണ്ടായിരിക്കേ സൗന്ദര്യം എന്ന ധർമ്മത്തെ മാത്രം എടുത്തുപറയുമ്പോൾ അത് തന്മാത്രതദ്ധിതമായി. നാമശബ്ദങ്ങളോട് 'മ' ചേർത്തും (ആൺ–ആണ്മ, കോൻ–കോന്മ, കോയ്മ) ഭേദകങ്ങളോട് 'മ' ചേർത്തും (നൻ–നന്മ, തിൻ–തിന്മ) തന്മാത്രതദ്ധിതങ്ങൾ ഉണ്ടാക്കാം.

തൻ എന്ന ഭേദകാർത്ഥപ്രകൃതിയിൽ 'മ' ചേർത്തു സൃഷ്ടിച്ച തന്മാത്രതദ്ധിതങ്ങളാണ് തന്മ, തനിമ എന്നീ വാക്കുകൾ. തൻ+മ= തന്മ; തൻ+ഇ+മ= തനിമ. തമിഴിലെ, തന്മൈയും തനിമൈയും ആണ് സ്വരസംവരണംവഴി തന്മയും തനിമയും ആയിത്തീരുന്നത്. മേൻമ, വന്മ, പൊലിമ, എന്നിങ്ങനെ വേറെ ഉദാഹരണങ്ങൾ കണ്ടെത്താം. തന്മ എന്ന ശബ്ദത്തിന്, വിശേഷസ്വഭാവം (characteristic) പ്രത്യേകത (quality) സത്യം (truth, reality) എന്നെല്ലാമാണ് അർത്ഥം. 'തന്മ നിർദ്ദേശികാകർത്താ' എന്ന് കേരളപാണിനി. * തന്മ (ശബ്ദസ്വരൂപം) തന്നെയാകുന്നു നിർദ്ദേശിക എന്നു വിവക്ഷിതം.

തനിമ എന്ന പദത്തിന് തനിയെ ഉള്ള അവസ്ഥ (state of being alone) ഏകത്വം (singleness) എന്നീ അർത്ഥങ്ങളാണ് ഉള്ളത്. തനതായ സ്വഭാവം, പ്രത്യേകത തുടങ്ങിയ വിവക്ഷിതങ്ങളിൽ തനിമ പ്രയോഗിക്കുന്നത് അത്രകണ്ടു ശരിയല്ല. അത്തരം സന്ദർഭങ്ങളിൽ തന്മ എന്നുപയോഗിക്കുന്നതാണ് അർത്ഥവ്യക്തതയ്ക്കു നല്ലത്. 'മലയാളത്തിന്റെ തന്മ' എന്നിടത്ത് തന്മയും 'തനിമയൊടു ചെന്നു തൊഴുതു' എന്നിടത്ത് തനിമയും തമ്മിലുള്ള വ്യത്യാസം പ്രകടമാണല്ലോ.

കലർപ്പില്ലായ്മ, തനതായ സ്വഭാവം, പ്രത്യേകത, മാറ്റ് (സ്വർണ്ണം, വെള്ളി, തുടങ്ങിയ ലോഹങ്ങളിൽ) തുടങ്ങിയ അർത്ഥങ്ങളിൽ തനിമ എന്ന പദം പ്രചരിച്ചുപോയി എന്ന വസ്തുത മറന്നുകൊണ്ടല്ല തന്മയും തനിമയും തമ്മിലുള്ള വൈജാത്യം ഇവിടെ കുറിച്ചത്. പ്രയോഗസാധുത്വത്തിന്റെ പിൻബലം തനിമയ്ക്കു കിട്ടിയേക്കാം. പക്ഷേ, സൂക്ഷ്മാർത്ഥനിവേദനത്തിന് തന്മയും തനിമയും തമ്മിലുള്ള അന്തരം മനസ്സിലാക്കിയേ തീരൂ.

* രാജരാജവർമ്മ ഏ.ആർ. കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം – 171

# മനുഷ്യായുസ്സിനു മാനസികാരോഗ്യം



ഡോ. ജോസ് ആന്റണി CMI

രാജ്യത്തിന്റെ സുസ്ഥിതിയും ക്ഷേമവും ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതവും ഉറപ്പാക്കുന്നതിൽ, മാനസികാരോഗ്യം പ്രധാന പങ്കു വഹിക്കുന്നു. മാനസികാരോഗ്യം എന്നത് മനുഷ്യാവകാശമാണ്. സാർവത്രിക ആരോഗ്യപരിരക്ഷയുടെ അടിത്തറയാണ് ഗുണനിലവാരമുള്ളതും എളുപ്പം ലഭ്യമാക്കാവുന്നതുമായ മാനസികാരോഗ്യപരിരക്ഷ. നിലവിലെ ഗുരുതരമായ സാഹചര്യത്തിൽ ഇത് അതീവ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.

ഓരോ പ്രായത്തിലുള്ളവരും, ഓരോ വിധത്തിലുള്ള മാനസിക-ശാരീരിക വിഷമതകളിൽപ്പെട്ടിരിക്കുന്നു. ആരോഗ്യപ്രവർത്തകർ, വിദ്യാർഥികൾ, അധ്യാപകർ, കൂലിപ്പണിക്കാർ, പ്രൈവറ്റ് മേഖലകളിൽ ജോലിചെയ്യുന്നവർ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവരെല്ലാം ഇത്തരം അവസ്ഥയിലൂടെ കടന്നുപോകുന്നു. 60 വയസ്സ് കഴിഞ്ഞവരിൽ കൊറോണ വൈറസ് രോഗബാധ വന്നതിൽപ്പിന്നെയുണ്ടായ മാനസികപ്രശ്നങ്ങൾ ഏറിയിട്ടുണ്ട്. പ്രത്യേക ശ്രദ്ധയും മാനസികപിന്തുണയും ചികിത്സയും അടിയന്തരമായി ഇവരിൽ നടപ്പിലാക്കേണ്ടതുണ്ട്. ഓരോ നാലു പേരിലും ഏതെങ്കിലും കാരണത്താൽ മാനസിക വിഭ്രാന്തിയുണ്ടാകും.



ലോകാരോഗ്യസംഘടനയുടെ 2001 ലെ കണക്കുപ്രകാരം മാനസികവൈകല്യത്തിലകപ്പെട്ടവർ 450 ദശലക്ഷമാണ്. ഇന്നത് ഇരട്ടിയായിരിക്കുന്നു. ആഗോളതലത്തിൽ വിവിധ രോഗങ്ങളുടെ കാരണങ്ങളിൽ 13 % മാനസികപ്രശ്നമാണ് എന്ന് 2018 ലെ കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യ-മയക്കുമരുന്നുപയോഗംമൂലം മാനസിക - ന്യൂറോളജിക്കൽ വൈകല്യങ്ങൾ അനുദിനം കൂടിവരുന്നു. ഇന്ത്യയിൽ 90 ദശലക്ഷത്തിലധികം പേർ ഏതെങ്കിലും തരത്തിലുള്ള മാനസികപ്രശ്നമുള്ളവരാണ്. ബാംഗ്ലൂർ നിംഹാൻസിന്റെ 2015-16 ലെ റിപ്പോർട്ടിനനുസരിച്ച് 150 ദശലക്ഷം പേർ അടിയന്തരചികിത്സ ആവശ്യമുള്ളവരാണ്. എന്നാൽ, 30 ലക്ഷം പേർക്കേ ഇത് ലഭ്യമാകുന്നുള്ളൂ മൾട്ടിനാഷണൽ, കോർപ്പറേറ്റ് മേഖലകളിൽ മാനസികപ്രശ്നങ്ങൾ വർധിക്കുന്നതായും അവിടെ ജോലിചെയ്യുന്നവരിൽ 42.5% പേരും വിഷാദം, ഉത്കണ്ഠ എന്നിവ പേറുന്നവരാണെന്നും പഠനങ്ങൾ പറയുന്നു.

കൊറോണ വൈറസിന്റെ വ്യാപനംമൂലം മനുഷ്യരിലുണ്ടായ ഉത്കണ്ഠ, ഭയം, ഒറ്റപ്പെടൽ, സാമൂഹികാകലം, യാത്രാ-ജോലിതടസ്സം, വൈകാരിക ക്ലേശങ്ങൾ, ഉറ്റവരുടെ മരണം, തുടരുന്ന അനിശ്ചിതത്വം, ഉത്പാദനവരുമാനനഷ്ടം, സാമ്പത്തികത്തകർച്ച, ദാരിദ്ര്യം തുടങ്ങി നിരവധി പ്രശ്നങ്ങൾ വരുംതലമുറയെത്തന്നെ ദോഷകരമായി ബാധിക്കുമെന്നും ഐക്യരാഷ്ട്രസംഘടന മുന്നറിയിപ്പു നൽകുന്നു. 2017 ലെ യു.എസ്. നാഷണൽ സെന്റർ ഫോർ ബയോ ടെക് ഇൻഫർമേഷൻ റിപ്പോർട്ട് പ്രകാരം ആത്മഹത്യകൾ കൂടുതലും മാനസികരോഗവുമായി ബന്ധപ്പെട്ടാണ്, വിഷാദം, ലഹരിയുപയോഗം, സൈക്കോസിസ് ഇവയാണ് അപകടഘടകങ്ങൾ. 15 നും 35 നുമിടയിലുള്ളവരുടെ ആത്മഹത്യ വർധിക്കുന്നു. ഓരോ 40 സെക്കന്റിലും ഒരാൾ ആത്മഹത്യ ചെയ്യുന്നതായി ലോകാരോഗ്യ സംഘടനയുടെ 2018 ലെ റിപ്പോർട്ടിൽ പറയുന്നു. പ്രതിവർഷം ഇത് 8 ലക്ഷമാണ്. യുദ്ധങ്ങൾ മൂലം മരിക്കുന്നതിനെക്കാളധികമാണിത്.

ആത്മഹത്യയ്ക്കു ശ്രമിക്കുന്നവരും ഏറെയാണ്. 29 വയസ്സുവരെയുള്ളവരുടെ ആത്മഹത്യയിൽ 79% ഉം താഴ്ന്ന ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലാണു സംഭവിക്കുന്നത്. ഭൂരിഭാഗം രാജ്യങ്ങളിലും കുട്ടികളിലെ ആത്മഹത്യയും കൂടിക്കൂടിവരുന്നു. കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്ന വൻദുരന്തമാണിത്. ആത്മഹത്യ ചെയ്യുന്നവരുടെ ബന്ധുക്കളിൽ ഭാവിയിൽ വിനാശകരമായ ഫലങ്ങളുളവാകുന്നു. ശിശു കൗമാര മാനസികാരോഗ്യ രംഗത്തെ നമ്മുടെ മികവില്ലായ്മ മാനസികപ്രശ്നം ഉള്ള 50 ലക്ഷം കുട്ടികളിൽ ഇന്ന് എത്തിനിൽക്കുമ്പോൾ വരുംകാലങ്ങളിൽ അത് വർധിക്കും എന്നതിൽ സംശയമില്ല. 2012 ലെ കണക്കനുസരിച്ച് ലോകത്ത് രണ്ടരലക്ഷം ഇന്ത്യക്കാരുടെ ആത്മഹത്യയിൽ പകുതിയിലധികം 19 വയസ്സിൽ താഴെയുള്ളവരാണ്. മാനസികാരോഗ്യരംഗത്ത് കുട്ടികളെ നാം ഏറെ ശ്രദ്ധിച്ചില്ലെങ്കിൽ ഭാവിവികസനസങ്കല്പങ്ങൾക്കു വളർച്ചയില്ലാത്തതാകും എന്നതിൽ സംശയം വേണ്ട. അതിനാൽ കുട്ടികളുടെ മാനസികാരോഗ്യത്തിന് കുടുംബവും സമൂഹവും അതീവപ്രാധാന്യം നൽകണം.

2018 ബജറ്റ് പ്രകാരം ഈ മേഖലയിൽ ചെലവഴിക്കേണ്ടിയിരുന്ന തുകയിൽ പത്തുശതമാനം മാത്രമാണു ചെലവഴിച്ചത്. 150 ദശലക്ഷം രോഗികളെ കണക്കിലെടുത്താൽ ഒരാൾക്ക് 33 പൈസ മാത്രം. അതിനുള്ള ചികിത്സകർ മാത്രമാണ് ഇവിടെയുള്ളത്. ഇന്ത്യയിലെ മാനസികരോഗ വിദഗ്ധർ മറ്റു രാജ്യങ്ങളിൽ മെച്ചപ്പെട്ട ജോലിസാധ്യതകൾ തേടുമ്പോൾ ഇവിടെ കുറവുകൾ ഓരോ ദിവസവും വർദ്ധിക്കുന്നു. ശരിയായ ചികിത്സയുടെയും മറ്റു സൗകര്യങ്ങളുടെയും അഭാവത്തിലുണ്ടാകുന്ന മാനസികരോഗ പ്രതിസന്ധിമൂലം വരുന്ന നഷ്ടം 2012 മുതൽ 2020 വരെയുള്ള കാലയളവിൽ ഒരു ട്രില്ല്യൺ ഡോളർ ആണെന്ന് യുഎൻ റിപ്പോർട്ടിൽ പറയുന്നു. 2007 ലെ ഐക്യരാഷ്ട്ര സംഘടനയുടെ ഉടമ്പടിപ്രകാരം ഭിന്നശേഷിക്കാരുടെ മാനസികാരോഗ്യപരിപാലനം മൗലികാവകാശമാണ്. ഇതിൻപ്രകാരമുള്ള ദേശീയനിയമം (2017) സൗജന്യചികിത്സ ഉറപ്പുവരുത്തുന്നുണ്ടെങ്കിലും അതു പൂർണ്ണതയിൽ ലഭ്യമാകുന്നില്ല. അടിയന്തരാവശ്യം ജില്ലാ മാനസികാരോഗ്യപദ്ധതി പ്രകാരം ഗ്രാമപ്രദേശത്തു സേവനം ലഭ്യമാക്കാൻ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും എല്ലാ ഡോക്ടർമാർക്കും പരിശീലനം നൽകുകയും ചെയ്യുക എന്നതാണ്. പുനരധിവാസകേന്ദ്രങ്ങൾ, ഡീഅഡിക്ഷൻ സെന്ററുകൾ ഇവയുടെ സേവനം മെച്ചപ്പെടുത്തുകയും കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കുകയും ചെയ്യണം. എല്ലാ മരുന്നുകളും സൗജന്യമായി നൽകുകയും, ലഭ്യത ഉറപ്പാക്കുകയും മാനസികാരോഗ്യ ചികിത്സാഫണ്ടുകൾ വർദ്ധിപ്പിക്കുകയും വേണം. രോഗപ്രതിരോധപ്രവർത്തനങ്ങൾ കൂട്ടുകയും കൗൺസെലിംഗ് സൗകര്യം, കൃത്യമായ സമയത്ത് മരുന്നുപയോഗം, തൊഴിൽപരമായ മേഖലയിൽ കൂടുതൽ ക്രിയാത്മകത ഇവയിലൂടെ രോഗികൾക്ക് കുടുംബവും സമൂഹവും ശക്തമായ പിന്തുണ നൽകുകയും വേണം. ഈ വർഷത്തെ മാനസികാരോഗ്യ ദിനത്തിൽ ലോകാരോഗ്യസംഘടന, മാനസികാരോഗ്യമേഖലയിൽ വലിയ നിക്ഷേപം നടത്താൻ ആവശ്യപ്പെടുന്നു. രാജ്യങ്ങൾ അവരുടെ ആരോഗ്യ ബജറ്റിന്റെ 2% ശതമാനം മാത്രമാണ് ഈ രംഗത്തു ചെലവഴിക്കുന്നത്. ലോകമാനസികാരോഗ്യദിനം വിഭാവനം ചെയ്യുന്നത് ലോകത്തിന് ഒത്തുചേരാനും കാലാകാലങ്ങളായുള്ള മാനസികാരോഗ്യ അവഗണന പരിഹരിക്കാനും ആളുകളുടെ മാനസികാരോഗ്യ ക്ഷേമം ഉറപ്പുവരുത്താനും, നൂതനമാർഗ്ഗങ്ങളിലൂടെ രോഗസാധ്യതകൾ കുറയ്ക്കാനുമാണ്.

■

പ്രണയപാഠാവലി 58

# പ്രവർത്തനനിരതമായ പ്രതിരോധതന്ത്രങ്ങൾ



ഡോ. ആന്റണി ജോസ്

സ്ഥാനമാറ്റത്തിനെക്കാൾ അല്പംകൂടി സങ്കീർണ്ണമാണ് പ്രക്ഷേപണം. സ്വന്തം വീഴ്ചയോ കുറ്റമോ മറ്റൊരാളുടെമേൽ ആരോപിക്കലാണിത്.

ഭാര്യയുടെ പരാതി കേൾക്കാം. ഭർത്താവിനു തീരെ സമയബോധമില്ല. എന്തെങ്കിലുമൊക്കെ ചെയ്ത് സമയം പാഴാക്കും. എത്ര കാര്യങ്ങൾ തീർപ്പാക്കാതെ കിടപ്പുണ്ടെന്നോ? എത്ര പറഞ്ഞാലും തലയിൽ കേറില്ല. ഞാനൊറ്റയ്ക്കു കഷ്ടപ്പെട്ടു മടുത്തു.

ഇനി ഭർത്താവിന്റെ ഭാഗം സത്യസന്ധമായി ഒന്നു പഠിക്കാം. ആൾ കഠിനാദ്ധ്വാനിയാണ്. ജോലിയൊക്കെ കൃത്യനിഷ്ഠയോടെ ചെയ്യും. ഉത്തരവാദിത്വബോധവുമുണ്ട്. വല്ലപ്പോഴുമല്പം വിശ്രമിക്കുകയോ പത്രം നോക്കുകയോ ചെയ്യുമെന്നതൊഴിച്ചാൽ ഇരുപത്തിനാലുമണിക്കൂറും കർമ്മനിരതൻ!

അപ്പോൾ, അവൾ കളവു പറയുയാണോ? അല്ല, അതാണ് പ്രക്ഷേപണം എന്ന പ്രതിരോധതന്ത്രം.

യഥാർത്ഥത്തിൽ സമയബന്ധിതമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്തത് അവൾക്കാണ്. പെട്ടെന്നു മടുക്കുന്ന പ്രകൃതവും. ഒരേസമയം ഒന്നിലധികം കാര്യങ്ങളിൽ ഇടപെടേണ്ടിവരുമ്പോൾ ആധിയായി. വീട്ടമ്മയെന്ന നിലയിൽ തന്റെ പ്രകടനം മോശമാകുന്നല്ലോ എന്നുള്ള പരിഭ്രമവും. ഈ മാനക്കേടിനെ തരണം ചെയ്യുന്നതിനുള്ള ശ്രമമാണ്, ഭർത്താവിന്റെ മേൽ സ്വന്തം കുറവുകളെ കെട്ടിവയ്ക്കുന്നതിന്റെ പിന്നിൽ. അതായത്, സമയബന്ധിതമായി പ്രവർത്തിക്കാനുള്ള തന്റെ കഴിവില്ലായ്മയെ, ഭർത്താവന്റെ വീഴ്ചയാക്കി ചിത്രീകരിക്കുന്നു...

അയാൾ എങ്ങനെയായിരിക്കും ഇതിനോടു പ്രതികരിക്കുക?

ചിലർക്കു കാര്യത്തിന്റെ കിടപ്പ് പെട്ടെന്ന് പിടികിട്ടും. ഭാര്യയുടെ വീഴ്ച തന്റെ തലയിൽ വച്ചുകെട്ടുന്നത് അവൻ പൊറുക്കില്ല. അതയാളുടെ അഹത്തെ ദുർബലമാക്കും. അതുകൊണ്ട് വാദിച്ചു ജയിക്കാൻ നോക്കും. പക്ഷേ, പ്രതിരോധതന്ത്രങ്ങൾ അബോധമായതിനാൽ അയാളുടെ യുക്തിവാദങ്ങളൊന്നും ചെലവാകില്ല. അവൾ പ്രതിരോധം നടത്തും; അല്ലെങ്കിൽ നിസ്സഹായയായി വിങ്ങിപ്പൊട്ടും.

വലിയ ആലോചനയ്ക്കോ വിശകലനത്തിനോ ഒരുമ്പെടാത്ത ഭർത്താവാണെങ്കിൽ സ്ഥിതി വേറേയായിരിക്കും. അടിസ്ഥാന രഹിതമായ ആരോപണം അയാളെ പ്രകോപിപ്പിക്കും. ചീത്തവിളിയും കൈയാങ്കളിയുംവരെ സംഭവിച്ചെന്നിരിക്കും.

**ഭാര്യയെ എന്താണിതിനു പ്രേരിപ്പിക്കുക?**

സ്വസമൂഹത്തിൽ തന്റെ ദൗർബല്യങ്ങൾ വെളിപ്പെടുത്തുക വലിയ മാനഹാനിയുണ്ടാക്കുന്ന കാര്യമാണ്. കണ്ടവരൊക്കെ കുറ്റംപറയും. അതു മാത്രവുമല്ല, അവളിലെ അമ്മയാകുന്ന സ്ത്രീത്വത്തിനുമുണ്ട് ആശങ്കകൾ. താൻ വളർത്തിക്കൊണ്ടു വരേണ്ട കുടുംബം, വേണ്ടവിധമെത്തുന്നില്ലല്ലോ എന്ന കുറ്റബോധം - അതാണവളുടെ നീറുന്ന പ്രശ്നം...

ഇവിടെ ഭർത്താവിനു വിവേകത്തോടെ ചെയ്യാവുന്ന കാര്യം, അവളെ സമയബന്ധിതയാക്കുന്ന കാര്യത്തിൽ സഹായിക്കുക എന്നതാണ്. അവളുടെ ഭാരത്തെ, സ്വന്തം ചുമലിലേക്കുകൂടി പകുത്തെടുക്കുക. മറ്റെന്താണ് കരണീയമായിട്ടുള്ളത്?

'നിന്റെ കുറ്റം എന്റെമേൽ ചാർത്തുന്നോ?' എന്നു മാത്രമുള്ള പ്രത്യാക്രമണങ്ങൾ നിഷ്ഫലമായിത്തീരുന്നു. കുറ്റബോധവും അരക്ഷിതാവസ്ഥയും കൂടിവരികയും ചെയ്യും.

അടുക്കും ചിട്ടയുമില്ലാത്ത, ശുചിത്വബോധം തൊട്ടുതീണ്ടിയിട്ടില്ലാത്ത ഭർത്താവ് ഭാര്യയെ കുറ്റപ്പെടുത്താം. വൃത്തിയും മെനയുമില്ലാത്തവൾ എന്ന്! ഇവിടെയും സ്വന്തം അപചയത്തെ പങ്കാളിയിലേക്കു പ്രക്ഷേപണം ചെയ്യുന്നു. അത്രമാത്രം. മദ്യാസക്തനായ ഭർത്താവ് തന്റെ ദുശ്ശീലത്തിനു കാരണമായി ഭാര്യയുടെ സ്വഭാവദൂഷ്യത്തെ പഴിചാരാം. കുട്ടികളുടെ പഠനത്തിലെ പിന്നാക്കാവസ്ഥയെപ്പറ്റി പരസ്പരം ചെളിവാരിയെറിയാം. പഴിചാരുന്ന വ്യക്തിക്ക്, പലവിധ കാരണങ്ങളാൽ, മക്കളുടെ പഠനത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. അതാണ് പങ്കാളിയിലേക്കു ചുമത്തിയത്.

പങ്കാളിയുടെ അഹത്തിന് ഒരിക്കലും താനൊരു ഭീഷണിയാവില്ല എന്ന ഉറപ്പു നൽകാൻ സാധിച്ചാൽ, അതൊരു വലിയ കാര്യമാണ്. അവിടെ പ്രതിരോധതന്ത്രങ്ങളുടെ പ്രവർത്തനം കുറഞ്ഞുവരുന്നു. കുടുംബത്ത് എന്തെങ്കിലുമൊരു ന്യൂനതയുണ്ടായാൽ, പങ്കാളി തന്നെ കടിച്ചുകീറുമെന്ന് ആശങ്കപ്പെടുന്നിടത്താണ് പ്രതിരോധം രൂപംകൊള്ളുക. അഹത്തെ പരസ്പരം ഭദ്രമാക്കുക. അതിന് പ്രണയമല്ലാതെ മറ്റെന്താണുള്ളത്?

■

# മുല്ലപ്പെരിയാറിന് 125

**മുല്ലപ്പെരിയാർ ഡാം കമ്മീഷൻ ചെയ്തിട്ട് ഈ ഒക്ടോബർ പത്തിന് 125 വർഷം പൂർത്തിയായി**





■ അഡ്വ. റസൽ ജോയി

മുല്ലപ്പെരിയാർ ഡാമിന് 125 വയസ്സ്. 1895 ഒക്ടോബർ പത്തിന് കമ്മീഷൻ ചെയ്യപ്പെട്ട ഈ ഡാം ഏതു നിമിഷവും തകരാമെന്നു പറഞ്ഞത് ലോകം അറിയപ്പെടുന്ന ശാസ്ത്രജ്ഞന്മാരാണ്.

1964 ൽ കേന്ദ്രജലകമ്മീഷൻ ചെയർമാനായിരുന്ന ഡോ. കെ. സി. തോമസ് ഡാം അപകടനിലയിലാണെന്നു കണ്ടെത്തി റിപ്പോർട്ട് കൊടുത്തതിനു ശേഷം ആവിർഭവിച്ച തർക്കങ്ങൾ ഇന്നും തീർന്നിട്ടില്ല. ഇനി നമുക്കു തർക്കിച്ചുനിൽക്കാൻ സമയമുണ്ടോ?

തമിഴ്നാടിന്റെ പൊതു പ്രശ്നങ്ങളിൽ തമിഴ് രാഷ്ട്രീയ നേതാക്കൾ ഒന്നിച്ചുനിന്നാണ് പരിഹാരമുണ്ടാക്കുന്നത്. കേരളത്തിൽ നാടിന്റെ നന്മയ്ക്കുതകുന്ന ഒരു പ്രായോഗികസമീപനം നിർഭാഗ്യവശാൽ നാളിതുവരെ ഇല്ല. മുല്ലപ്പെരിയാറിൽ മാത്രമല്ല, കേരളത്തിന്റെ കിഴക്കൻമലയോരങ്ങളിൽനിന്നും ഉദ്ഭവിക്കുന്ന പല നദികളിലും തമിഴ്നാട് ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. കൈയേറ്റങ്ങൾ നടത്തിയും അണക്കെട്ടുകൾ കെട്ടിയും തുരങ്കങ്ങൾ തീർത്തും വെള്ളം കടത്തുന്നു.

പെരിയാർ നദിയിലെ ഒന്നാമത്തെ അണക്കെട്ടാണ് മുല്ലപ്പെരിയാർ. സമുദ്രനിരപ്പിൽനിന്ന് 2980 അടി (881 മീ.) ഉയരം. മുല്ലപ്പെരിയാർ ഡാമിനു താഴെ നേർരേഖയിൽ ചെറുതോണിയും കുളമാവും ചേർന്ന ഇടുക്കിയും നേര്യമംഗലവും ലോവർ പെരിയാറും ഭൂതത്താൻകെട്ടും സ്ഥിതിചെയ്യുന്നു.

2980 അടി ഉയരത്തിൽനിന്ന് ഒരു വസ്തു താഴോട്ടു പതിച്ചാലുണ്ടാകാവുന്ന ദുരന്തം വിവരണാതീതമാണ്. ഒരു ടൺ ഭാരമുള്ള ഒരു കല്ല് ഇപ്രകാരം വീണാൽ വീഴുന്ന സ്ഥലത്ത് 45 അടി ആഴത്തിൽ കുഴിയുണ്ടാകും. വീഴുന്നതു വെള്ളമായതിനാൽ 45 ഡിഗ്രി ചെരിവുള്ള പ്രതലത്തിലും 20 ഡിഗ്രി ചെരിഞ്ഞ പ്രതലത്തിലും താഴേക്കു പ്രവഹിക്കുമ്പോൾ വേഗം 120 കിലോമീറ്റർ ഉണ്ടാകും. എത്ര വലിയ തടസ്സങ്ങളും ഇടിച്ചുതെറിപ്പിച്ച് താഴേക്കു കുത്തിയൊലിക്കും.

മുല്ലപ്പെരിയാറിലെ ജലശേഷി 15 ദശലക്ഷം ഘനയടിയാണ്. ഇടുക്കിയിലേത് 70 ദശലക്ഷം. താഴെ ലോവർ പെരിയാറിൽ 10 ദശലക്ഷവും. വരുന്ന വെള്ളം അതേപടി ശക്തിനിലയത്തിലേക്കു കയറ്റിവിടാനുദ്ദേശിച്ചിരിക്കുന്നതിനാൽ അളവിൽക്കൂടുതൽ വന്നാൽ അണക്കെട്ട് തുറക്കുകയോ കവിഞ്ഞൊഴുകുകയോ ചെയ്യുന്നു. ഇതു ഭൂതത്താൻകെട്ടിലെത്തി അവിടെ സംഭരിക്കപ്പെട്ടിരിക്കുന്ന 10 ദശലക്ഷം ഘനയടിയും ചേർന്ന് താഴേക്കൊഴുകുമ്പോൾ നദിയുടെ വീതിയും ഒഴുക്കിന്റെ വേഗവുമനുസരിച്ച് നേര്യമംഗലം മുതൽ താഴേക്ക് 48 അടി ഉയരത്തിലൊഴുകാം വെള്ളം. ആലുവാപ്പുഴയിലെത്തുമ്പോൾ നിരന്നും പരന്നും വ്യാപിക്കുന്നതിനാൽ ഉയരം 22 അടിയാകും. ഇത് എവിടെയെല്ലാം നാശം വിതയ്ക്കുമെന്നത് വേഗത്തെ ആശ്രയിച്ചിരിക്കും. നദീതീരങ്ങളിലെ കഥ മാത്രമാണിത്. മറിച്ച്, 120 കി.മീ. വേഗത്തിൽ മുല്ലപ്പെരിയാറിൽനിന്നു കുതിച്ചുപായുന്ന വെള്ളം തീരദേശത്തെ ചെറുകുന്നുകളെ കടപുഴക്കിയൊഴുകിയാൽ പുതിയ വഴി രൂപപ്പെടുകയാവും ഫലം. വേഗം കൂടാൻ കാരണം ഉയരം തന്നെയാണ്.

ഇത്രയും മുല്ലപ്പെരിയാർ ജലസംഭരണിയുടെ മാത്രം കാര്യമാണ്. ഇതു വന്നെത്തുന്നത് ഇടുക്കിയിലായതിനാൽ (നിറഞ്ഞിരിക്കുന്ന സമയത്താണെങ്കിൽ) ചെറുതോണിഡാമിന്റെ ഷട്ടറുകൾ ഒന്നിച്ചു തുറന്നുകൊടുക്കേണ്ട തായി വരും (സാവകാശം കിട്ടിയാൽ). ഇല്ലെങ്കിൽ ചെറുതോണി അണക്കെട്ടിലിടിച്ചു കവിഞ്ഞൊഴുകാം. ചെറുതോണി അണക്കെട്ടിനും എന്തെങ്കിലും സംഭവിച്ചാൽ 70 ദശലക്ഷം ഘനയടിയും മുല്ലപ്പെരിയാറിലെ 15 ദശലക്ഷം ഘനയടിയും താഴെയുള്ള മറ്റു ഡാമുകളിലെയും എല്ലാം ചേർന്ന് 125 ദശലക്ഷം ഘനയടി വെള്ളം ഉണ്ടാകും. ആലുവാപ്പുഴയിൽനിന്ന് ഇരുകരകളിലേക്കും 30 അടി മുതൽ 45 അടി വരെ വെള്ളം ഉയരാം. ടിപ്പു സുൽത്താൻ തിരിച്ചുപോയത് ഇതിന്റെ നൂറിൽ ഒരു ഭാഗം വെള്ളം കണ്ടാണ് എന്നോർക്കണം. ഇതു നദിയുടെ ഇരുകരകളിലുമുള്ള സമസ്തജീവജാലങ്ങൾക്കും പ്രകൃതിക്കും കനത്ത നഷ്ടം വരുത്തും.

ഡാം പൊട്ടിയാൽ പെരിയാറിലൂടെ മാത്രമേ നീരൊഴുക്കുണ്ടാകൂ എന്ന വാദം അർത്ഥശൂന്യമാണ്. മലകൾ ഇടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടാൽ പുതിയ നദികൾ രൂപപ്പെടുന്നതിനും പെരിയാറിന്റെ നാശത്തിനും സാധ്യതയേറെയാണ്. ഇടുക്കിഡാമിൽ വെള്ളം എത്തുന്നതിനുമുമ്പുതന്നെ വണ്ടിപ്പെരിയാറിനടുത്തുള്ള അഴുതനദിയിലും വാഗമണ്ണിനടുത്തുള്ള മീനച്ചിലാറ്റിലും വെള്ളമുയരും. അങ്ങനെ വരുമ്പോൾ വടക്കു മീനച്ചിലാറ്റിലും തെക്കു പമ്പാനദിയിലും വെള്ളം നിറഞ്ഞിട്ട് കോട്ടയത്തിന്റെയും ആലപ്പുഴയുടെയും പത്തനംതിട്ടയുടെയും സർവ്വനാശമായിരിക്കും ഫലം. പുതിയ നദികൾ രൂപപ്പെടാനും ലക്ഷക്കണക്കിന് മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും നാശത്തിനും അതു കാരണമാകും. ഇടുക്കി റിസർവേയാറിലേക്ക് വെള്ളമെല്ലാം ഒഴുകിയെത്തുമെന്നു പ്രതീക്ഷിച്ചുകൊണ്ടുള്ള ഇപ്പോഴത്തെ ദുരന്തനിവാരണ ശ്രമങ്ങൾ പാളിപ്പോകും. □

# ഏഴാച്ചേരിക്ക് വയലാർ അവാർഡ്

തിരുവനന്തപുരം: 44-ാമത് വയലാർ അവാർഡ് പ്രശസ്ത കവി ഏഴാച്ചേരി രാമചന്ദ്രന്. അദ്ദേഹത്തിന്റെ 'ഒരു വെർജീനിയൻ വെയിൽക്കാലം' എന്ന കവിതാസമാഹാരമാണ് അവാർഡിന് അർഹമായത്. വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ പെരുമ്പടവം ശ്രീധരനാണ് അവാർഡ് പ്രഖ്യാപിച്ചത്. വിജയിയെ തിരഞ്ഞെടുക്കുന്നതിൽ ജൂറിയുടെ അഭിപ്രായം ഏകകണ്ഠമായിരുന്നുവെന്നും ചെയർമാൻ അറിയിച്ചു.




പാലാ ഏഴാച്ചേരി ഗ്രാമത്തിൽ 1944 ൽ ജനിച്ച രാമചന്ദ്രൻ ഇടനാട് എസ് വി എൻ എസ് എസ് ഹൈസ്കൂളിലും പാലാ സെന്റ് തോമസ് കോളജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പത്രപ്രവർത്തനരംഗത്ത് സജീവമായ ഏഴാച്ചേരി ദേശാഭിമാനി ദിനപത്രത്തിന്റെ അസിസ്റ്റന്റ് എഡിറ്ററും വാരാന്തപ്പതിപ്പിന്റെ മുഖ്യചുമതലക്കാരനുമായിരുന്നു. പുരോഗമന കലാസാഹിത്യസംഘം സംസ്ഥാനവൈസ് പ്രസിഡന്റ്, സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിഡന്റ് എന്നീ ചുമതലകൾ വഹിക്കുന്നു.

കേന്ദ്രസാഹിത്യ അക്കാദമി നിർവ്വാഹകസമിതിയംഗം, ചലച്ചിത്ര അക്കാദമി അംഗം എന്നീ രംഗങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നാടകഗാനരചനയ്ക്ക് സംസ്ഥാന സർക്കാരിന്റെ അവാർഡ് മൂന്നു തവണ ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ഉള്ളൂർ അവാർഡ്, ആശാൻ സ്മാരക പുരസ്കാരം, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ആർദ്രസമുദ്രം, ബന്ധുരാംഗീപുരം, കേദാരഗൗരി, കാവടിച്ചിന്ത്, നീലി, കയ്യൂർ, ഗന്ധമാദനം എന്നിലൂടെ, ജാതകം കത്തിച്ച സൂര്യൻ, ഒരു വെർജീനിയൻ വെയിൽക്കാലം, ഉയരും ഞാൻ നാടാകെ എന്നിവയാണ് പ്രധാന കൃതികൾ.

പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ രൂപകല്പനചെയ്ത വെങ്കലശില്പവും ഒരു ലക്ഷം രൂപയും അടങ്ങുന്നതാണ് പുരസ്കാരം. വയലാർ രാമവർമ്മയുടെ ചരമവാർഷികമായ ഒക്ടോബർ 27 ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രാമചന്ദ്രന് അവാർഡ് സമ്മാനിക്കും. □


Deepanalam weekly
RNI No : 16998/68
Vol. 53 No. 25 Date of Publication 22 October 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പാലാ കിഴതടിയൂർ പള്ളിയിൽ

വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

2020 ഒക്ടോബർ 19 തിങ്കൾ മുതൽ 28 ബുധൻ വരെ



തിരുനാൾ ദിവസങ്ങളിൽ എല്ലാ ദിവസവും 5.30 am, 7 am, 10 am, 5 pm എന്നീ സമയങ്ങളിൽ വി. കുർബാന, നൊവേന
പ്രധാന തിരുനാൾ ദിനമായ 28–ാം തീയതി 5.30 am, 7 am, 10 am, 12 noon, 2.30 pm, 5.00 pm എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും.

പ്രത്യേക ശ്രദ്ധയ്ക്ക്

- തിരുനാൾ പ്രസുദേന്തിമാരാകുവാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസിൽ പണമടയ്ക്കാൻ സൗകര്യമുണ്ടായിരിക്കും.
- കോവിഡ് മാനദണ്ഡമനുസരിച്ച് വിശ്വാസികൾക്ക് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ അവസരമുണ്ടായിരിക്കും.
- തിരുക്കർമ്മങ്ങളുടെ Live Stream Kizhathadiyoor Palli എന്ന You Tube ചാനലിൽ ഉണ്ടായിരിക്കുന്നതാണ്.

നേർച്ചകൾ, സംഭാവനകൾ, അപേക്ഷകൾ, അനുഗ്രഹഅറിയിപ്പുകൾ എന്നിവ നല്കേണ്ട വിലാസം :
Rev. Fr. Vicar, St. Joseph's Church & St. Jude Pilgrim Centre,
Pala P.O. - 686 575, Kizhathadiyoor, Tel: 04822-215087
Email: stjudekizhathadiyoor@gmail.com

/kizhathadiyoorpalli /kizhathadiyoorpalli /kizhathadiyoorpalli website:wwwkizhathadiyoorchurch.com

# SAINT JUDE ELECTRICALS & SANIWARES

Santhom Shopping Complex, Kottaramattom-PALA
Ph: 04822-200377, 200277 (shop), Mob: 9447302262 8078390426

legrand Finolex AO Smith ASTRAL ZEW sunlit CRI V-GUARD

അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രിക്കൽ സാനിട്ടറി ഉൽപന്നങ്ങൾ
കമ്പനി പ്രോജക്ട് വിലയ്ക്ക് പർച്ചേയ്സ് ചെയ്യാവുന്ന പാലായിലെ പ്രമുഖ സ്ഥാപനം

തിരുനാൾ ആശംസകൾ!
Mother Superior & Community
Little Apostles of Redemption (രക്ഷയുടെ ചെറിയ പ്രേഷിതർ)
L.A.R. Convent, Kizhathadiyoor, PALA Ph: 04822-215137



വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാളിന് ഞങ്ങളുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ

ഡോ. കെ.വി.ജോസഫ് DAM
Mrs.ത്രേസ്യാമ്മ ജോസഫ്
റിച്ചു ബോബൻ ജോസഫ്
കുമരപ്പിള്ളിൽ
ചെത്തിമറ്റം – പാലാ

തിരുനാൾ ആശംസകൾ!
S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...
നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം
Please Contact: Dr. K.V. Joseph DAM
Mob: 9447421216, 04822-214167



HOT WHEELS



BICYCLES, E-BIKES, TYRES, SPARES, ACCESSORIES
Kattakayam Building, Kattakayam Road, Palai
+(91) 7025603991
hwpalai@gmail.com


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com